# ഇ. ഐ. ചെറിയാൻ

## (ഇടയിൽ വാദ്ധ്യാർ)

# ജീവചരിത്രം

Published by :

ഇ. ഐ. ചെറിയാൻ സ്മാരക സമിതി

ഓമല്ലൂർ

# കൃതജ്ഞത

മഹാനായ ഇടയിൽ വാദ്ധ്യാരുടെ കർമ്മമണ്ഡലങ്ങളിലേക്ക് വെളിച്ചം വീശുന്ന ഈ രചനയ്ക്ക് ആവശ്യമായ ചരിത്രവിവരണങ്ങൾ തന്ന് സഹായിച്ച ഡോ. സാമുവേൽ ചന്ദനപ്പള്ളി, ശ്രീ. ഇ. ഐ. ചെറിയാൻ എം.കോം., ശ്രീ. ഇ. ജെ. വർഗ്ഗീസ്, അഡ്വ. ഓമല്ലൂർ ശങ്കരൻ, ശ്രീ. പീറ്റർ സി. ഏബ്രഹാം, ശ്രീ. എൽ. ഡി. തമ്പി, ശ്രീ. സുബിൻ കിഴക്കേതിൽ, തെക്കേമൂത്തേരിൽ കുടുംബാംഗങ്ങൾ, ഫാ. വി. സി. ശാമുവേൽ, പ്രൊഫ. തോമസ് വിളവിനാൽ, ഫാ. ഡോ. എം. ഒ. ജോൺ (മലങ്കര സഭാ ദീപം) എന്നിവരോടുള്ള കടപ്പാട് നിസ്സീമമാണ്.

തക്കസമയത്ത് ആവശ്യമായ ഉപദേശങ്ങളും പ്രോത്സാഹനവും തന്ന് ഡി. റ്റി. പി. വർക്ക് പൂർത്തീകരിച്ച അടൂർ മണക്കാല എം. എസ്. ഗ്രാഫിക്സിലെ ശ്രീ. സന്തോഷിനോടും കുടുംബത്തിനോടുമുള്ള നന്ദി അറിയിച്ചുകൊള്ളുന്നു. ഈ പുസ്തകത്തിന്റെ പ്രിന്റിംഗ് ചെയ്ത് തന്ന തുഷാര ഓഫ്സെറ്റിനും നന്ദി അറിയിക്കുന്നു.

28-9-2022, സ്നേഹപൂർവ്വം,

ഓമല്ലൂർ. **ഡോ. സാഗർ ചെറിയാൻ**

# അധ്യായങ്ങൾ

1) ഇ. ഐ. ചെറിയാൻ എം. എൽ. സി.
(ഇടയിൽ വാദ്ധ്യാർ 1874–1952)
ജീവിതചരിത്രസാരാംശലക്ഷ്യം
2) അവതാരിക : By : ഫാ. സാജൻ താഴേതിൽ
3) മുൻ സന്ദേശങ്ങൾ
(ഇടയിൽ വാദ്ധ്യാർ ചരമവാർഷിക കനകജൂബിലി സ്മരണികയിൽ നിന്നും) – By : H. H. ഫിലിപ്പോസ് മാർ യൗസേബിയോസ്,കെ.ജെ.ജോസഫ്, IPS (DGP)
4) മുഖവുര
By : ഇ. ഐ. ചെറിയാൻ
5) ജീവചരിത്രം – ലഘുസംഗ്രഹം
6) നാടിനു വിളക്കായി മാറിയ വ്യക്തിത്വം
7) മഹാനായ ചെറിയാൻ സാറിന് ജന്മം നൽകിയ ഓമല്ലൂർ എന്ന ഗ്രാമം.
8) വിദ്യാഭ്യാസം
9) ചെറിയാൻ സാർ ജനിച്ചുവളർന്ന നാടിന്റെ അവസ്ഥ.
10) ആത്മശക്തിയിൽ നിന്നും പുണ്യാത്മാവായി വിടർന്ന ഭാരതത്തിന്റെ സ്വപുത്രൻ
11) ഇടയിൽ വാധ്യാർ എന്ന വിളിപ്പേരിന് കാരണം
12) വി. സി. എന്നുള്ള നാമധേയത്തിന്റെ പൊരുൾ.
13) പ്രതിബിംബം (സംസ്കൃത ശ്ലോകം)
14) ആ പുണ്യ ജീവിതത്തിന്റെ സ്രോതസ്
15) കർമ്മ മണ്ഡലങ്ങൾ
* വിദ്യാഭ്യാസമേഖല

* സാമൂഹിക സാംസ്ക്കാരികരംഗം
* മികച്ച സാമൂഹിക പ്രവർത്തകൻ
* റോഡ് നിർമ്മാണം
* ആദ്ധ്യാത്മിക രംഗത്തെ സംഭാവനകൾ
* മഞ്ഞനിക്കര വി.സ്തേഫാനോസ് പള്ളിയുമായുള്ള ബന്ധം
* പാത്രിയാർക്കിസിന്റെ മലങ്കര സന്ദർശനവും മഞ്ഞനിക്കരയിൽ ദിവംഗതനായതും
* പാത്രിയാർക്കാ പ്രതിനിധി ഏലിയാസ് മാർ
* യൂലിയോസും ചെറിയാൻസാറും,
* മതസൗഹാർദ്ദത്തിനൊരു ദൃഷ്ടാന്തം (കുരിശടി നിർമ്മാണം)
* വൈ. എം. സി. എ.
* ഓമല്ലൂർ ഗ്രാമോദ്ധാരണ സഹകരണ സംഘം പ്രസിഡന്റ്
* ശ്രീമൂലം പ്രജാസഭയിൽ എം. എൽ. സി.
* ഉദാരമതിയായ പ്രകൃതി സ്നേഹിയും ആതുരശുശ്രൂഷാ തൽപ്പരനും
* ബാങ്കിംഗ് മേഖല
* ഓമല്ലൂർ പോസ്റ്റാഫീസ് സ്ഥാപനം (അഞ്ചലാഫീസ്)
* റോഡ് നിർമ്മാണം
* കുടുംബ ജീവിതവും പ്രാർത്ഥനാ ജീവിതവും

16) Few words from Truth triumphs.
By: Fr. Dr. V.C. Samuel

17) ജീവിതാന്ത്യം

18) ഉപസംഹാരം

19) നന്ദിപൂർവ്വം

20) Reference

# ഇ. ഐ. ചെറിയാൻ M.L.C.

## (ഇടയിൽ വാദ്ധ്യാർ 1874-1952)

## ജീവിതചരിത്രസാരാംശലക്ഷ്യം

ദേശകാലസീമകളെ അതിലംഘിച്ച് മഹാത്മാക്കളുടെ വിശ്വമാനവപദവിയിലേക്കുയരുന്ന അപൂർവ്വവ്യക്തികൾ ചരിത്രത്തിന്റെ പ്രത്യേക ദശാസന്ധിയിൽ വന്നു പിറക്കാറുണ്ട്. മിഥ്യാധാരണകളുടെയും വികലവീക്ഷണങ്ങളുടെയും വിദ്ധ്വംസക ശക്തികളുടെ കാൽക്കീഴിലമർന്നുപോയ ജനതയ്ക്ക് സത്യാന്വേഷണത്തിന്റെ രാജപാത ചൂണ്ടിക്കാട്ടിക്കൊടുക്കുകയായിരിക്കും അവർ ചെയ്യുന്നത്. ചരിത്രത്തിന്റെ തത്വശാസ്ത്രത്തെ നിർദ്ധാരണം ചെയ്യാനറിയാത്തവർക്ക് അവർ 'വടിയും കോലു'മായി രൂപാന്തരപ്പെടുന്നു.

ജീവിത ചക്രത്തിനിടയിൽപെട്ടുഴറുന്ന നിസ്സഹായരായ മനുഷ്യർ. നന്മയും തിന്മയും, പാപവും പുണ്യവും, ദാരിദ്ര്യവും സമ്പത്തും, സന്തോഷവും ദു:ഖവും, ജീവിതവും രോഗവും, മരണവും തമ്മിൽ തിരിച്ചറിഞ്ഞുകൂടാനറിയാത്തവർ. അവരുടെ ഇടയിലേക്ക് പാർശ്വം ചേരാതെ ഓരം ചാരാതെ, ലാഭനഷ്ടം നോക്കാതെ നിശ്ശബ്ദനായി, മനുഷ്യജീവിതത്തിന്റെ സുകൃതമായ ഒരു പുണ്യജന്മം ഇറങ്ങിച്ചെന്നു. ആ മഹദ്വ്യക്തിയായിരുന്നു ശ്രീ. ഇടയിൽ ചെറിയാൻ സാർ അഥവാ ഇടയിൽ വാദ്ധ്യാർ. അമാനുഷികമെന്ന് തോന്നിപ്പോകുന്ന ആ കർമ്മ മണ്ഡലങ്ങളിൽ നിന്ന് ചില താളുകൾ മാത്രം നമുക്ക് മറിച്ചുനോക്കാം. അങ്ങനെ അർത്ഥപൂർണ്ണമായ ഒരു ജീവിതം നയിക്കുവാൻ നമുക്കും പരിശ്രമിക്കാം.

# അവതാരിക

ഓമല്ലൂർ ഇടയിൽ ഇ. ഐ. ചെറിയാൻ എം. എൽ. സി. (ഇടയിൽ വാദ്ധ്യാർ 1879-1952)യുടെ പാവനസ്മരണക്ക് ആദരാഞ്ജലികൾ അർപ്പിക്കുന്നു. ആ പ്രതിഭാസമ്പന്നന്റെ ഓർമ്മയെ ആചരിക്കുമ്പോൾ അദ്ദേഹത്തിന്റെ ജീവിതവും പ്രവർത്തനങ്ങളും വരും തലമുറയ്ക്ക് പ്രചോദനവും മാതൃകയും അനുകരണയോഗ്യവുമായിതീരുന്നതിന് ഈ ചെറുഗ്രന്ഥം ഉപകരിക്കും. ഒരു ദേശത്തിന്റെ മുഴുവൻ സാമൂഹികവും സാംസ്ക്കാരികവും, സാമുദായികവും വിദ്യാഭ്യാസപരവുമായ മേഖലകളിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ചു. പ്രതിഭാധനനായിരുന്ന ഇടയിൽ വാദ്ധ്യാർ നാട്ടുമ്പുറങ്ങളിൽ വിദ്യാദാന വിശാരദന്മാർ നന്നേകുറവായിരുന്ന ആ കാലഘട്ടത്തിൽ ഓമല്ലൂർ ഗ്രാമത്തിലെ പ്രശസ്തനായ ഗുരുഭൂതനായിരുന്ന ചെറിയാൻ സാർ വിദ്യകൊണ്ട് വിജ്ഞരാകാൻ ആഗ്രഹിച്ച അനേകരെ പ്രോത്സാഹിപ്പിക്കുകയും ഗവൺമെന്റുമായി സഹകരിച്ച് പതിനഞ്ചിൽ പരം സ്ക്കൂളുകൾ പലസ്ഥലങ്ങളിൽ സ്ഥാപിച്ച് ഒരു വിജ്ഞാന വിപ്ലവത്തിന് തുടക്കം കുറിച്ചു. ബഹുഭാഷാപണ്ഡിതനായ വാദ്ധ്യാർക്ക് നല്ല ഗ്രന്ഥശേഖരണവുമുണ്ടായിരുന്നു.

വിദ്യാഭ്യാസ മേഖലയിൽ മാത്രമല്ല സാമൂഹിക സാംസ്ക്കാരിക മേഖലയിലും വളരെയധികം സംഭാവനകൾ നൽകിയ പൊതുകാര്യ പ്രസക്തനായിരുന്ന ഇടയിൽ വാദ്ധ്യാർ ശ്രീമൂലം പ്രജാസഭയിൽ നോമിനേറ്റഡ് അംഗവുമായിരുന്നു.

കേവലം ഒരു കുന്നിൻ പ്രദേശം മാത്രമായിരുന്ന മഞ്ഞനിക്കര ആഗോള പ്രശസ്തമായ ഒരു തീർത്ഥാടന

കേന്ദ്രമായി തീരാൻ പ്രവർത്തിച്ചവരിൽ പ്രമുഖനായിരുന്നു ചെറിയാൻ സാർ. മഞ്ഞിനിക്കരദയറായുടെ സ്ഥാപനത്തിലും സുഗമമായ നടത്തിപ്പിനും സുധീരമായ നേതൃത്വം നൽകിയ അൽമായ പ്രമുഖരിൽ ഒരാളായിരുന്ന അദ്ദേഹം അദ്ധ്യാത്മിക മേഖലയിലും തന്റെ വ്യക്തിമുദ്രപതിപ്പിച്ചു.

പല മേഖലകളിൽ പ്രവർത്തിച്ച സമയത്തും തന്റെ കുടുംബത്തേയും തന്റെ ഒമ്പതുമക്കളേയും നല്ലരീതിയിൽ വേണ്ട വിദ്യാഭ്യാസം നൽകി സമൂഹത്തിന്റെ ഉന്നത മേഖലകളിൽ എത്തിച്ചു. ഒരു നല്ല ഗൃഹസ്ഥനായിരുന്നു അദ്ദേഹം.

ദൈവശാസ്ത്രപഠിതാക്കൾക്ക് പഠിക്കുന്നതിനാവശ്യമായ അനേക ഗ്രന്ഥങ്ങളുടെ ഗ്രന്ഥകർത്താവായ ലോക പ്രശസ്ത ദൈവശാസ്ത്ര പണ്ഡിതനായ വി. സി. ശമുവേൽ അച്ചൻ, ചെറിയാൻ സാറിന്റെ അഞ്ചാമത്തെ മകനാണ് എന്നത് തന്റെ കുടുംബത്തെ ആദ്ധ്യാത്മിക നിറവിൽ പരിപാലിച്ചതിന്റെ മകുടോദാഹരണമാണ്.

ഒരു ഭിഷഗ്വരൻ കൂടിയായ ആ വന്ദ്യപിതാവിന്റെ സ്മരണ എല്ലാവർക്കും മാർഗ്ഗദീപമായി പരിലസിക്കട്ടെ. ആ ശ്രേഷ്ഠ ഗുരുവിന്റെ ഓർമ്മ അനശ്വരമായി നിലനിൽക്കട്ടെ. എന്റ കുടുംബാംഗം കൂടിയായ മഹാനായ ഉത്തമ ഗുരുശ്രേഷ്ഠന്റെ പാദാരവിന്ദങ്ങളിൽ സാഷ്ടാംഗപ്രണാമങ്ങൾ അർപ്പിക്കുന്നു. കൂടാതെ ഇ. ഐ. ചെറിയാൻ സ്മാരക സമിതിയുടെ ഈ പ്രസിദ്ധീകരണത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

ഓമല്ലൂർ, **ഫാ. സാജൻ താഴേതിൽ**

4-12-2021. യാക്കോബായ വൈദീക ഭദ്രാസന സെക്രട്ടറി

# മുൻ സന്ദേശം

പരിചിതരുടെ ഇടയിൽ സ്നേഹപൂർവ്വം 'ഇടയിൽ വാദ്ധ്യാർ' എന്നറിയപ്പെട്ടിരുന്ന ഓമല്ലൂർ ഇടയിൽ ശ്രീ. ഇ. ഐ. ചെറിയാൻ സാർ ഈ ലോകജീവിതം അവസാനിപ്പിച്ചിട്ട് അമ്പതു വർഷം തികയുന്നു. അദ്ദേഹം മൺമറഞ്ഞു പോയിട്ടും അദ്ദേഹത്തെപ്പറ്റിയുള്ള സ്നേഹസ്മരണ പച്ചയായി നില്ക്കുന്നു. ശ്രേഷ്ഠനായ പിതാവിന്റെ അതിശ്രേഷ്ഠനായ പുത്രൻ ദിവംഗതനായ റവ. ഡോ. ഫാദർ വി. സി. സാമുവലിലൂടെയും ചെറിയാൻ സാർ ആദരിക്കപ്പെടുന്നു. ചെറിയാൻ സാറിന്റെ നിരവധി ശിഷ്യന്മാർ വിവിധ മണ്ഡലങ്ങളിൽ പ്രശോഭിക്കുന്നു. അദ്ദേഹം തുടക്കം കുറിച്ച വിദ്യാഭ്യാസസംരംഭങ്ങൾ കാലത്തിന്റെ പോക്കിൽ അതീവ ശക്തിപ്പെട്ടു. ചെറിയാൻ സാറിന്റെ ചരമ കനക ജൂബിലി ആഘോഷിക്കുന്ന ഈ ചരിത്രമുഹൂർത്തത്തിൽ കുടുംബാംഗങ്ങൾ നന്ദിപൂർവ്വം ഒരു സ്മരണിക തയ്യാറാക്കുന്നതു വരും തലമുറയ്ക്ക് സാറിനെ ആദരപൂർവ്വം സ്മരിക്കുന്നതിനും അതിൽ നിന്നും സൽപ്രേരണ ഉൾക്കൊള്ളുന്നതിനും സഹായിക്കും. ഈ നല്ല ഉദ്യമത്തിനു നേതൃത്വം കൊടുത്ത എല്ലാ കുടുംബസ്നേഹിതരെയും ഞാൻ അഭിനന്ദിക്കുന്നു. ശ്രേഷ്ഠ വ്യക്തികളുടെ സ്മരണ ഔന്നത്യത്തിലേയ്ക്ക് ഉയരുവാൻ എന്ന് ഉൾക്കാഴ്ച നല്കുന്നതാണ്. നവവത്സരത്തിന്റെ നന്മകൾ നേർന്നുകൊണ്ട് പ്രാർത്ഥനാപൂർവ്വം

കർത്തൃ ശുശ്രൂഷയിൽ,
**ഫിലിപ്പോസ് മാർ യൗസേബിയോസ്**
തുമ്പമൺ ഭദ്രാസന മെത്രാപ്പോലീത്ത

# മുൻ സന്ദേശം

എട്ടു പതിറ്റാണ്ടുകാലത്തെ കർമ്മനിരതമായ ജീവിതത്തിന് 14-01-1952-ൽ വിരാമമിട്ട ഇടയിൽ വാദ്ധ്യാർ എന്നു പ്രശസ്തനായ ശ്രീ. ഇ. ഐ. ചെറിയാൻ അവർകളുടെ 50-ാം ചരമവാർഷികത്തോടനുബന്ധിച്ച് ഒരു സ്മരണിക പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ വളരെ സന്തോഷമുണ്ട്. കഴിഞ്ഞ നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ നാടിന്റെ വിവിധ ഭാഗങ്ങളിൽ പതിനഞ്ചിൽ പരം വിദ്യാലയങ്ങൾ സ്ഥാപിച്ച ശ്രീ. ചെറിയാൻ തിരുവിതാംകൂർ ശ്രീമൂലം പ്രജാസഭയിൽ അംഗമായിരുന്നല്ലോ. അദ്ദേഹത്തിന്റെ സേവനസ്മരണകൾ ഉണർത്തുന്ന ഈ പ്രസിദ്ധീകരണം കുടുംബാംഗങ്ങൾക്ക് മാതൃകയും സമൂഹത്തിനു പ്രചോദനവുമായിത്തീരും എന്നതിൽ സംശയമില്ല. ഇടയിൽ കുടുംബവുമായുള്ള ബന്ധത്തിൽ എനിക്ക് അഭിമാനമുണ്ട്. സ്മര്യപുരുഷന്റെ കാലടികൾ പിന്തുടർന്ന് ഉൾക്കൃഷ്ടമായ കർമ്മ പാന്ഥാവിൽ സഞ്ചരിക്കുവാൻ എല്ലാവരും ശ്രമിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

**കെ. ജെ. ജോസഫ് ഐ. പി. എസ്.**
ഡയറക്ടർ ജനറൽ ഓഫ് പോലീസ്

# മുഖവുര

"യഹോവാ ഭക്തി, ജ്ഞാനത്തിന്റ ആരംഭം" എന്ന് വിശുദ്ധ വേദം നമ്മെ പഠിപ്പിക്കുന്നുവല്ലോ. 50-ാം സംവത്സരത്തിന്റെ അനുഷ്ഠാനത്തെപ്പറ്റി വേദം നമ്മെ എന്തു പഠിപ്പിക്കുന്നുവെന്ന് ചിന്തിക്കുന്നത് ഉചിതം ആയിരിക്കും. വിശുദ്ധ ബൈബിളിലെ ലേവ്യ പുസ്തകം 25-ാം അദ്ധ്യായത്തിൽ യഹോവയുടെ അരുളപ്പാട് വിശദീകരിച്ചിട്ടുണ്ട്. യഹോവയായ ദൈവം മോശ മുഖാന്തിരം യിസ്രായേൽ മക്കളോട് അരുളി ച്ചെയ്തതിൻ പ്രകാരം മനുഷ്യമക്കളുടെ വീണ്ടെടുപ്പിന് 50-ാം സംവത്സരം പരിശുദ്ധമായി ആചരിക്കണമെന്നും, വീണ്ടെടുപ്പു പ്രാപിച്ച് സ്വാതന്ത്ര്യം പ്രാപിക്കണമെന്നും ആകുന്നുവല്ലോ.

ലേവ്യ 25:10, "അമ്പതാം സംവത്സരം ശുദ്ധീകരിച്ച് ദേശത്തെല്ലാടവും സകലനിവാസികൾക്കും സ്വാതന്ത്ര്യം പ്രസിദ്ധമാക്കണം". ഈ അരുളപ്പാടിന്റെ പശ്ചാത്തലത്തിൽ ദൈവം തിരഞ്ഞെടുത്ത് ജ്ഞാനം നല്കി അനുഗ്രഹിച്ച നമ്മുടെ കുടുംബപിതാവിനെയാണ് ഈ ലഘുഗ്രന്ഥം വഴിയായി 50-ാം ചരമവാർഷികത്തിൽ സാക്ഷ്യപ്പെടുത്തുവാൻ ശ്രമിക്കുന്നത്.

19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഭൂജാതനായി 20-ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ കൃത്യമായി പറഞ്ഞാൽ 14-10-1952 -ൽ ദിവംഗതനായ മഹാഗുരുവും എന്റെ പിതാഹനുമായ ഇടയിൽ ഇ. ഐ.ചെറിയാൻ (ഇടയിൽ വാദ്ധ്യാർ) അവർകളെ ഈ കനകജൂബിലി സ്മരണികയിലൂടെ അവതരിപ്പിക്കുന്നത് ഈ എളിയ കൊച്ചുമകന്റെ ജീവിതത്തിലെ മഹാഭാഗ്യമായി കരുതുകയാണ്.

എനിക്ക് പത്തുവയസ്സായതിനുശേഷം പിതൃഭവനത്തിൽ മിക്കവാറും സമയങ്ങളിൽ പൊയ്ക്കൊണ്ടിരുന്നു. അക്കാലങ്ങളിൽ എനിക്കു ലഭിച്ച സ്നേഹ പരിലാളനകളാണ് ഈ 50-ാം ചരമവാർഷിക സ്മരണിക പ്രസിദ്ധീകരിക്കുവാൻ പ്രേരണയായ ഘടകങ്ങളിൽ ഒന്ന്. ആയതിന് എല്ലാരീതിയിലും ലഭിച്ച പ്രോത്സാഹനങ്ങൾക്കും സഹകരണങ്ങൾക്കും ഞാൻ വളരെ കൃതജ്ഞനാണ് എന്നു സവിനയം പറഞ്ഞുകൊള്ളട്ടെ.

മൂത്തമകന്റെ മൂത്തമകൻ എന്ന നിലയിൽ എന്നെ വാത്സല്യപൂർവ്വം, കോഴഞ്ചേരിയിലെ എന്റെ വന്ദ്യ മാതാമഹി, നല്കിയ പേര് പൊന്നച്ചൻ എന്നു വിളിച്ചുവന്നു. ഇ. ഐ. ചെറിയാൻ എന്ന എന്റെ പിതാമഹൻ എന്നെ "വീട്ടിലെ കുഞ്ഞ്" എന്നു വിളിച്ചിരുന്നു. വീട്ടിലെ എന്നു പറയുവാൻ കാരണം, എന്റെ പിതാവിന്റെ ഭവനമായിരുന്നു പുരാതനമായ തറവാടായ ഇടയിൽ വീട്. ആൺമക്കളുടെ കൊച്ചുമക്കളിൽ ഞാൻ മാത്രമെ അന്ന് അത്രയുമെങ്കിലും പ്രായമെത്തിയിരുന്നുള്ളു. അതുകൊണ്ട് വലിയപ്പച്ചന്റെ കൂടെ കുറച്ചെങ്കിലും സഹായി ആയി പ്രവർത്തിപ്പാനും അവസരം കിട്ടിയിരുന്നു. ചില ചില്ലറ സാധനങ്ങൾ വാങ്ങുക, സഹായിയായി നടക്കുക, ചിലരെ വിളിക്കുക ഇങ്ങനെയുള്ള കാര്യങ്ങൾ ഞാൻ നിർവ്വഹിച്ചിരുന്നു. വലിയപ്പച്ചൻ എല്ലാ രീതിയിലും എന്നോട് വളരെ വാത്സല്യമായിരുന്നു. അക്കാലങ്ങളിൽ പ്രത്യേക അവസ്ഥയും താരതമ്യേന ഉയർന്ന നിലവാരത്തിലുള്ള ജീവിതശൈലിയായിരുന്നു അവിടെ നിലനിന്നിരുന്നത്. മതകാര്യങ്ങളിൽ ക്രൈസ്തവമൂല്യങ്ങളിൽ അതീവ തീക്ഷ്ണതയുള്ള ആ ഭവനത്തിൽ രാവിലെയും വൈകിട്ടും പ്രാർത്ഥനകൾ, നോമ്പ്, ഉപവാസം ഇതൊക്കെ കൃത്യമായി നടത്തിവന്നിരുന്നു.

ഭവനത്തിനു ചുറ്റും ഉദ്യാനം, ഔഷധസസ്യങ്ങളുടെ തോട്ടം, വിവിധയിനം ഫലവൃക്ഷങ്ങൾ എന്നിവ ആരെയും ആകർഷിച്ചിരുന്നു. എരുത്തിൽ നിറയെ കറവയുള്ളതും ഇല്ലാത്തതുമായ പത്തിൽ പരം പശുക്കൾ, കൃഷികൾക്കും മറ്റും ദിവസേന വിവിധ ജോലിക്കാർ, പുരോഹിതർ ഉൾപ്പെടെയുള്ള സന്ദർശകർ, അവർക്കെല്ലാം സൽക്കാരങ്ങൾ, എണ്ണ, കുഴമ്പ്, അരിഷ്ടം, ഔഷധക്കൂട്ടുകൾ തയ്യാറാക്കൽ, രുചികരമായ ഉപ്പിലിട്ട വകകൾ തയ്യാറാക്കൽ തുടങ്ങിയുള്ളവ ആ ഭവനത്തിലെ പ്രക്രിയകൾ ഇന്നും മധുരസ്മരണകൾ ഉണർത്തുന്നു. അക്കാലത്തെ പ്രൗഢിയും പ്രതാപവും വിളിച്ചോതുന്ന അഭ്യസ്തവിദ്യരായ ഒമ്പതുമക്കൾ ഉള്ള ഭവനത്തിൽ എന്തെല്ലാം, എന്തെല്ലാം. ആദ്യത്തെ മകൾ മറിയാമ്മയെ ശെമ്മാശനെ കൊണ്ടു വിവാഹം കഴിപ്പിച്ചതിന്റെ ആഘോഷങ്ങൾ ഏഴു ദിവസങ്ങളായിരുന്നു. മെഴുവേലിയിൽ തെക്കേമുത്തേരിൽ സ്കറിയാ ശെമ്മാശൻ ഒരു വെള്ളക്കുതിരപ്പുറത്ത് സവാരി ചെയ്തു വിവാഹം കഴിപ്പാൻ വന്നത് അക്കാലത്തെ വലിയ വാർത്തയും കാഴ്ചയുമായിരുന്നു. ഇന്ന് മഞ്ഞനിക്കര ദയറാപള്ളിയുടെ അധീനതയിലുള്ള ഓമല്ലൂരിലെ കുരിശടി മറ്റു മതസ്ഥരുടെയും തല്പരകക്ഷികളുടെയും എതിർപ്പുകളെ അവഗണിച്ചാണ് ശ്രീ. ചെറിയാൻ വസ്തുവാങ്ങി പണികഴിപ്പിച്ചത്. പല ദിവസങ്ങൾ ശ്രീ. ചെറിയാന്റെ മക്കൾ രാത്രിയിൽ കാവൽ കിടന്ന് പണിയിച്ചതാണെന്ന് ഇന്ന് ഓർക്കുന്നു.

വീട്ടുകാര്യങ്ങൾ ക്രമമായി ചിട്ടപ്പെടുത്തുന്നതിൽ വലിയമ്മച്ചിയുടെ പങ്ക് വളരെ വിലപ്പെട്ടതായിരുന്നു. പ്രത്യേക സന്ദർഭങ്ങളിലും മറ്റും സാധനസാമഗ്രികൾ വീട്ടിലുള്ളതു ക്രമപ്പെടുത്തിക്കൊടുക്കുന്നത് വീട്ടുകാരും വേണ്ടപ്പെട്ടവരു

മത്രെ. ആർക്കും പ്രതിഫലം പണമായി കൊടുക്കേണ്ട ആവശ്യമില്ലാത്ത കാലം. ഇതെല്ലാം അക്ഷരാർത്ഥത്തിൽ വിദൂര നിയന്ത്രണത്തിൽ ചെയ്യിക്കുന്നത് വലിയ സാമർത്ഥ്യവും കാര്യക്ഷമതയുമുള്ള ധർമ്മിഷ്ഠയായ സഹധർമ്മിണി - ഞങ്ങളുടെ വല്യയമ്മച്ചി. ഇന്നത്തെ കാലത്തെ അവസ്ഥയുമായി താരതമ്യപ്പെടുത്തുമ്പോൾ എന്തൊരു വ്യത്യസ്തമായിരുന്നു ആ കാലം. അതേ, ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ ലെജിസ്ലേറ്റീവ് കൗൺസിൽ എം. എൽ. സി. ആയിരുന്ന, വിവിധ വിദ്യാലയങ്ങളുടെ മാനേജരായിരുന്ന ഇടയിൽ വാദ്ധ്യാരുടെ ഭവനം അതിന്റേതായ പ്രതാപവും പ്രൗഢിയും നിലനിർത്തിയിരുന്നു.

സ്മരണിക തയ്യാറാക്കുന്നതിൽ നിർദ്ദേശങ്ങൾ നല്കിയ ശ്രീ. വി. സി. ജോഷ്വായോടും, രചനയിൽ സഹായിച്ച ശ്രീ. വറുഗീസ് പി. തോമസിനോടും കമ്മിറ്റിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു. അനുഗ്രഹസന്ദേശം തന്ന സംസ്ഥാന ഡി. ജി. പി. ശ്രീ. കെ. ജെ. ജോസഫ് ഐ. പി. എസ്. അവർകളോടും ഞങ്ങൾക്കുള്ള നിസ്സീമമായ കൃതജ്ഞതയും രേഖപ്പെടുത്തുന്നു. സ്മരണിക യഥാസമയം കരവിരുതോടെ തയ്യാറാക്കിത്തന്ന പത്തനംതിട്ട ഇൻഡെക്സ് ഉടമ ശ്രീ. ബിജു ഡാനിയേലിനോടും കമ്മിറ്റിക്കുള്ള സ്നേഹവും നന്ദിയും അതിരറ്റതാണ്. കൂടാതെ സ്മരണിക പ്രസിദ്ധീകരിക്കുന്നതിന് ലേഖനങ്ങൾ തന്നും മറ്റുസഹായങ്ങൾ നല്കുകയും ചെയ്ത എല്ലാ മാന്യ വ്യക്തികളോടും എഡിറ്റോറിയൽ കമ്മറ്റിക്കുള്ള കൃതജ്ഞതയും രേഖപ്പെടുത്തുകയാണ്.

14-01-2002-ൽ 50-ാം വാർഷികത്തിൽ മഹാഗുരുവും ആദരണീയനുമായിരുന്ന ആ വന്ദ്യപിതാവിന് തികഞ്ഞ കൃതജ്ഞ

തയോടെ നമുക്ക് ആദരാഞ്ജലികൾ അർപ്പിക്കാം. ബഹുസഹസ്രം പ്രണാമങ്ങൾ കൂപ്പുകൈയ്യോടെ അർപ്പിക്കുന്നു. ശ്രീ. ഇ. ഐ. ചെറിയാന്റെ ജീവിതം ഈ സ്മരണിക വഴി കുടുംബാംഗങ്ങൾക്കും എല്ലാവർക്കും പ്രഭപരത്തട്ടെ, മാർഗ്ഗദർശനം ആവട്ടെ. ഈ മഹാഗുരുവിന്റെ അനുഗ്രഹങ്ങൾ നമുക്കും ഉണ്ടാകട്ടെ. പരേതന്റെ ധന്യാത്മാവിന് നിത്യശാന്തി നേരുന്നു. ഒരിക്കൽ കൂടി ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് ഈ പ്രസ്താവന ഉപസംഹരിക്കുന്നു.

**ഇ. ഐ. ചെറിയാൻ**
(ചെയർമാൻ,
സ്മരണിക എഡിറ്റോറിയൽ കമ്മറ്റി)

# ജീവചരിത്രം - ലഘുസംഗ്രഹം

അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്ക് സമാധാനം. എ. ഡി. 52-ാം ആണ്ടിൽ പരിശുദ്ധ മർത്തോമ്മശ്ലീഹാ കർത്താവിന്റെ സുവിശേഷപ്രചാരണം ഭാരതത്തിൽ ആരംഭിച്ചു. മനുഷ്യരെ ദൈവപ്രസാദമുള്ളവരാക്കുവാനും അങ്ങനെ അവർക്ക് സമാധാനം കൈവരിക്കുവാനും അദ്ദേഹം പ്രവർത്തിച്ചു. ക്രൈസ്തവരായിത്തീർന്നവർ പലസ്ഥലങ്ങളിലും പിൽക്കാലത്ത് മാറി താമസിച്ചു. പ്രബലമായ ഒരു വിഭാഗം കോലഞ്ചേരി, പിറവം പ്രദേശത്തും കുറവിലങ്ങാട്ടും കൂത്താട്ടുകുളത്തും എത്തിച്ചേർന്നു. പത്തനംതിട്ട പ്രദേശങ്ങളിൽ പാർക്കുന്ന മാർത്തോമ്മാക്രിസ്ത്യാനികളിൽ ബഹുഭൂരിപക്ഷവും കുറവിലങ്ങാട്, നിരണം, ചെങ്ങന്നൂർ, കടമ്പനാട്, കുന്നംകുളം പ്രദേശങ്ങളിൽ നിന്നും ജീവിതസൗകര്യാർത്ഥം കടന്നുവന്നവരാണ്. ഇടയിൽ കുടുംബത്തിന്റെ പൂർവ്വീകർ കുറവിലങ്ങാട് പ്രദേശത്ത് നിന്നും ഏകദേശം 300-350 വർഷങ്ങൾക്ക് മുമ്പ് മാറിതാമസിച്ചവരാണ് എന്ന് കരുതപ്പെടുന്നു. ഇടയിൽ കുടുംബത്തിലെ ആദ്യത്തെ പിതാവ് ഇട്ടിപെരുമാൾ ആണ്. പിന്നീട് വർഗ്ഗീസ് എന്ന ജ്യേഷ്ഠസഹോദരൻ തറവാട്ടിൽ നിന്നും മാറി താമസിച്ചു. താഴേതിൽ എന്ന വീട്ടുപേർ സ്വീകരിച്ചു. അനുജൻ ചെറിയാൻ ഇടയിൽ തറവാട്ടിൽ തന്നെ താമസിച്ചു. ഇന്നത്തെ ഈ. ഐ. ചെറിയാന്റെ ഭവനം. ചീക്കനാൽ ഇടയിൽ വീട്ടിൽ ഇട്ടിച്ചെറിയായുടെയും നന്നുവക്കാട് ചക്കാലയിൽ മറിയാമ്മയുടെയും ഏഴാമത്തെ മകനായി 27-09-1874-ൽ ഭൂജാതനായി. ഇട്ടിച്ചെറിയായുടെ ഏഴുമക്കളിൽ ഏറ്റവും ഇളയവനായിരുന്നു

ഇടയിൽ വാദ്ധ്യാർ എന്ന സുപ്രസിദ്ധനായ ഇ. ഐ. ചെറിയാൻ എം. എൽ. സി.. ഓമല്ലൂർ പുത്തൻപീടിക കിഴക്കേതിൽ അന്നമ്മയായിരുന്നു ഭാര്യ. ശ്രീമതി അന്നമ്മയുടെ പിതാവ് ഓമല്ലൂർ പുത്തൻപീടിക കിഴക്കേതിൽ ജോസഫ് (മാമൻ) ആയിരുന്നു. അന്നമ്മയുടെ മാതാവ് തുമ്പമൺ പറമ്പിൽ കുടുംബാംഗമാണ്. ഇദ്ദേഹത്തിന് ഒമ്പതുമക്കൾ ജനിച്ചു.

ക്രിസ്തീയ ജീവിതപാതയിൽ വ്യക്തിമുദ്രപതിച്ച വ്യക്തിയും, ജീവിതനൈർമ്മല്യത്തിന്റെയും സ്വഭാവശുദ്ധിയുടെയും നിതാന്ത പ്രതീകവുമായിരുന്നു ശ്രീ. ചെറിയാൻ സാർ. തിരുവിതാംകൂറിലെ വിദ്യാഭ്യാസ മേഖലയിൽ, വർഗ്ഗവിദ്യാഭ്യാസം (Class Education) സാർവ്വത്രിക വിദ്യാഭ്യാസത്തിന് (Mass Education) വഴിമാറിക്കൊടുക്കുന്ന ഒരു പരിവർത്തനഘട്ടത്തിലാണ് ചെറിയാൻസാറിന്റെ ജനനം. വിദ്യാദാനവിശാരദന്മാർ നാട്ടുംപുറങ്ങളിൽ നന്നേ കുറവായിരുന്നു. ഓമല്ലൂർ ഗ്രാമത്തിലെ പ്രശസ്തനായ അദ്ധ്യാപകനായിരുന്നു ചെറിയാൻ സാർ. വിദ്യകൊണ്ട് വിജ്ഞരാകാനാഗ്രഹിച്ചവരെ അദ്ദേഹം പ്രോത്സാഹിപ്പിച്ചു. വിദ്യാഭ്യാസാധികൃതരുമായി ഉറ്റബന്ധം പുലർത്തിയിരുന്ന അദ്ദേഹം ഗവൺമെന്റുമായി സഹകരിച്ച് പൊതുജനസഹകരണത്തോടുകൂടി പതിനഞ്ചിൽപരം സ്കൂളുകൾ പലയിടങ്ങളിലായി സ്ഥാപിച്ച് 'ഒരു വിജ്ഞാനവിപ്ലവ'ത്തിനു മാർഗ്ഗദർശനം നൽകി. മലയാളം, സംസ്കൃതം, തമിഴ് എന്നീ ഭാഷകളിൽ വ്യുല്പത്തി ആർജ്ജിച്ചിരുന്ന ചെറിയാൻ സാറിന് നല്ലൊരു ഗ്രന്ഥശേഖരവുമുണ്ടായിരുന്നു.

വിദ്യാഭ്യാസ സൗകര്യങ്ങൾ ലഭ്യമല്ലാതിരുന്ന പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ സി. എം. എസ്. മിഷ

നറിമാർ സ്ഥാപിച്ച കുഴിക്കാലാസ്കൂളിൽ പഠനം നടത്തിയ ഇ. ഐ. ചെറിയാൻ സാർ മലയാളം, സംസ്കൃതം, തമിഴ് എന്നീ ഭാഷകളിലും കണക്കു ശാസ്ത്രത്തിലും ഇംഗ്ലീഷിലും നല്ല വ്യുൽപത്തി സമ്പാദിച്ചിരുന്നു. അതിനുശേഷം സ്വന്ത മായി സ്കൂൾ സ്ഥാപിച്ചുകൊണ്ട് അദ്ദേഹം അദ്ധ്യാപകനാ യി, സ്വയം തൊഴിൽ കണ്ടെത്തുന്നതിനും തുനിഞ്ഞു. വിദ്യാ ഭ്യാസ സൗകര്യങ്ങൾ ലഭ്യമല്ലാതിരുന്ന ഒരു നൂറ്റാണ്ടുമുമ്പ് മദ്ധ്യതിരുവിതാംകൂറിലെ അനേകം ഗ്രാമപ്രദേശങ്ങളിൽ പതി നഞ്ചിൽപരം സ്കൂളുകൾ പലയിടങ്ങളിലായി സ്ഥാപിച്ച് വിദ്യാ ഭ്യാസ മേഖലയ്ക്കും നാടിന്റെ പുരോഗതിക്കും വിപ്ലവാത്മക മായ മാറ്റത്തിനു നേതൃത്വം നൽകിയ മഹാത്മാവായിരുന്നു ചെറിയാൻസാർ. ഓമല്ലൂർ പഞ്ചായത്തിൽ ഇന്നു നിലവിലി രിക്കുന്ന ആറു സ്കൂളുകളിൽ ചീക്കനാൽ, പന്ന്യാലി, വാഴമുട്ടം, പുത്തൻപീടിക എന്നീ നാലും മഹാനായ ചെറിയാൻസാർ സ്ഥാപിച്ചവയാണ്. കൂടാതെ മൈലപ്ര, ചെന്നീർക്കര, വൈക്കം, കല്ലൂപ്പാറ തുടങ്ങിയ പ്രദേശങ്ങളിൽ അദ്ദേഹം സ്കൂളുകൾ സ്ഥാപിക്കുന്നതിന് നേതൃത്വം കൊടുത്തു. മല യാളത്തിന്റെ സരസകവി മൂലൂർ എസ്. പത്മനാഭപണിക്കർ സ്ഥാപിച്ച ഒമ്പതു സ്കൂളുകളുടെ കറസ്പോണ്ടന്റായും അദ്ദേഹം പ്രവർത്തിച്ചുവന്നിരുന്നു.

1874-ൽ ഭൂജാതനായ അദ്ദേഹത്തിന്റെ ജീവിതത്തിൽ പ്രാരംഭദശയിൽ നാട് താരതമ്യേന സാക്ഷരതയിൽ പിന്നോക്ക അവസ്ഥയിലായിരുന്നുവല്ലോ. നാട്ടിൽ വിദ്യാലയങ്ങൾ ഇല്ലാ തിരുന്ന കാലഘട്ടത്തിൽ നിലവിലുള്ള ആചാരങ്ങളെ മാത്രം ആശ്രയിച്ചാണ് ജനങ്ങൾ കഴിഞ്ഞുവന്നിരുന്നത്. ക്രൈസ്ത വദേവാലയങ്ങൾ വഴി പുരോഹിതരുടെ പ്രേഷിതപ്രവർത്ത

നങ്ങൾ ക്രൈസ്തവർക്ക് പ്രയോജനപ്പെട്ടിരുന്നു. നാട്ടാശാന്മാരുടെയും, ഗുരുകുലവിദ്യാഭ്യാസ കേന്ദ്രത്തിലെ ഗുരുക്കന്മാരുടെയും, പുരോഹിതന്മാരുടെയും മല്പാന്മാരുടെയും ഭവനങ്ങൾ മുഖാന്തിരമാണ് അഭ്യസനങ്ങൾ നടന്നുവന്നിരുന്നത്. കൃഷി, കച്ചവടം എന്നീ മേഖലകൾ തെരഞ്ഞെടുത്ത പലർക്കും സാക്ഷരത പ്രാപിക്കുക അസാദ്ധ്യമായിരുന്നു. ഈ കാലയളവിലാണ് വിജ്ഞാന വിപ്ലവത്തിനു തിരികൊളുത്തി ശ്രീ. ഇ. ഐ. ചെറിയാൻ രംഗപ്രവേശം ചെയ്യുന്നത്. വാഹനസൗകര്യം പോലുമില്ലാതിരുന്ന ഒരു കാലത്ത് നാട്ടിൽ പലയിടങ്ങളിൽ വിദ്യാലയങ്ങൾ സ്ഥാപിച്ച് നാടിനെ പ്രബുദ്ധമാക്കിയ ആ വന്ദ്യപിതാവിനെ എത്രസ്തുതിച്ചാലും മതിയാവുകയില്ല. പത്തനംതിട്ടയിൽ പോലും ചികിത്സാ സൗകര്യമില്ലാതിരുന്ന കാലത്ത് നാട്ടിൽ വിവിധ രോഗങ്ങളാൽ ജനങ്ങൾ മരണപ്പെട്ടുകൊണ്ടിരുന്ന കാലത്ത് മരുന്നുകൾ തിരുവനന്തപുരത്തുനിന്നും കൊണ്ടുവരുകയോ, സ്വന്തമായി തയ്യാറാക്കുകയോ ചെയ്തിട്ട് രോഗികൾക്ക് സൗജന്യമായി നല്കി വന്നിരുന്ന ഭിഷഗ്വരൻ കൂടിയായ ആ വന്ദ്യപിതാവിന്റെ സ്മരണ എല്ലാവർക്കും മാർഗ്ഗദീപമായി പരിലസിക്കട്ടെ. ആ ശ്രേഷ്ഠ ഗുരുവിന്റെ ഓർമ്മ അനശ്വരമയി നിലനിൽക്കട്ടെ. മഹാനായ ആ വന്ദ്യപിതാവിന്റെ പാദാരവിന്ദങ്ങളിൽ സാഷ്ടാംഗപ്രണാമങ്ങൾ അർപ്പിച്ചുകൊള്ളട്ടെ.

# നാടിനു വിളക്കായി മാറിയ വ്യക്തിത്വം

ഒരു ഉത്തമ ഗുരുനാഥനായി നാട്ടുകാർ പരിഗണിച്ചതു കൊണ്ടാണ് ഇടയിൽ കുടുംബത്തിൽ ഇട്ടിച്ചെറിയ മകൻ ചെറിയാൻ പിൽക്കാലത്ത് ഇടയിൽ വാദ്ധ്യാർ എന്നറിയപ്പെടാൻ തുടങ്ങിയത്. ചീക്കനാലിൽ ആദ്യമായി ഒരു പള്ളിക്കൂടം സ്ഥാപിച്ചത് ഇദ്ദേഹമാണ്. ആ പാഠശാലയിൽ അന്നു രണ്ടു ക്ലാസ് മാത്രമെ ഉണ്ടായിരുന്നുള്ളു. ആ സ്ഥാപനത്തിലെ പ്രഥമാധ്യാപകനും പ്രധാനാധ്യാപകനും ഇദ്ദേഹം തന്നെയായിരുന്നു. തുടർന്ന് പത്തനംതിട്ടയുടെ പരിസരപ്രദേശങ്ങളിൽ പതിനാലോളം സ്കൂളുകൾകൂടി ഇടയിൽ വാദ്ധ്യാർ സ്ഥാപിക്കുകയും അതിന്റെ മാനേജരായി ദീർഘകാലം നിസ്വാർത്ഥ സേവനം അനുഷ്ഠിക്കുകയും ചെയ്തു. നിരക്ഷരതാ നിർമ്മാർജ്ജനത്തിനായി അദ്ദേഹം നല്കിയ ധീരമായ നേതൃത്വത്തെ അക്കാലത്തെ ക്രൈസ്തവ സഭകളും തിരുവിതാംകൂർ മഹാരാജാവായിരുന്ന ശ്രീമൂലംതിരുനാൾ രാമവർമ്മതമ്പുരാനും മുക്തകണ്ഠം പ്രശംസിച്ചിട്ടുണ്ട്. ഇദ്ദേഹം സ്കൂൾ സ്ഥാപിച്ചതുകൊണ്ടു മാത്രം അക്ഷരവെളിച്ചം ലഭിച്ച പഴയ തലമുറയിൽപെട്ട പലരും ചെറിയാൻ സാറിനെക്കുറിച്ച് നന്ദിപൂർവ്വം പറഞ്ഞിട്ടുള്ളത് ഇവിടെ എടുത്തു പറയട്ടെ. ഈ സ്കൂളുകളെല്ലാം തന്നെ പില്ക്കാലത്ത് സർക്കാരിനും വിഭിന്ന സഭകൾക്കുമായി വിട്ടുകൊടുക്കുകയും ഇന്നും അവ വിജ്ഞാനദാനമെന്ന മഹനീയ കർമ്മം സ്തുത്യർഹമായ നിലയിൽ നിർവ്വഹിച്ചുകൊണ്ടുമിരിക്കുന്നു.

# മഹാനായ ചെറിയാൻസാറിന് ജന്മം നൽകിയ ഓമല്ലൂർ എന്ന ഗ്രാമം

ഉത്തമനും വിശ്വസ്തനുമായിരുന്ന അദ്ദേഹത്തിന് ജന്മം നൽകിയ ഓമല്ലൂർ ദേശം തിരുവിതാംകൂറിലെ പ്രകൃതിരമണീയമായ ഒരു മലയോരഗ്രാമമാണ്. പ്രകൃതി മനോഹരിയായതിനാൽ 'ഓമൽഊരെ'ന്നും വിസ്തൃതമായ നെൽപാടങ്ങളുള്ളതിനാൽ 'ഓമനനെല്ലൂരെ'ന്നുമുള്ളത് പിൽക്കാലത്ത് ലോപിച്ചതാണ് ഓമല്ലൂർ. പുരാതനകാലം മുതലേ ഓമല്ലൂർ മലയാണ്മയിലെ പ്രശസ്തിയുള്ള നാട്ടുപ്രദേശങ്ങളിലൊന്നായിരുന്നു. ശ്രീരക്തകണ്ഠേശ്വര ക്ഷേത്രവും, കല്ലിൽ കൊത്തിയ നാദസ്വരവും ചേങ്ങലയും, സെന്റ് തോമസ് ദേവാലയവും അതിനു മുൻപിലായി സ്ഥിതിചെയ്യുന്ന കൽകുരിശും ആ ഗ്രാമത്തിന്റെ പുരാതനത്വം വിളിച്ചോതുന്നു. ഓമല്ലൂർ വയൽവാണിഭം നൂറ്റാണ്ടുകൾ പഴക്കമുള്ളതും തിരുവിതാംകൂറിലെ പ്രസിദ്ധവുമായ ഒരു കന്നുകാലി വ്യവസായ കാർഷിക മേളയാണ്.

ഓമല്ലൂർ ക്ഷേത്രത്തിനു അത്ര അകലെയല്ലാതെ, ഒരു നമ്പൂതിരി ഇല്ലംവക സ്ഥലത്താണ് ഭാരതത്തിൽ സുവിശേഷം എത്തിച്ച പരിശുദ്ധനായ തോമസ് അപ്പോസ്തോലന്റെ നാമധേയത്തിലുള്ള വലിയപള്ളി സ്ഥാപിതമായത്. പള്ളിയോടു ചേർന്ന് പുരാതന നമ്പൂതിരി ഇല്ലങ്ങളും, നായർ തറവാടുകളും സ്ഥിതിചെയ്യുന്നത് മതസൗഹാർദ്ദം വിളിച്ചോതുന്ന ഓമല്ലൂരിന്റെ പ്രത്യേകതയാണ്. നമ്മുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ പാദസ്പർശത്താൽ അനുഗൃഹീതമായ ഓമല്ലൂരിലാണ് അന്ത്യോക്യൻ യാക്കോബായ സുറിയാനി സഭാ

ദ്ധ്യക്ഷൻ മാർ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് തന്റെ സന്ദർശനത്തിനിടയിൽ കാലം ചെയ്തതും അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടം അന്ത്യാവിശ്രമം കൊള്ളുന്നതും. യാക്കോബായ സുറിയാനി സഭയുടെ ആദ്യത്തെയും ഒരുകാലത്ത് പൗരസ്ത്യലോകത്താകമാനം പ്രശസ്തവുമായിരുന്ന സുറിയാനി പഠനകേന്ദ്രവും, സഭയുടെ സിരാകേന്ദ്രവുമായിത്തീർന്ന ഓമല്ലൂരിലെ മഞ്ഞനിക്കര ഒരു തീർത്ഥാടനകേന്ദ്രമായിത്തീർന്നു. ലോകം കണ്ട മഹാപ്രതിഭയും വേദവിപരീതികളെന്നു അന്യോന്യം മുദ്രയടിക്കപ്പെട്ടു പതിനഞ്ചുനൂറ്റാണ്ടു കാലം ശീമയിൽ കഴിഞ്ഞുവന്നിരുന്ന 200 കോടിയോളം അംഗങ്ങൾ ഉൾക്കൊള്ളുന്ന ആഗോള ക്രൈസ്തവസഭകളെ ദൈവിക രഹസ്യമർമ്മങ്ങൾ വ്യാഖ്യാനിച്ചുനല്കി അനുരഞ്ജനത്തിന്റെ ആത്മാവിലേക്കു ആനയിക്കുവാൻ ദൈവനിയോഗമുണ്ടായ ആചാര്യശ്രേഷ്ഠനായ ഫാ. വി. സി. ശമുവേലിന് ജന്മം നൽകുവാൻ മഹാഭാഗ്യം ലഭിച്ചത് അതെ ഓമല്ലൂരിനായിരുന്നു.

# വിദ്യാഭ്യാസം

19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഭൂജാതനായ ഒരുവന് ഈ പ്രദേശത്ത് ഔപചാരിക വിദ്യാഭ്യാസം അപ്രാപ്യമായിരുന്നു. നാട്ടിൽ വിദ്യാലയങ്ങൾ ഇല്ലാതിരുന്നതിനാലാണ് അത്. ആംഗ്ലിക്കൻ മിഷനറിമാർ അവിടവിടെയായി വിദ്യാലയങ്ങൾ സ്ഥാപിച്ചു തുടങ്ങിയിരുന്നു. അപ്രകാരം ഒരു വിദ്യാലയം കുഴിക്കാല എന്ന സ്ഥലത്തു സ്ഥാപിതമായി. ഓലയിൽ നിലത്തെഴുത്തു പഠനശേഷം സ്കൂൾ വിദ്യാഭ്യാസം കുഴിക്കാലയിൽ നടത്തി. പിന്നീട് മറ്റു ഗുരുക്കന്മാരിൽ നിന്ന് ഗുരുകുല വിദ്യാഭ്യാസരീതിയിൽ വിദ്യ അഭ്യസിച്ചു. മലയാളം, ഇംഗ്ലീഷ്, തമിഴ്, സംസ്കൃതം എന്നീ ഭാഷകളും, ഗണിതശാസ്ത്രം, ആയുർവേദം എന്നീ ശാസ്ത്രവിഷയങ്ങളും പഠിച്ചു. കൂടാതെ സ്വന്തമായി ധാരാളം ഗ്രന്ഥങ്ങൾ പഠിച്ചിരുന്നു. ബഹുഭാഷാപണ്ഡിതനായിരുന്ന ചെറിയാൻ വൈദ്യശാസ്ത്രത്തിലും വൈദഗ്ധ്യം തെളിയിച്ചിരുന്നു. സ്വഭവനത്തിൽ ഒരു വലിയ ഗ്രന്ഥശേഖരം ഉണ്ടായിരുന്നു. ഡോ. ശാമുവൽ ചന്ദനപ്പള്ളിയുടെ മലങ്കര സഭാപിതാക്കന്മാർ എന്ന ബൃഹത് ഗ്രന്ഥത്തിൽ (പേജ് 1006-1007) പറയുന്നതു നോക്കുക. വിദ്യാദാന വിശാരദന്മാർ നാട്ടിൻ പുറങ്ങളിൽ നന്നെ കുറവായിരുന്നു. ഓമല്ലൂർ ഗ്രാമത്തിലെ പ്രശസ്തനായ അദ്ധ്യാപകനായിരുന്നു ചെറിയാൻ സാർ. വിദ്യകൊണ്ട് വിജ്ഞരാകാനാഗ്രഹിച്ചവരെ അദ്ദേഹം പ്രോത്സാഹിപ്പിച്ചു. അദ്ദേഹം ഗവൺമെന്റുമായി സഹകരിച്ച് പൊതു ജനസഹകരണത്തോടെ പതിനഞ്ചിൽപരം സ്കൂളുകൾ പലയിടങ്ങളിലായി സ്ഥാപിച്ച് ഒരു

വിജ്ഞാന വിപ്ലവത്തിന് മാർഗ്ഗദർശനം നല്കി. മലയാളം, സംസ്കൃതം, തമിഴ് എന്നീ ഭാഷകളിൽ വ്യുൽപ്പത്തി ആർജ്ജിച്ചിരുന്ന ചെറിയാൻ സാറിന് നല്ലൊരു ഗ്രന്ഥശേഖരം ഉണ്ടായിരുന്നു. സ്ഥലകാല സീമകൾക്ക് അതീതമായി മനുഷ്യന് ജ്ഞാനം എന്ന വരദാനം കർത്താവ് സൃഷ്ടികൾക്ക് കാലാകാലങ്ങളിൽ നല്കാറുണ്ട് എന്നതിന്റെ മകുടോദാഹരണമായിരുന്നു ചെറിയാൻ സാർ. അസാമാന്യമായ ബുദ്ധിവൈഭവവും ഉത്സാഹശീലവും അദ്ദേഹത്തിൽ ഒത്തിണങ്ങിയിരുന്നു. അക്കാലത്തെ അറിയപ്പെടുന്ന ജ്ഞാനികളിൽ പ്രധാനിയായിരുന്നു ചെറിയാൻ സാർ.

# ചെറിയാൻ സാർ

# ജനിച്ചുവളർന്ന നാടിന്റെ അവസ്ഥ

## സാമൂഹികവും വിദ്യാഭ്യാസപരവും

മനുഷ്യരുടെ ഇടയിൽ സാമൂഹികാവബോധമോ, ആശയ സംവാദമോ സാമൂഹ്യബന്ധമോ ഇല്ലാത്ത ഒരു അവസ്ഥയായിരുന്നു. എല്ലാവരെയും ഏകോപിപ്പിക്കുന്ന ഭൗതിക വിദ്യാഭ്യാസം നാമമാത്രമായിരുന്നു. വിദ്യാഭ്യാസത്തിന്റെ ആവശ്യകത അന്ന് അജ്ഞാതമായിരുന്നു. എഴുത്തും വായനയും അറിയുന്നവർ ദുർലഭമായിരുന്നു. അക്ഷരങ്ങൾ വായിക്കാനറിയാത്തവർ പോലും ഏറെ. പത്രങ്ങൾ, പുസ്തകങ്ങൾ മറ്റ് അനുബന്ധ പ്രസിദ്ധീകരണങ്ങൾ എന്നിവ വളരെ വിരളം.

## ഗതാഗതം

ഇന്നത്തെ റോഡുകൾക്ക് പകരം ഒറ്റയടി പാതകളും ഇടുങ്ങിയ മൺപാതകളും നാട്ടുവഴികളും മാത്രം. വീതിയേറിയ പൊതുവഴികൾ അധികമില്ല. ഇന്നത്തെ പാലങ്ങൾക്ക് പകരം മിക്കയിടത്തും കടത്തുവള്ളം മാത്രം ബ്രിട്ടീഷുകാരോ, ബ്രിട്ടീഷുകാരുടെ സഹകരണത്തോടെയോ നിർമ്മിച്ച ഏതാനും ചില പാലങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു. പൊതുഗതാഗതമോ, സ്വകാര്യ വാഹനങ്ങളോ അന്ന് ഇല്ല. രാജാക്കന്മാരും നാടുവാഴികളും ഉന്നതസ്ഥാനീയരും രഥങ്ങൾ, പല്ലക്ക് എന്നിവ ഉപയോഗിച്ചിരുന്നു. പ്രധാന വീഥികളിൽ പിന്നീട് ബ്രിട്ടിഷുകാർ കൊണ്ടുവന്ന മോട്ടോർ വാഹനങ്ങൾ ദിവസം ഒന്നോ രണ്ടോ പ്രാവശ്യം (വില്ലുവണ്ടികൾ) തിരുവനന്തപുരത്തേക്ക്

സർവ്വീസ് നടത്തിയിരുന്നു. ജലഗതാഗതം (വള്ളങ്ങൾ, ചെറുവള്ളങ്ങൾ) ഒരു പ്രധാന യാത്രാമാർഗ്ഗമായിരുന്നു.

**വസ്ത്രങ്ങൾ**

സാധാരണക്കാർക്ക് വസ്ത്രധാരണം അത്യാവശ്യത്തിനു മാത്രം. പുരുഷന്മാർ മിക്കപേരും ഒരു തോർത്തോ കുറിമുണ്ടോ മാത്രം ധരിച്ചിരുന്നു. സ്ത്രീകൾക്ക് ആഭരണങ്ങളും മറ്റും ഉണ്ടായിരുന്നുവെങ്കിലും പുറത്തിറങ്ങുന്നത് അത്യാവശ്യ സന്ദർഭങ്ങളിൽ മാത്രം.

**ആരാധന**

ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും വിശ്വാസങ്ങൾക്കും മനുഷ്യൻ ഏറെ വില കൽപ്പിച്ചിരുന്ന കാലം. അതോടൊപ്പം മന്ത്രവാദങ്ങളും ആഭിചാരക്രിയകളും ലക്ഷണശാസ്ത്രത്തിനും, ശകുനങ്ങൾക്കും അനുസ്യൂതമായ വളർച്ചയുണ്ടായി.

പ്രശസ്തമായ ചില ക്ഷേത്രങ്ങളും ചുരുക്കം ചില പള്ളികളുമൊഴികെ മിക്കവയും ഇടുങ്ങിയതും ചെറുതുമായിരുന്നു. തദ്ദേശീയ ഭാഷകളിൽ രചിച്ച ആരാധനാഗ്രന്ഥങ്ങൾ നന്നേ കുറവ്. സംസ്കൃതവും സുറിയാനിയും വിശ്വാസത്തിൽ മനുഷ്യരോട് ഇണങ്ങിനിന്നു. വിശ്വസിക്കുന്ന തത്വങ്ങളുടെ അർത്ഥം വാമൊഴിയായി മാത്രം ഒതുങ്ങിയിരുന്ന കാലം അർത്ഥവത്തായ സ്ഫുടം ചെയ്ത ഇന്നത്തെ ആരാധനാക്രമങ്ങളും മറ്റും അന്ന് ഇല്ല. മിക്കപള്ളികളും പുല്ലുമേഞ്ഞതോ ഓലമേഞ്ഞതോ ചുരുക്കം ചിലത് ഓട് മേഞ്ഞതോ ആയിരുന്നു.

## വീടുകളും ഭക്ഷണവും

ഓടിട്ട വീടുകൾ ചുരുക്കംമാത്രം. മിക്ക വീടുകളും ഓല മേഞ്ഞതോ പുല്ലുമേഞ്ഞതോ ആയിരിക്കും. കെട്ടിടങ്ങൾക്ക് ചെങ്കൽ ഭിത്തികൾ മൺഭിത്തികൾ എന്നിവ സാമ്പത്തിക നിലവാരം അനുസരിച്ച് ഉണ്ടായിരുന്നു. അറ, നിലവറ, പത്തായങ്ങൾ എന്നിവ ഉയർന്ന കുടുംബങ്ങളിൽ ഉണ്ടായിരുന്നു. വഴിവിളക്കോ, ഇലക്ട്രിസിറ്റിയോ ഇല്ലാത്ത കാലം. പകരം എണ്ണ വിളക്കുകൾ മാത്രം. കഷ്ടിച്ച് ഒരു നേരം മാത്രം വയറുനിറച്ച് ഭക്ഷണം കഴിക്കുന്നവർ ഏറെ. എല്ലാ ദിവസങ്ങളിലും കഞ്ഞിവെയ്ക്കുന്ന വീടുകൾ അധികമില്ലായിരുന്നു. കഞ്ഞിവെക്കുന്ന വീടുകളിൽ നിന്നും കഞ്ഞിവെള്ളം വാങ്ങുവാനായി പലരും എത്തുന്ന കാലം. കിണറോ, കക്കൂസുകളോ, കുളിമുറികളോ (മറപ്പുരകൾ) ഇല്ലാത്ത ഭവനങ്ങളാണ് ഏറെയും. കടവുകളും, പുഴകളും, തോടുകളും, പൊതുകിണറുകളും കുളങ്ങളും പൊതുഇടങ്ങളും മുഖാന്തിരം സാധാരണമനുഷ്യർ ആവശ്യങ്ങൾ നിർവ്വഹിച്ചുപോന്നു.

## ഭാഷ

ഔപചാരികതകളോ ഭാഷാ ശുദ്ധിയോ വ്യാകരണമോ ഇല്ലാത്ത എഴുത്തും സംസാരവും. അർത്ഥമില്ലാത്ത വാക്കുകളാണ് സാധാരണക്കാർ വികാരപ്രകടനങ്ങൾക്ക് ഉപയോഗിച്ചിരുന്നത്. (ദേഷ്യം, ശണ്ഠ)

## രോഗങ്ങൾ, ചികിൽസ

പ്രാർത്ഥനകൾ, മന്ത്രവാദങ്ങൾ, ആഭിചാര ക്രിയകൾ, പച്ചമരുന്നുകൾ നാട്ടൗഷധങ്ങൾ എന്നിവ ഉപയോഗിച്ചിരുന്നു. ആശുപത്രികൾ എങ്ങും ഇല്ല. മരണങ്ങൾ മനുഷ്യരിൽ സ്വാധീനം ചെലുത്താത്തകാലം.

## ഉപജീവനമാർഗ്ഗവും ധനവും

ആവശ്യത്തിന് പണം കൈയ്യിലുള്ളവർ ചുരുക്കം മാത്രം. പണം കണ്ടിട്ടില്ലാത്തവരും ധാരാളമുണ്ടായിരുന്നു. തൊഴിൽ വേതനം ഭക്ഷ്യവസ്തുക്കളായി നൽകിയിരുന്നു. പണത്തിന് പകരം വസ്തുക്കൾ/സാധനങ്ങൾ പരസ്പരം ക്രയവിക്രയം ചെയ്തിരുന്നു. ബാങ്കിംഗ് മേഖല ലോകത്തിൽ തന്നെ ചുരുക്കമായിരുന്നു. ചെറുകിടകച്ചവടം, കൃഷി, ആടുമാടുവളർത്തൽ, മറ്റുള്ളവരുടെ കൃഷിയിടങ്ങളിലും വീടുകളിലും ജോലിക്ക് പോവുക, കാളവണ്ടികൾ, വള്ളങ്ങൾ, എണ്ണയാട്ടുക, എന്നിവയായിരുന്നു സുറിയാനി ക്രിസ്ത്യാനികളുടെ പ്രധാന ജീവിതമാർഗ്ഗം. രാജകൊട്ടാരങ്ങളിൽ ഊഴിയവേലക്കെത്തുന്നവരും ഉണ്ടായിരുന്നു.

# ആത്മശക്തിയിൽ നിന്നും പുണ്യാത്മാവായി വിടർന്ന ഭാരതത്തിന്റെ സ്വപുത്രൻ

**ചെറിയാൻ സാർ ഇരുളിന്റെ മറവിൽ ആലസ്യമാണ്ടുകിടന്നിരുന്ന പൊതുസമൂഹത്തെ ഉണർത്തി.**

അറിവിന്റെയും തെളിവിന്റെയും കർമ്മോൽസുകതയുടേയും പ്രവർത്തനമേഖലയിലേക്ക് വഴിനടത്തി അദ്ദേഹം അന്ന് ഉയർത്തിക്കൊണ്ടുവന്ന് പ്രാവർത്തികമാക്കിയ മേഖലകൾ, ആശയങ്ങൾ എല്ലാം തന്നെ (ആദ്ധ്യാത്മികം, വിദ്യാഭ്യാസം, സാമൂഹികം, ആതുരശുശ്രൂഷ, സാമ്പത്തികരംഗം, നിയമനിർവ്വഹണരംഗങ്ങൾ) ഇന്ന് ലോകത്തിലെ എല്ലാ രാജ്യങ്ങളുടെയും അഭിവൃദ്ധിയുടെ അടിത്തറയായി മാറി. ആരുടെയും പ്രചോദനമില്ലാതെ ദീർഘവീക്ഷണത്തോടെ പ്രാവർത്തികമാക്കിയ ആശയങ്ങൾ, അദ്ദേഹം കൊടുത്ത നേതൃപാടവം അന്നും ഇന്നും സമാനതകളില്ലാത്തതുതന്നെയാണ്. നിഷ്കളങ്കമായ ആ അന്തർധാരയിൽ നിന്നും ഉയർന്ന ആ സുഗന്ധധൂപങ്ങൾ ഒരു ദേശത്തിനും തലമുറകൾക്കും നിലനിൽപ്പിന്റെ ആധാരമായിത്തീർന്നു.

**ഭാരത സംസ്കാരത്തിൽ നിന്നും വളർന്ന വ്യക്തിത്വം.**

മഹത്തായ ഭാരത പൈതൃകത്തിന്റെ ഉൽകൃഷ്ടസംഭാവനയാണ് അദ്ദേഹം. മാർത്തോമശ്ലീഹായുടെ സുവിശേഷം കേവലം വികാരപരമായും സ്വാർത്ഥപരമായും വികലമാക്കാതെ പൊതുസമൂഹത്തിന്റെ നന്മക്കായും വളർച്ചക്കായും

അദ്ദേഹം മാറ്റിയെടുത്തു. അദ്ദേഹത്തിന്റെ ജന്മത്തിലൂടെ ചൂണ്ടിക്കാണിക്കുന്ന ഒരു മഹത്തായ കാര്യം ലോകത്തിനു തെളിവാർന്ന വെളിച്ചമേകാൻ സാധിക്കുന്ന ഒരു ഗർഭഗൃഹ മാണ് ഇന്ത്യയെന്നതാണ്. നിസ്തുലമായ ഭാരത പാരമ്പര്യ ത്തിന്റെ അന്തസത്ത പൂർണ്ണമായി ഉൾക്കൊണ്ടു മാത്രമേ അദ്ദേഹം എല്ലാ മേഖലയിലും പ്രവർത്തിച്ചിരുന്നുള്ളു. വേദ ങ്ങളുടെഭാഷയായ സംസ്കൃതത്തിൽ അദ്ദേഹത്തിന് നല്ല പാണ്ഡിത്യമുണ്ടായിരുന്നു. ഭഗവത്ഗീതയും പുരാണങ്ങളും മറ്റ് ഗ്രന്ഥങ്ങളും അദ്ദേഹം വായിക്കുകയും ഗ്രഹിക്കുകയും മറ്റുള്ളവർക്കും കുട്ടികൾക്കും അവ വ്യാഖ്യാനിക്കുകയും ചെയ്തിരുന്നു. പണ്ഡിതനായിരുന്ന അദ്ദേഹത്തിന്റെ അടുക്കൽ സംശയങ്ങൾ ചോദിക്കുവാൻ ഹൈന്ദവ പണ്ഡിതന്മാരും സാധാരണക്കാരും എത്തുമായിരുന്നു.

സംസ്കൃതത്തോടൊപ്പം മറ്റ് ഇന്ത്യൻ ഭാഷകളിലും (മലയാളം, തമിഴ്) ഇംഗ്ലീഷിലും അദ്ദേഹത്തിന് നല്ല പ്രാവീ ണ്യമുണ്ടായിരുന്നു. സുറിയാനി ഭാഷ അദ്ദേഹത്തിന് സാമാന്യം വശമായിരുന്നു. മാർത്തോമ്മ പൈതൃകം പേറുന്ന ഭാരതത്തിന്റെ സ്വന്തം മലങ്കര സഭയിൽ അദ്ദേഹം അടിയു റച്ചു നിൽക്കുകയും സഭയുടെ വളർച്ചയ്ക്കും നിലനിൽപ്പിനു മായി സധൈര്യം സമർപ്പണം ചെയ്യുകയും ചെയ്തു. റോമൻ കാത്തലിക്ക്, നവീകരണ ആശയക്കാർ (പ്രൊട്ടസ്റ്റന്റ്), ഇംഗ്ലീഷ് മിഷണറിമാർ, റീത്ത് പ്രസ്ഥാനക്കാർ സമ്പത്തു കൊണ്ടും സ്ഥാനമാനങ്ങൾകൊണ്ടും വിദേശവാസം സുഖ സൗകര്യങ്ങൾ എന്നിവ വാഗ്ദാനം ചെയ്ത് ആകർഷിക്കുവാൻ പലതവണ ശ്രമിച്ചുവെങ്കിലും സാധിച്ചിരുന്നില്ല. ബാല്യ ത്തിലെ തന്നെ ബഹുമിടുക്കനായിരുന്ന ചെറിയാൻ സാറിനെ

ഇംഗ്ലണ്ടിൽ അയച്ചു പഠിപ്പിക്കുവാൻ ഇംഗ്ലീഷ് മിഷണറിമാർ (ബ്രിട്ടീഷ്) അദ്ദേഹത്തിന്റെ പിതാവിനെ സമീപിച്ചിരുന്നു വെങ്കിലും പിതാവ് ബഹുമാനപൂർവ്വം നിരസിക്കുകയണുണ്ടായത്. അന്ത്യോക്ക്യൻ സുറിയാനി സഭാ പിതാക്കന്മാരോടൊപ്പം, മലങ്കര മെത്രാപ്പോലീത്ത ആയിരുന്ന വട്ടശ്ശേരിൽ മാർദീവന്നാസ്യോസ് തിരുമേനിയേയും അദ്ദേഹം ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു. വിശ്വപ്രസിദ്ധനായിത്തീർന്ന ഫാ. വി. സി. ശാമുവൽ അച്ചനെ വട്ടശ്ശേരി തിരുമേനിയെക്കൊണ്ട് പട്ടം കൊടുപ്പിക്കുവാൻ ചെറിയാൻ സാർ ആലോചിച്ചിരുന്നു.

## സമശീർഷകത്വത്തിലൂടെ സർവ്വാദരണീയനായ ചെറിയാൻ സാർ

ഏറ്റവും ബഹുമാനിക്കപ്പെട്ട തിരുവിതാംകൂർ മഹാരാജാക്കന്മാർ, വിവിധ സഭാ മേലദ്ധ്യക്ഷന്മാർ, ഉന്നത സമുദായ പ്രമാണികൾ എന്നിവരുമായി അടുത്തസമ്പർക്കം പുലർത്തുകയും ആശയവിനിമയം നടത്തുകയും ചെയ്തിരുന്നു. പലരും അദ്ദേഹത്തിന്റെ ഭവനം സന്ദർശിക്കുകയും വിലയേറിയ ഉപദേശങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കുകയും ചെയ്തിരുന്നു. അവരോടൊപ്പം തന്നെ സമൂഹത്തിലെ നാനാജാതി മതസ്ഥരോടും എല്ലാവിധ ജനവിഭാഗങ്ങളോടും അദ്ദേഹം കളങ്കമെന്യേ സഹകരിച്ചിരുന്നു. അക്കാലത്ത് ഉന്നതസ്ഥാനീയരായിരുന്ന ബ്രാഹ്മണർ അദ്ദേഹത്തെ ബഹുമാനിക്കുകയും ഉപചാരപൂർവ്വം എഴുന്നേൽക്കുകയും ചെയ്തിരുന്നു.

## ശ്രീ മൂലൂർ എസ്. പത്മനാഭപ്പണിക്കർ

ഈഴവ സമുദായത്തിലെ ഏറ്റവും പ്രബലൻമാരിലൊ

രാളായ ശ്രീ മൂലൂർ സാമൂഹിക ഉന്നമനം ലക്ഷ്യമിട്ട് പലയിടത്തും സ്കൂളുകൾ ആരംഭിച്ചുവെങ്കിലും നടത്തിക്കൊണ്ടുപോകുവാൻ സാധിച്ചില്ല. അക്കാലങ്ങളിൽ ബ്രാഹ്മണർ, ക്ഷത്രിയർ, നായന്മാർ സാമൂഹികമായി ഉയർന്നു നിൽക്കുന്ന വിഭാഗങ്ങൾ (ക്രൈസ്തവരുൾപ്പെടെ) മാത്രമായിരുന്നു വിദ്യാഭ്യാസത്തിന്റെ ഗുണഭോക്താക്കൾ. മറ്റു വിഭാഗങ്ങൾക്ക് വിദ്യയുടെ വരദാനം അജ്ഞാതമായിരുന്നു. ശ്രീ. മൂലൂർ ചെറിയാൻ സാറുമായി സമ്പർക്കം പുലർത്തുകയും ഭവനസന്ദർശനം നടത്തുകയും ചെയ്തതിന്റെ ഫലമായി മധ്യതിരുവിതാംകൂറിലെ അദ്ദേഹത്തിന്റെ പല സ്കൂളുകളും ചെറിയാൻ സാർ ഏറ്റെടുത്ത് ഭംഗിയായി നടത്തുകയുണ്ടായി. വിവിധ ജനവിഭാഗങ്ങളിൽപ്പെട്ടവർ അങ്ങനെ വിദ്യയുടെ മുമ്പിൽ തുല്യരായിത്തീർന്നു.

## പ്രവചന വരം അനുഗ്രഹമായി ലഭിച്ച വിനീതൻ

1) അദ്ദേഹം സ്കൂളുകൾ ആരംഭിച്ച മധ്യ തിരുവിതാംകൂർ ഇന്ന് ഇന്ത്യയിലെ തന്നെ ഏറ്റവും സാക്ഷരതയുള്ള പ്രദേശമാണ്.

2) കേവലം എട്ടുവയസ്സ് മാത്രം പ്രായമുണ്ടായിരുന്ന ബാലനായ ശമുവേലിനെ അടുത്തുവിളിച്ച് അറിയിച്ച ദർശനം സഫലമായി.

3) കേവലം ഒരു കുന്നിൻപ്രദേശം മാത്രമായിരുന്ന മഞ്ഞനിക്കര ആഗോള പ്രശസ്തി കൈവരിച്ചത് ചെറിയാൻസാറിന്റെ സത്യസന്ധമായ പ്രവർത്തനത്തിന്റെ ഫലമായും ധീരമായ നേതൃത്വം കൊണ്ടും അചലഞ്ചലമായ ദൈവഭക്തികൊണ്ടും മാത്രവുമായിരുന്നു. സ്വാർത്ഥതാൽപര്യക്കാരും ധനമോഹികളും ആ നിശ്ചയദാർഢ്യത്തിന്റെ മുമ്പിൽ സവിനയം സഹ

കരിക്കുകയാണുണ്ടായത്. പാത്രിയാർക്കീസ് ബാവായെ തൃക്കുന്നത്ത് സെമിനാരിയിൽ നിന്നും കൂട്ടിക്കൊണ്ടുവന്നവരിൽ പ്രമുഖനായിരുന്നു അദ്ദേഹം. ആഗമനത്തിന്റെ പിറ്റേദിവസം തന്നെ പരിശുദ്ധ പിതാവ് കാലംചെയ്തു. അതിശക്തമായ എതിർപ്പിനെ മറികടന്നാണ് ശ്രീ ചെറിയാൻ സാറിന്റെ നേതൃത്വത്തിൽ ബാവയെ മഞ്ഞനിക്കരയിൽ തന്നെ കബറടക്കിയത്.

## ബാങ്കിങ്/സാമ്പത്തിക മേഖലയിലെ ആദ്യ നക്ഷത്രം

അതീവ ബുദ്ധിമാനും കർമ്മോൽസുകനുമായിരുന്ന ചെറിയാൻ സാർ ആരംഭിച്ച പ്രസ്ഥാനം നല്ലനിലയിൽ പ്രവർത്തിച്ചു. അതിനുശേഷമാണ് പല ധനകാര്യസ്ഥാപനങ്ങളും കേരളത്തിൽ ആരംഭിച്ചത്. ഇന്ന് ബാങ്കിംഗ് മേഖലയില്ലാതൊരു ജീവിതം ആർക്കും സ്വപ്നം കാണുവാൻ പോലും സാധിക്കില്ല.

# ഇടയിൽ വാധ്യാർ എന്ന വിളിപ്പേരിന് കാരണം

വാധ്യാർ എന്ന വാക്കിന് ഉപാദ്ധ്യായ എന്നാണ് സംസ്കൃത ഭാഷാർത്ഥം. ഉപാദ്ധ്യായയുടെ മലയാള അർത്ഥം അദ്ധ്യാപകൻ അഥവ ഗുരു എന്നാണ്. അതുപോലെ ബ്രാഹ്മ ണരിൽ പണ്ഡിതരെ ഉപാദ്ധ്യായ എന്നു വിളിക്കാറുണ്ട്. ആത്മാർത്ഥതയുള്ള, ആധികാരികതയുള്ള, സംസാരത്തിലും പ്രവൃത്തിയിലും സത്യസന്ധതയും നേർബുദ്ധിയും കാണി ക്കുന്ന ആൾ, ആത്മാർത്ഥതയുള്ള സന്തോഷമുള്ള വിശ്വസ്ത തയും ദൃഢവിശ്വാസവുമുള്ള വ്യക്തി, എന്നും ഈ വാക്കിന് അർത്ഥമുണ്ട്.

ഇതൊക്കെ പൂർണ്ണരൂപത്തിൽ അക്ഷരാർത്ഥത്തിൽ ചെറിയാൻസാറിൽ തെളിഞ്ഞുനിന്നതുകൊണ്ടാണ് അദ്ദേ ഹത്തെ ഇടയിൽ വാധ്യാർ എന്ന് ബഹുമാനപൂർവ്വം വിളിച്ച ത്. ചെറിയാൻ സാറിനെ ഇടയിൽ വാധ്യാർ എന്ന് വിളിക്കാൻ മുൻപറഞ്ഞ കാരണങ്ങളാൽ തുടക്കം ഇട്ടത് ഏറ്റവും ബഹു മാനപ്പെട്ട അഭിവന്ദ്യ തിരുവിതാംകൂർ മഹാരാജാക്കന്മാരോ കോയിക്കൽ രാജാക്കന്മാരോ ആണ്.

# വി. സി. എന്നുള്ള നാമധേയത്തിന്റെ പൊരുൾ

ഓമല്ലൂർ ക്ഷേത്രജംഗ്ഷനിൽ നിന്ന് ഇലന്തൂർക്ക് പോകുന്ന റോഡിൽ കൃത്യം രണ്ട് കിലോമീറ്റർ എത്തുന്ന സ്ഥലത്താണ് ഇടയിൽ കുടുംബാംഗങ്ങൾ പ്രധാനമായും താമസിച്ചുവന്നത്. റോഡിന്റെ ഇരുവശത്തുമായി ധാരാളം വസ്തുക്കളും പുരയിടങ്ങളും നിലങ്ങളും പാരമ്പര്യമായി കുടുംബക്കാർക്കുണ്ട്. ഇതുകൂടാതെ മറ്റു സ്ഥലങ്ങളിലും കുടുംബത്തിന് വസ്തുക്കൾ ഉണ്ടായിരുന്നു. വിവാഹത്തിനുശേഷം ചെറിയാൻ സാർ വിളക്കുവേലിൽ എന്നു പേരുള്ള കുടുംബവസ്തുവിലേക്ക് താമസം മാറ്റി (വിളക്കുവേലിൽ പുരയിടം). തറവാട്ടിൽ സഹോദരങ്ങൾ താമസം തുടർന്നു. അതിനാൽ മക്കളുടെ പേരിനോടൊപ്പം വി. സി. (V.C.) അഥവാ വിളക്കുവേലിൽ ചെറിയാൻ എന്നു ചേർക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ഔദ്യോഗിക ജീവിതവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ മൂലം വസ്തുക്കൾ സഹോദരങ്ങളുമായി പരസ്പരം കൈമാറ്റം ചെയ്യുകയും, ആദ്യം ഇടയിൽ തറവാട്ടിലും (വി. സി. ഇട്ടിച്ചെറിയയുടെ ഭവനം) പിന്നീട് ളാഹയിൽ പുരയിടത്തിലും മാറി മാറിതാമസിക്കുകയും ചെയ്തു. ജീവിതത്തിന്റെ ഏറെ പങ്കും ളാഹയിൽ എന്നു പേരുള്ള വിശാലമായ കുടുംബവസ്തുവിലാണ് ചിലവഴിച്ചത്.

# പ്രതിബിംബം

1. ईसामसीह परिनिष्ठित धर्मसारी
ज्ञानप्रचण्डकिरणो युगधर्मरूपि।
गीतापुराणरससागरमग्नचित्त-
जीवेच्चिरं जनमनस्विह निश्चयेन।।

2. देशे ह्ययं जनिमवाप समुत्रतेत्र
प्रख्यात नेतगुणशीलमहानुभावः।
आसेविताः खलु जनाः सुचिरं ह्यानेन
धर्मानवम्बितसमुद्धरणैकबुद्ध्य।।

3. विज्ञानदाहमपहर्त्तुमतीव तुष्टया
विद्यालयानि कृतवान् स च पण्डितोयम्।
श्रीमूलनाकसभासदि राजते
सेवारतः स खलुरत्र सुदीर्घकालम्।।

4. वाग्मी च कर्मनिरतो सुमनस्सुदक्षः
दीनावनैकमतिमानिह पुण्यकीर्त्तिः।
स्वर्गीयसौख्यमनुभूय विराजतेयम्
वर्षश्च सप्तदशकैः पितृदेशमाप्य।

സംസ്കൃതം മലയാളത്തിൽ

ഈസാമസിഹ പരിനിഷ്ഠിത ധർമ്മസാരിജ്ഞാന പ്രചണ്ഡ
നിരണോ യുഗധർമ്മ രൂപീ ഗീതാ പുരാണ രസസാഗര മഗ്ന

ചിത്തജീവേച്ചിരം ജനമനസിഹ നിശ്ചയേന ദേശേ ഹ്യയം ജനിമവാപ സമുന്നതേടത്ര പ്രഖ്യാത നേതൃഗുണ ശീല മഹാനുഭാവ ആസേവിതാ: ഖലു ജന്ന: സുചിരം ഹ്യനേന ധർമ്മാവലംബിത സമുദ്ധരണൈക ബുദ്ധ്യാ വിജ്ഞാനദാഹമപഹർത്തുമതീവ തുഷ്ട്യാ വിദ്യാലയാനി കൃതവാൻ സചപണ്ഡിതോടയം ശ്രീ മൂലനാമക സഭാസദി രാജതേ സേവാരത: സഖലുരത്ര സുദീർഘകാലം വാഗ്മി ച കർമ്മ നിരതോ സുമനസ്സുദക്ഷ: ദീനവനൈകമതിമാനിഹ പുണ്യകീർത്തി സ്വർഗ്ഗീയ സൗഖ്യമനുഭുയ വിരാജതേടയം വർഷൈശ്ച സപ്ത ദശകൈ പിതൃദേശമാപ്യ.

ക്രിസ്തുവിൽ ഉറച്ച ധർമ്മത്തെ അനുസരിക്കുന്നവനും ജ്ഞാനസൂര്യനും, യുഗധർമ്മം രൂപമെടുത്തവനും, ഗീതാപുരാണാദി രസസമുദ്രത്തിൽ മുഴുകിയ മനസ്സോടുകൂടിയവനുമായ ഇദ്ദേഹം ചിരകാലം ജനമനസ്സുകളിൽ ജീവിച്ചിരിക്കട്ടെ. (जनमनसु पितामहोयम् - എന്ന് എഴുതിയാൽ അച്ഛന്റെ അച്ഛൻ എന്ന് വ്യക്തമായികിട്ടും).

പ്രഖ്യാതമായ (പ്രസിദ്ധമായ) നേതൃഗുണശീലങ്ങളോട് കൂടിയ ഈ മഹാത്മാവ് സമുന്നതമായ ഈ ദേശത്ത് ജനിച്ചു. (ദേശത്തിന്റെ പേര് എഴുതുമ്പോൾ വൃത്തം ശരിയാവുന്നില്ല. അതിനാൽ എഴുതിയില്ല) ധർമ്മത്തിലധിഷ്ഠിതമായ ജനസമുദ്ധരണം മാത്രം ലക്ഷ്യമാക്കിയ ഇദ്ദേഹം വളരെനാൾ ജനങ്ങളെ സേവിച്ചു.

വിജ്ഞാനദാഹം മാറ്റുവാൻ വേണ്ടി പണ്ഡിതനായ ഇദ്ദേഹം അനവധി വിദ്യാലയങ്ങൾ സ്ഥാപിച്ചു. സേവനാനിരതനായ ഇദ്ദേഹം വളരെനാൾ ശ്രീമൂലം പ്രജാസഭയിൽ വിരാജിച്ചു.

വാഗ്മിയും കർമ്മനിരതനും, നല്ല മനസ്സിനുടമയും, ദു:ഖിതന്മാരെ രക്ഷിക്കുന്നതിൽ തൽപ്പരനും പുണ്യ കീർത്തിയും ആയ ഇദ്ദേഹം പിതാവിന്റെ ദേശത്തെ പ്രാപിച്ച് എഴുപതു വർഷമായി സ്വർഗ്ഗീയസുഖം അനുഭവിച്ച് ശോഭി ക്കുന്നു.

# പുണ്യ ജീവിതത്തിന്റെ സ്രോതസ്സ്

## കുടുംബവും, മാതാപിതാക്കളും

പുരാതന മർത്തോമൻ പൈതൃകത്തിൽപ്പെട്ട നസ്രാണികളുടെ തലമുറയിൽ നിന്നുള്ള ഇട്ടിപെരുമാൾ (ഇട്ടിച്ചെറിയ) ആണ് ചെറിയാൻ സാറിന്റെ കുടുംബത്തിലെ ആദ്യപിതാവ്. ആദ്യപിതാവിന്റെ ഇളയ മകനായ ചെറിയാൻ ഇടയിൽ തറവാട്ടിൽ താമസം തുടർന്നു. ജ്യേഷ്ഠനായ വർഗ്ഗീസ് തഴേതിൽ എന്ന കുടുംബ വസ്തുവിലേക്ക് താമസ്സം മാറ്റി.

യാഥാസ്ഥികത്വത്തോടൊപ്പം, ദൈവഭക്തിയും സ്ഥിരോൽസാഹവും, അദ്ധ്വാനശീലവും, വിനയവും, പരോപകാരവും, ബുദ്ധിശക്തിയും സാമർത്ഥ്യവും കുടുംബങ്ങളിൽ വിളങ്ങിയിരുന്നു. സ്വതേ ശാന്തശീലരായിരുന്ന അവർ വിശ്വപ്രസിദ്ധിനേടിയ വേദശാസ്ത്രപണ്ഠിതനായ ഫാ. വി. സി. ശാമുവേൽ കുടുംബാംഗമാണ്. നാനാജാതിമതസ്ഥരോടും, കുടുംബം നല്ലസഹവർത്തിത്വത്തോടെ വർത്തിച്ചു. അതിനാൽതന്നെ കുടുംബത്തിൽ ധാരാളം വസ്തുവകകൾ തുടക്കംമുതൽ ഉണ്ടായിരുന്നു.

## ചെറിയാൻ സാറിന്റെ മാതാപിതാക്കൾ

പിതാവ് ഇട്ടിച്ചെറിയ, ഇട്ടിച്ചെറിയായുടെ പിതാവ് ഇടയിൽ ചെറിയാനും മാതാവ് ഇലന്തൂർ തലത്തായി കുടുംബത്തിൽ നിന്നുമായിരുന്നു. മാതാവ് നന്നുവക്കാട് (പത്തനംതിട്ട) ചക്കാലയിൽ മറിയാമ്മ. ദൈവഭക്തി, വിനയം, അധ്വാനശീലം എന്നിവ സമന്വയിച്ച ഈ മാതാപിതാക്കൾക്ക്

ഏഴാമനായി ഇ. ഐ. ചെറിയാൻ 27-09-1874-ൽ ഓമല്ലൂരിൽ ഇടയിൽ കുടു:ബത്തിൽ ജനിച്ചു.

**ബാലനായിരുന്ന ചെറിയാൻസാറിൽ വിളങ്ങിയിരുന്ന സത്ഗുണങ്ങൾ**

1) ദൈവഭക്തി, സൗമ്യത

2) ചിട്ടയായ ജീവിതം

3) അനുസരണം, വിനയം, സ്വാസ്തികത

4) അസാമാന്യ ബുദ്ധിശക്തിയും അധ്വാന മികവും

5) സ്ഥിരോൽസാഹം

6) ഉൽക്കർക്ഷേച്ഛ

7) ചിന്താശക്തി

ബാലനിൽ ദർശിച്ച അസുലഭ അപൂർവ്വ പ്രതിഭാസങ്കല നത്തെ മനസ്സിലാക്കിയ പിതാവ് ഇട്ടിച്ചെറിയ മകന് അന്ന് പ്രാപ്യമായിരുന്ന മികച്ച വിദ്യാഭ്യാസം നൽകുവാൻ തീരുമാനിച്ചു. അങ്ങനെ ചെറിയാൻസാർ ഇംഗ്ലീഷ് മിഷണറിമാരുടെ നേതൃത്വത്തിൽ നടത്തിയിരുന്ന കുഴിക്കാല ഇംഗ്ലീഷ് മീഡിയം സ്കൂളിൽ ചേരുകയും ലഭ്യമായിരുന്ന പരമാവധി വിദ്യാഭ്യാസം, അതായത് ഏഴാം ക്ലാസ്സ് ഉന്നതനിലവാരത്തിൽ വിജയിക്കുകയും ചെയ്തു.

# കർമ്മ മണ്ഡലങ്ങൾ

## ❁ വിദ്യാഭ്യാസ മേഖല

കൂരിരുളിനെ കീറി മുറിക്കുന്ന വജ്രായുധമാണ് വെളിച്ചം. വിദ്യാഭ്യാസമാകുന്ന വെളിച്ചത്തിന് മധ്യതിരുവിതാംകൂറിന്റെ ഹൃദയഭൂമികളിലൊന്നായ ഓമല്ലൂരിൽ ചെറിയാൻ സാർ തിരി കൊളുത്തി. അത് പല സ്ഥലങ്ങളിലേക്കും പടർന്ന് ഒരു വിദ്യാഭ്യാസ വിപ്ലവത്തിന് തുടക്കമിട്ടു. സ്വന്തമായി പതിനഞ്ചിൽപരം സ്കൂളുകൾ സ്ഥാപിക്കുകയും ഓമല്ലൂർ എസ്. പത്മനാഭപ്പണിക്കരുടെ ഒൻപത് സ്കൂൾ ഏറ്റെടുത്ത് നടത്തി വിജയിപ്പിക്കുകയും ചെയ്തു. എല്ലാ സ്കൂളുകളും വളരെ നല്ല രീതിയിൽ പ്രവർത്തിച്ച് ആയിരക്കണക്കിന് ജനങ്ങൾക്ക് വെളിച്ചം പകർന്നുകൊടുത്തു. ഓമല്ലൂരിൽ മാത്രം നാലു സ്കൂളുകൾ. ചെന്നീർക്കരയിൽ മൂന്നു സ്കൂളുകൾ. കല്ലൂപ്പാറ, റാന്നി -വൈക്കം, മൈലപ്ര, മണ്ണാറക്കുളഞ്ഞി, നന്നുവക്കാട് തുടങ്ങി മറ്റ് സ്ഥലങ്ങളിലും വിദ്യാലയങ്ങൾ സ്ഥാപിച്ചു.

തനിക്കുലഭിച്ച ജ്ഞാനം അപരർക്കു നല്കുന്നതിന് വിദ്യാലയം ഇല്ലാതെയിരുന്ന ചീക്കനാൽ എന്ന ഗ്രാമത്തിൽ ഒരു പ്രൈമറി വിദ്യാലയം 1900-ാമാണ്ടിൽ സ്ഥാപിച്ച് അദ്ധ്യാപകനും ഹെഡ്മാസ്റ്ററും മാനേജരുമായി പ്രവർത്തിച്ചു. ഈ വിദ്യാലയം ചീക്കനാൽ കവലയിൽ ഇടയിൽ പുരയിടത്തിലെ ഇന്നുള്ള കടകളുടെ സ്ഥാനത്തായിരുന്നു. വളരെ ദൂരെനിന്നും ആളുകൾ വന്ന് പഠിച്ച് ഈ വിദ്യാലയം പ്രയോജനപ്പെടുത്തുമായിരുന്നു. പില്ക്കാലത്ത് ഒരു ഔപചാരിക വിദ്യാലയത്തിന് അനുവാദം ലഭിച്ചപ്പോൾ ആയത് ഇപ്പോഴുള്ള സ്കൂൾ നില്ക്കുന്ന ചീക്കനാലിൽ ഒമ്പതുസെന്റ് സ്ഥലം വിലയ്ക്കു

വാങ്ങി ആറുസെന്റിൽ ഒരു കെട്ടിടവും, മൂന്നുസെന്റിൽ വേറൊരു കെട്ടിടവും പണിത് ഒന്നുമുതൽ നാലു വരെ ക്ലാസ്സുകളുള്ള ചീക്കനാൽ ഗ്രാന്റ് സ്കൂൾ സ്ഥാപിതമായി. ഇവിടെ അദ്ധ്യാപകനായും മാനേജരായും ചെറിയാൻ സാർ പ്രവർത്തിച്ചുവന്നിരുന്നു. ചെറിയാൻ സാറിന്റെ മക്കളായ വി. സി. ഇട്ടിച്ചെറിയ, വി. സി. ജോഷ്വാ, വി. സി. ദാനിയേൽ, വി. സി. തോമസ് എന്നിവർ ഇവിടെ അദ്ധ്യാപകരായിരുന്നിട്ടുണ്ട്. വി. സി. ജോഷ്വായും വി. സി. ദാനിയേലും ഈ സ്കൂളിൽ ദീർഘകാലം ഹെഡ്മാസ്റ്ററന്മാരായി സേവനം അനുഷ്ഠിച്ചിരുന്നു. ഈ വിദ്യാലയം മലയാള വർഷം 1122-ൽ മാനേജരായിരുന്ന വി. സി. ജോഷ്വാ സർക്കാരിനു സറണ്ടർ ചെയ്തു. ഇന്ന് ഒരേക്കർ സ്ഥലമുള്ള ഒരു സർക്കാർ വിദ്യാലയമായി തുടർന്നു വരുന്നു. ഇവിടുത്തെ പൂർവ്വ വിദ്യാർത്ഥികൾ ലോകത്തെമ്പാടും വിവിധ മേഖലകളിൽ സേവനമനുഷ്ഠിച്ചുവരുന്നു.

ലോകപ്രശസ്ത വേദശാസ്ത്രജ്ഞൻ റവ. ഡോ. വി. സി. ശമുവേൽ, റവ. ഫാ. കെ. സി. വറുഗീസ്, റവ. ഫാ. കെ. ഐ. വറുഗീസ് (കൊല്ലന്റേത്ത്), തോമസ് മാർ മക്കാറിയോസ് തിരുമേനി, മുളമൂട്ടിൽ എം. ജെ. മത്തായി സാർ, ഡോ. ഇട്ടിച്ചെറിയ ഏബ്രഹാം തുടങ്ങിയവർ പൂർവ്വ വിദ്യാർത്ഥികളിൽ ചിലർ മാത്രം. ഈ സരസ്വതിക്ഷേത്രത്തിൽ ദീർഘകാലം അദ്ധ്യാപകനായിരുന്ന ഗോവിന്ദപ്പിള്ള സാർ, വെട്ടിക്കൂട്ടത്തിൽ വറുഗീസ് സാർ, മടുക്കുവേലിൽ മത്തായി സാർ, പുളിമൂട്ടിൽ ചെറിയാൻ സാർ, വിളവിനാൽ ജോൺ സാർ, മുളമൂട്ടിൽ സാറാമ്മ സാർ, കൈമൂട്ടിൽ ജോൺസാർ, വെട്ടിക്കൂട്ടത്തിൽ ദാനിയേൽ സാർ, മണ്ണിൽ സാറാമ്മ സാർ തുടങ്ങിയവരെ പ്രത്യേകം അനുസ്മരിച്ചുകൊള്ളട്ടെ.

## ☸ മറ്റുവിദ്യാലയങ്ങൾ സ്ഥാപിക്കൽ

1910-ൽ തിരുവിതാംകൂർ വിദ്യാഭ്യാസ ഡയറക്ടറായിരുന്ന മിച്ചൽ സായിപ്പ് പുറപ്പെടുവിച്ച വിദ്യാഭ്യാസ കോഡ് പ്രകാരം സർക്കാരിന്റെ സാർവത്രിക വിദ്യാഭ്യാസലക്ഷ്യത്തെ മുൻനിർത്തി സ്ഥലവും കെട്ടിടവും ഉള്ളിടത്തെല്ലാം വിദ്യാലയങ്ങൾ അനുവദിക്കുവാൻ തീരുമാനമുണ്ടായിരുന്നു. ഇതേത്തുടർന്നായിരുന്നു ചെറിയാൻസാർ നാട്ടിൽ വിദ്യാഭ്യാസ വിപ്ലവത്തിനു ആരംഭമിട്ടത്. അക്കാലത്ത് വിദ്യാഭ്യാസവകുപ്പിൽ കൊല്ലം ഡിവിഷൻ ഇൻസ്പെക്ടറായിരുന്ന പുതുപ്പള്ളി ഒറ്റപ്ലാക്കൽ ബഹു. ഒ. എം. ചെറിയാൻ ആയതിന് എല്ലാ പ്രോത്സാഹനങ്ങളും സഹായങ്ങളും ചെയ്തിരുന്നു. നാട്ടുകാരുടെ സഹകരണത്തോടെ പന്ന്യാലി, വാഴമുട്ടം, പുത്തൻപീടിക, മൈലപ്ര, ചെന്നീർക്കര നോർത്ത് (ഊന്നുകൽ), നന്നുവക്കാട്, മണ്ണാറക്കുളഞ്ഞി, കല്ലൂപ്പാറ, റാന്നി -വൈക്കം എന്നിവിടങ്ങളിൽ സ്ഥലവും കെട്ടിടങ്ങളും സമ്പാദിച്ച് കൈവരിച്ച് പതിനഞ്ചിൽപരം സ്കൂളുകൾ സ്ഥാപിക്കുകയായിരുന്നു. 1915 -ൽ 12 സെന്റ് സ്ഥലം വാങ്ങി പുത്തൻ പീടിക കാത്തോലിക്കാ പള്ളിയുടെ സമീപം ഒന്നു മുതൽ നാലുവരെ ക്ലാസ്സുകളുള്ള പ്രൈമറി വിദ്യാലയം സ്ഥാപിച്ചു. ഈ വിദ്യാലയം ഇന്ന് മലങ്കര കത്തോലിക്കാ സഭയുടെ തിരുവനന്തപുരം അതിരൂപതാ മാനേജ്മെന്റിന്റെ കീഴിലാണ്. ഈ കാലയളവിൽതന്നെ പന്ന്യാലി സ്കൂളിന്റെ നടത്തിപ്പിൽ വിളവിനാൽ തച്ചരടയ്യത്ത് ഈശോ സാർ (കുഞ്ഞച്ചൻ) ചെറിയാൻസാറുമായി വളരെ അടുത്ത ബന്ധത്തിലായിരുന്നു എന്നു സ്മരിച്ചുകൊള്ളട്ടെ. ഇതിനുശേഷം മൈലപ്രയിൽ ഒരു പ്രൈമറി സ്കൂൾ സ്ഥാപിച്ചു. ഇന്ന് ഈ സ്കൂളും മലങ്കര കത്തോലിക്കാ

മാനേജ്മെന്റിന്റെ അധീനതയിലാണ്. കൂടാതെ ചെന്നീർക്കര വടക്ക് (കച്ചറ) എൽ. പി. എസ്സും, കല്ലൂപ്പാറ എൽ. പി. എസും സ്ഥാപിച്ചു. പിൽക്കാലത്ത് കച്ചറ സ്കൂൾ ഒരു സ്വകാര്യവ്യക്തിക്ക് കൈമാറ്റം നടത്തി. കല്ലൂപ്പാറ സ്കൂൾ നിന്നുപോയി.

മേൽപറഞ്ഞ വിദ്യാലയങ്ങൾ സ്ഥാപിച്ച് നടത്തിവരവെ സരസകവി മുലൂർ എസ്. പത്മനാഭപ്പണിക്കർ അവർകളുടെ അധീനതയിലായിരുന്ന ഒമ്പതു വിദ്യാലയങ്ങളുടെ ഭരണചുമതലയും കറസ്പോണ്ടന്റായി ഏറ്റെടുത്ത് നടത്തുകയുണ്ടായി. അപ്രകാരം ആ കാലഘട്ടത്തിൽ ഇന്നത്തെപ്പോലെ വാഹനസൗകര്യം പോലുമില്ലാത്ത കാലത്ത് ഇരുപത്തിഅഞ്ച് വിദ്യാലയങ്ങളുടെ മാനേജരും ഭണമേധാവിയുമായി സ്തുത്യർഹമായ വിധം നാടിനും നാട്ടാർക്കും പ്രയോജനകരമാകത്തക്ക വിധം സേവനമനുഷ്ഠിയ്ക്കാൻ ബഹു. ചെറിയാൻ സാറിനു കഴിഞ്ഞതു ചെറിയ കാര്യമല്ല. എത്ര പ്രശംസിച്ചാലും മതിയാവുകയുമില്ല.

1996-ൽ പ്രസിദ്ധീകരിച്ച ഓമല്ലൂർ പഞ്ചായത്ത് വികസനരേഖയിൽ ചെറിയാൻ സാറിനെ അനുസ്മരിക്കുന്നത് ഇപ്രകാരമാണ്. (വികസന രേഖ പേജ് 63)

"വിദ്യാലയങ്ങൾ സ്ഥാപിക്കുവാൻ വേണ്ടി മുൻകൈ എടുത്ത് പ്രവർത്തനം നടത്തിയ ചില പ്രമുഖ വ്യക്തികളെപ്പറ്റി എടുത്തുപറയേണ്ടതാവശ്യമാണ്. അവരിലൊരാൾ ചീക്കനാൽ ഇടയിൽ ചെറിയാൻ ആയിരുന്നു. ഈ പഞ്ചായത്തിൽപ്പെട്ട നാലു സ്കൂളുകൾ - ചീക്കനാൽ എൽ. പി. എസ്., വാഴമുട്ടം എൽ. പി. എസ്., പന്ന്യാലി യു. പി. എസ്., പുത്തൻപീടിക എൽ. പി. എസ്. എന്നിവ സ്ഥാപിക്കുവാൻ നേതൃത്വം നല്കിയ ബഹുഭാഷാപണ്ഡിതനും വിദ്യാഭ്യാസ വിചക്ഷണനുമായിരുന്നു ഇടയിൽ ചെറിയാൻ."

## ☸ സാമൂഹിക സാംസ്കാരിക മേഖല

സാമൂഹിക സാംസ്കാരിക മേഖലകളിൽ വളരെയധികം സംഭാവന നൽകി പൊതുക്കാര്യപ്രസക്തനായിരുന്ന ഇ.ഐ. ചെറിയാൻ തിരുവിതാംകൂറിലെ കൊല്ലം ദേശത്തിലുള്ള ചെങ്ങന്നൂർ മണ്ഡപത്തുംവാതുക്കൽ താലൂക്കിലെ ഓമല്ലൂരിനെ പ്രതിനിധീകരിച്ച് ശ്രീമൂലം പ്രജാസഭയിൽ (Member of the Legislative Council-M.L.C.) നോമിനേറ്റഡ് അംഗമായും പ്രവർത്തിച്ചിരുന്നു. തിരുവിതാംകൂറിലെ പ്രശസ്ത സ്ഥാപനങ്ങളിലൊന്നായിരുന്ന ഓമല്ലൂർ 114-ാം നമ്പർ പരസ്പരസഹായ സഹകരണസംഘത്തിന്റെ സ്ഥാപകനേതാക്കന്മാരായിരുന്നു നാടിന്റെ വികസനത്തിനു വലിയ സംഭാവനകൾ ചെയ്തവരും ഓമല്ലൂരിലെ ത്രിമൂർത്തികൾ എന്നറിയപ്പെട്ടിരുന്നവരുമായ ഇടയിൽ ചെറിയാൻ സാറും, കുരിക്കളഴികത്തു ഗോവിന്ദപിള്ള ആശാനും, വടക്കേടത്തുഗീവറുഗീസ് കത്തനാരും. ചെറിയാൻസാർ ദീർഘകാലം ആ സംഘത്തിന്റെ പ്രസിഡന്റായിരുന്നു. വൈദ്യസഹായം ഒന്നും ലഭ്യമല്ലാതിരുന്ന അക്കാലത്ത് സ്വയമായി വൈദ്യം പഠിച്ച് രോഗികൾക്കു മരുന്നും ചികിത്സയും സൗജന്യമായി നൽകി ആതുരശുശ്രൂഷാരംഗത്തും അദ്ദേഹം തന്റെ മികവു തെളിയിച്ചു. തിരുവിതാംകൂറിലെ ചിട്ടിപ്രസ്ഥാനങ്ങളുടെ ആരംഭകാലഘട്ടത്തിൽ രജിസ്റ്റർ ചെയ്ത ചിട്ടി നടത്തി സാമ്പത്തിക മേഖലയിലും അദ്ദേഹം ഗണ്യമായ സംഭാവന നല്കി. തിരുവിതാംകൂർ വിദ്യാഭ്യാസവകുപ്പിന്റെ നേതൃത്വം വഹിച്ചിരുന്ന സ്കൂൾ ഇൻസ്പെക്ടർ റാവു ബഹദൂർ ഒ.എം.ചെറിയാനെപ്പോലുള്ള വിദ്യാഭ്യാസാധികൃതരുമായുള്ള ബന്ധത്തിലും സ്വാധീനത്തിലും ജാതിമതഭേദമെന്യേ തൊഴിലന്വേഷകരായ അനേകം

യുവാക്കൾക്കു തൊഴിൽ നേടിക്കൊടുക്കുന്നതിനു അദ്ദേഹം നിർലോപം സഹായിച്ചു. അതുമൂലം അനേകർക്കു ജീവിത മാർഗ്ഗം ലഭിക്കുവാനിടയായി. ഈവക പ്രവർത്തനങ്ങളൊക്കെയും യാതൊരുവിധ പ്രതിഫലവും വാങ്ങാതെ ആയിരുന്നു അദ്ദേഹം നിർവ്വഹിച്ചുവന്നത് എന്നുള്ള വസ്തുത ഇക്കാലത്തെ പൊതുചിന്താഗതിവച്ചുനോക്കുമ്പോൾ അതിശയോക്തിപരമായി തോന്നിയേക്കാം.

### ❁ മികച്ച സാമൂഹ്യപ്രവർത്തകൻ

കോടതികളോ, സമാനസ്വഭാവമുള്ള സംവിധാനങ്ങളോ പത്തനംതിട്ട നിവാസികൾക്ക് അപ്രാപ്യമായിരുന്ന ആ കാലഘട്ടത്തിൽ നാട്ടിലെ തർക്കവിഷയങ്ങൾ പറഞ്ഞു തീർക്കുന്നതിൽ ഇ.ഐ.ചെറിയാൻ എന്ന ഇടയിൽ വാദ്ധ്യാർ വഹിച്ച പങ്ക് എടുത്തുപറയേണ്ടിയിരിക്കുന്നു. പലപ്പോഴും പൊതുക്കാര്യങ്ങളുമായി ബന്ധപ്പെട്ട വ്യവഹാരങ്ങൾക്കായി ഇദ്ദേഹം കൊല്ലത്തേക്കു പോവുക പതിവായിരുന്നു. തലേദിവസം രാത്രിയിൽ റാന്തൽ വിളക്കുമായി കാൽനടയായി കൊല്ലത്തേയ്ക്ക് ഒറ്റയ്ക്കു യാത്രചെയ്യാൻ ഇദ്ദേഹത്തിന് യാതൊരു മടിയുമില്ലായിരുന്നു. നാട്ടുകാർക്കുവേണ്ടി എന്തു ത്യാഗം സഹിക്കാനും അദ്ദേഹം സന്നദ്ധത പ്രകടിപ്പിച്ചിരുന്നു. ജനങ്ങൾക്ക് ഏറെ പ്രിയപ്പെട്ടവനായിരുന്നുവെങ്കിലും അവരിൽ നിന്ന് ആനുകൂല്യങ്ങളൊന്നും പറ്റാൻ ബഹുമാനപ്പെട്ട ഇ.ഐ. ചെറിയാൻ തയ്യാറായിരുന്നില്ല. എന്നാൽ പൊതുക്കാര്യ പ്രസക്തനായ ഇടയിൽ വാദ്ധ്യാരുടെ നിസ്വാർത്ഥ സേവനത്തെ ഭരണാധികാരികൾ പോലും പ്രശംസിച്ചിരുന്നുവെന്നതിനു ഉത്തമ നിദർശനമാണു ഇദ്ദേഹത്തിനു തിരുവിതാംകൂർ പ്രജാമണ്ഡലത്തിൽ അംഗത്വം ലഭിച്ചത്.

## ❁ ആദ്ധ്യാത്മിക രംഗത്തെ സംഭാവനകൾ

പരിശുദ്ധ ഏലിയാസ് തൃതിയൻ പാത്രിയർക്കീസ് ബാവായെ മഞ്ഞനിക്കരയിൽ കൊണ്ടുവരുവാൻ മലങ്കര യാക്കോബായ സഭയിലെ പ്രമുഖ സഭാപ്രവർത്തകനായ ചെറിയാൻസാർ നേതൃത്വം കൊടുത്തിരുന്നു. പരിശുദ്ധ ബാവ മഞ്ഞിനിക്കരയിൽ കബറടങ്ങിയശേഷം ഭൗതികാവശിഷ്ടം കോട്ടയത്തു കൊണ്ടുപോകാനുള്ള ശ്രമത്തെ ധീരമായി എതിർത്ത വ്യക്തികളിലൊരാളാണ് ചെറിയാൻസാർ. മഞ്ഞനിക്കരയിൽ പരിശുദ്ധ ബാവായുടെ കബർ പണിയുന്നതിനും ദയറാ പള്ളി പണിയുന്നതിനും മുഖ്യ നേതൃത്വം വഹിച്ചത് ചെറിയാൻസാർ ആയിരുന്നു. അന്ത്യോക്യാ പ്രതിനിധിയായി മഞ്ഞനിക്കര ദയറായിൽ വസിച്ചിരുന്ന യൂലിയോസ് ബാവ തിരുമേനിക്ക് അവിടെ നേരിടേണ്ടിവന്ന പ്രതിസന്ധിഘട്ടങ്ങളിൽ ശ്രീ. ചെറിയാൻ വളരെയേറെ സഹായങ്ങൾ ചെയ്തിട്ടുണ്ട്. 2000 സെപ്റ്റംബർ 16-ാം മലങ്കര സഭാദീപം പ്രസക്തഭാഗം നോക്കുക.

1933 ഡിസംബർ മാസത്തിലാണ് പാത്രിയർക്കീസ് സ്ഥാനാരോഹണത്തിന് യൂലിയോസ് മെത്രാപ്പോലീത്താ ശീമയ്ക്ക് പോയി മടങ്ങിവന്നത്. അദ്ദേഹത്തിന്റെ കൂടെ അബ്ദൽ ആഹാദ് റമ്പാച്ചനും (പിന്നീട് പാത്രിയർക്കീസ്) വന്നിരുന്നു. ഇവരെ മഞ്ഞനിക്കരയിൽ കയറ്റാതിരിക്കുവാൻ വേണ്ട ശ്രമങ്ങൾ അന്നുനടന്നു. ഇവിടെയും ചെറിയാൻ സാറിന്റെ സ്വാധീനവും നേതൃത്വവും വളരെയേറെ ഉപകരിച്ചു. യൂലിയോസ് മെത്രാപ്പോലീത്തായെ തിരുവനന്തപുരത്ത് നേരിട്ടു കൊണ്ടുപോയി മഹാരാജാവിനെയും ദിവാനെയും സന്ദർശിച്ച് വേണ്ട നടപടികൾ എടുത്തതിന്റെ ഫലമായി

ഓമല്ലൂരിൽ നിന്നും മഞ്ഞനിക്കര വരെ വഴിനീളെ പോലീസ് സംരക്ഷണത്തിൽ ഇവർക്ക് ദയറായിൽ പ്രവേശിക്കുവാൻ കഴിഞ്ഞു.

ശീമയിൽ നിന്നും വന്ന പാത്രിയർക്കാ പ്രതിനിധി യൂലി യോസ് മെത്രാച്ചനും അബ്ദുൾ ആഹാദ് റമ്പാച്ചനും, നാട്ടു കാരായ മെത്രാച്ചന്മാർക്ക് അവരുടെ സ്ഥാനത്തിനനുസരി ച്ചുപോലും ബഹുമാനം കൊടുത്തിരുന്നില്ല. ഇൻഡ്യാക്കാരെ അവർക്കു പൊതുവേ പുച്ഛമായിരുന്നു. ഇതായിരുന്നു വസ്തു തയെങ്കിലും യൂലിയോസ് മെത്രാപ്പോലീത്തായെ മഞ്ഞനിക്ക രയിലെ ഒരു വിഭാഗം ജനങ്ങൾ ധനലാഭത്തെക്കരുതി എതിർത്തുവന്നുവെന്നതും കണക്കിലെടുക്കണം. അതുമൂലം പലകേസുകളും വഴക്കുകളും മെത്രാപ്പോലീത്തായ്ക്കെതി രായി ഉണ്ടാകുകയും ചെയ്തു. അവയിലെല്ലാം യൂലിയോസ് മെത്രാപ്പോലീത്തായുടെ സഹായത്തിനുണ്ടായിരുന്നത് ശമുവേലച്ചനും അദ്ദേഹത്തിന്റെ പിതാവ് ചെറിയാൻസാറും കുടുംബവും നാട്ടുകാരായ ഇതര സഭാംഗങ്ങളും അന്യമത സ്ഥരും മാത്രമായിരുന്നു. ബാവായുടെ കബറിടം നിർമ്മിക്കു ന്നതിനും, തീർത്ഥാടകർക്ക് മഴയും വെയിലും ഏൽക്കാതെ കൊട്ടിൽ ഉണ്ടാക്കുന്നതിനും മഞ്ഞനിക്കര ദയറായുടെ ആരം ഭത്തിനും മറ്റെല്ലാ സഹായങ്ങൾക്കും ശമുവേലച്ചന്റെ പിതാവും കുടുംബാംഗങ്ങളും സഹിച്ച ത്യാഗം വളരെ വളരെ വലുതാണ്.

വൈദികർക്ക് നിന്ന് ശുശ്രൂഷ നടത്തുന്നതിന് കഷ്ടിച്ച് സ്ഥലസൗകര്യം മാത്രമേ ബാവായുടെ കബറിടത്തിൽ പണിത കൊച്ചുകെട്ടിടത്തിന് ഉണ്ടായിരുന്നുള്ളൂ. അതുമൂലം വിദൂര ത്തുനിന്നും അടുത്തുനിന്നും വരുന്ന വിശ്വാസികൾക്ക് മഴയും

വെയിലുമേൽക്കാതെ സൗകര്യപ്രദമായി നിന്ന് ആരാധനയിൽ സംബന്ധിക്കുവാൻ തക്കവണ്ണം ഒരു കൊട്ടിൽ നിർമ്മിക്കുന്നതിനു സഹായിച്ചത് ചെറിയാൻസാറിന്റെ കുടുംബമായിരുന്നു. അദ്ദേഹത്തിന്റെ പറമ്പിൽനിന്ന തടികൾ ഉരുപ്പടികളാക്കി ശമുവേലച്ചന്റെ ജ്യേഷ്ഠസഹോദരൻ വി. സി. ജോഷ്വാ കാള വണ്ടിയിൽ മഞ്ഞനിക്കരകൊണ്ടുചെന്നപ്പോൾ ഒരു സംഘം ആളുകൾ അവരെ അവിടെ കടത്തിവിടാതെയിരിക്കുവാൻ ഗുണ്ടാകളെ കാവലാക്കിയിരുന്നു. സ്ഥലത്തെ അദ്ധ്യാപകനും തന്റെ സഹപാഠികളിൽ ചിലരും അക്കൂട്ടത്തിലുണ്ടായിരുന്നതുകൊണ്ട് അദ്ദേഹത്തിന്റെ തടിക്കു കേടുപറ്റിയില്ല. എന്നാൽ അതൊക്കെ നിർമ്മിച്ചതിന്റെ പേരിൽ യൂലിയോസ് മെത്രാപ്പോലീത്താ ഒന്നാം പ്രതിയും, ചെറിയാൻ സാറും, മക്കളായ വി. സി. ജോഷ്വാ, വി. സി. ശമുവേൽ എന്നിവർ രണ്ടു മുതൽ നാലുവരെ പ്രതികളുമായി എതിരാളികൾ ക്രിമിനൽ കേസു കോടതിയിൽ ഫയൽ ചെയ്തു. വിദേശിയായ മെത്രാനും, എം. എൽ. സി. ആയിരുന്ന ചെറിയാൻസാറും വാദികളെ ആക്രമിക്കുവാൻ ഒരുമ്പെടുകയില്ലെന്നു പറഞ്ഞ്, കോടതി ആ കേസ് സ്വീകരിച്ചില്ല. മറ്റൊരവസരത്തിൽ മഞ്ഞിനിക്കര താമസിക്കുന്ന മെത്രാപ്പേലീത്തായ്ക്കും സഹോദരനായ ശമുവേലിനും ഭക്ഷണമൊന്നുമില്ലെന്നറിഞ്ഞ് വീട്ടിൽ നിന്നു പലഹാരങ്ങളും പഴങ്ങളും മറ്റ് ആഹാരസാധനങ്ങളും തലച്ചുമടെ ജോലിക്കാരുമായി വി. സി. ജോഷ്വാ കൊണ്ടുപോയി. ആ സമയത്തും റൗഡികളായ ചിലർ തടസ്സം സൃഷ്ടിച്ചു. എങ്കിലും അതു തരണംചെയ്ത് ദയറായുടെ വരാന്തയിൽ കടന്ന് സാധനങ്ങളവിടെ വച്ചശേഷം വിളിച്ചിട്ടു ഭയംകൊണ്ടു മെത്രാപ്പോലീത്ത വാതിൽ തുറന്നില്ല. സാധനങ്ങൾ വരാന്ത

യിൽ വച്ച് വിവരം വിളിച്ചുപറഞ്ഞശേഷം അവർ ഭയംകൊണ്ടു സ്ഥലംവിട്ടു. അല്പദൂരം നടന്നു നീങ്ങിയ അവർ തിരിഞ്ഞു നോക്കിയപ്പോൾ കണ്ടത് ആ സാധനങ്ങളെല്ലാം ആ റൗഡികൾ എടുത്തുകൊണ്ടു പോകുന്ന കാഴ്ചയായിരുന്നു.

പാലാമ്പടം ശ്രീ. പി. റ്റി. തോമസിന്റെയും പള്ളത്ത് വി. ഐ. മാത്തന്റെയും സഹകരണത്തിൽ ദയറായോടു ചേർന്നുള്ള സ്ഥലം വാങ്ങിക്കൊടുക്കുന്നതിനു ഏർപ്പാടുചെയ്തുകൊടുത്തത് ചെറിയാൻസാർ ആയിരുന്നു. ഓമല്ലൂർ മെയിൻ റോഡിൽ സ്ഥിതി ചെയ്യുന്ന കുരിശടിക്കു സ്ഥലം വാങ്ങി കുരിശു സ്ഥാപിച്ച് ദയറായ്ക്കു ദാനം ചെയ്തതും അദ്ദേഹമായിരുന്നു. കുരിശടി നിർമ്മിക്കുന്നതിന് വലിയ എതിർപ്പുണ്ടായിരുന്നിട്ടും ചെറിയാൻ സാർ തന്റെ സ്വാധീനം ഉപയോഗിച്ച് അതു നിർമ്മിക്കുകയായിരുന്നു. 1934-ൽ പാത്രയർക്കാവാഴ്ചയ്ക്കു ശീമയ്ക്കുപോയിരുന്ന മെത്രാപ്പോലീത്താ മടങ്ങിവന്നപ്പോൾ ശെമ്മാശ്ശനായിരുന്ന അബ്ദുൾ ആഹാദ് റമ്പാനെ കൂടെ കൊണ്ടുവന്നു. അവർ എത്തിയപ്പോൾ മഞ്ഞനിക്കരയിൽ പ്രവേശിപ്പിക്കുവാൻ വളരെ അധികം എതിർപ്പുണ്ടായി. അതിനുശേഷം വളരെക്കാലം മെത്രാപ്പോലീത്തായ്ക്കും റമ്പാനും ശമുവേലിനും അവിടെ താമസിക്കുവാൻ കഴിഞ്ഞത് പോലീസ് കാവലോടെയായിരുന്നു.

മഞ്ഞനിക്കരയിലെ സാഹസികവും ത്യാഗനിർഭരവുമായ ജീവിതത്തെക്കുറിച്ച് ശമുവേലച്ചൻ രേഖപ്പെടുത്തിയിരിക്കുന്നതു നോക്കുക.

''മഞ്ഞനിക്കര ദയറയിൽ താമസിച്ചിരുന്ന ഞാനുൾപ്പെടെ നാലുപേരെ അവിടെനിന്നും ഓടിച്ച് സ്ഥലം കൈവശപ്പെടുത്തുവാൻവേണ്ടി ബന്ധപ്പട്ടവർ ശ്രമിച്ചുകൊണ്ടിരുന്ന

അവസരമായിരുന്നു അത്. അവരാരും പാത്രിയർക്കീസ് ബാവായോടൊ, അദ്ദേഹത്തിന്റെ പ്രതിനിധി യൂലിയോസ് മെത്രാപ്പോലീത്തായോടൊ ബഹുമാനം പ്രകടിപ്പിച്ചിട്ടുള്ളവരല്ല. ഇതിനും പുറമെ ഇടവക മെത്രാപ്പോലീത്താ ആയിരുന്ന മിഖായേൽ മാർ ദിവന്നാസ്യോസിനെ ഒരു തരത്തിലും മഞ്ഞിനിക്കരയിൽ പ്രവേശിപ്പിക്കാതെയിരിക്കുവാൻ അവർ ശ്രമിച്ചിട്ടുണ്ട്. മഞ്ഞനിക്കര കബർ സ്ഥിതിചെയ്യുന്ന സ്ഥലം ശീമക്കാർക്ക് എഴുതിക്കൊടുത്തതുതന്നെ മെത്രാപ്പോലീത്തായ്ക്കും, നാട്ടുകാർക്കും ഒരു അവകാശവും അവിടെ ലഭ്യമാകരുതെന്നു മനഃപൂർവ്വം കരുതിയിരുന്നതുകൊണ്ടാണ്. എന്നാൽ അനുഭവത്തിൽ വന്നപ്പോൾ ഇടവക മെത്രാപ്പോലീത്തായ്ക്കു മാത്രമല്ല തങ്ങൾക്കുതന്നെയും മഞ്ഞനിക്കര അവകാശപ്പെടാനാവാത്ത നിലയാണു വന്നുചേർന്നത്. അതിലുള്ള അമർഷം അവിടെ താമസിച്ചിരുന്നവരുടെമേൽ ചുമത്തി അവരെ പീഡിപ്പിച്ച് അവിടെ നിന്നു ആട്ടിപ്പായ്ക്കുവാൻ ഉള്ള ശ്രമം മഞ്ഞനിക്കര കേസവധിവരെയും ശക്തിയായി നടന്നുകൊണ്ടിരുന്നു. ആ കേസിൽ ശീമക്കാർക്ക് അനുകൂല വിധിയുണ്ടാകുന്നതുവരെയും പലമാസങ്ങളിൽ അവിടെ താമസിച്ചിരുന്ന ഞങ്ങൾക്ക് ഈ വൈഷമ്യം തരണം ചെയ്യേണ്ടതായിവന്നു. (തെക്കേമൂത്തേരിൽ ചെറിയാൻ സ്കറിയാ കത്തനാർ സ്മരണിക 1991, പുറം–41)"

മക്കൾക്കെല്ലാം പെൺകുഞ്ഞുങ്ങൾക്ക് പോലും വിദ്യാഭ്യാസം നൽകുന്നതിൽ അദ്ധ്യാപകനായിരുന്ന ചെറിയാൻ സാർ ശുഷ്ക്കാന്തി കാണിച്ചു. സംസ്കൃതം പഠിക്കുന്നതിനു ഹൈന്ദവ സ്ത്രീകളൊ, ക്രിസ്താനികളോ അക്കാലത്ത് താല്പര്യം കാണിക്കുമായിരുന്നില്ല. ചെറിയാൻ സാർ തന്റെ

പെൺമക്കളെപ്പോലും സംസ്കൃതപഠനത്തിനയച്ചത് അക്കാലത്ത് ഒരതിശയമായിരുന്നു. എല്ലാ സന്താനങ്ങളും സ്വഭാവ നൈർമ്മല്യമുള്ളവരായി വളർന്നുവന്നു.

സംസ്കൃതത്തിലുള്ള പല കീർത്തനങ്ങളും അദ്ദേഹം വിവർത്തനം ചെയ്തിട്ടുണ്ട്. അദ്ധ്യാപകനായിരുന്ന ചെറിയാൻ സാറിന് നല്ലൊരു ഗ്രന്ഥശേഖരം ഉണ്ടായിരുന്നു. മലയാളം, സംസ്കൃതം, തമിഴ്, ഇംഗ്ലീഷ് ഭാഷകളിലുള്ള പുസ്തകങ്ങൾ ധാരാളം ഉണ്ടായിരുന്നു. ചെറുപ്പത്തിൽ തന്നെ അതെല്ലാം ഹൃദിസ്ഥമാക്കുന്നതിൽ ഉത്സുകനായിരുന്നു. അക്കാലത്ത് ദിനപത്രം അപൂർവ്വം. ചെറിയാൻ സാറ് പത്രവും മറ്റു ലഭ്യമായ പ്രസിദ്ധീകരണങ്ങളും മുടങ്ങാതെ വരുത്തിയിരുന്നു. പൊതുകാര്യപ്രസക്തനും അനേകം സ്കൂളുകളുടെ മാനേജരുമായിരുന്നതിനാൽ നാനാജാതി മതസ്ഥരായ വിശിഷ്ട വ്യക്തികളും ഉദ്യോഗസ്ഥപ്രമുഖരും അദ്ദേഹത്തെ സന്ദർശിക്കുക പതിവായിരുന്നു. സാധാരണ ഒരു സദസ് ആ പൂമുഖത്തെന്നുമുണ്ടായിരുന്നു. സാമുദായിക രാഷ്ട്രീയ കാര്യങ്ങൾ കേൾക്കുവാനും പഠിക്കുവാനും ലഭിച്ച സുവർണ്ണാവസരം ജന്മനാബുദ്ധിമാനും അപൂർവ്വ സിദ്ധികൾക്ക് ഉടമയുമായിരുന്ന ഫാ. വി. സി. ശമുവേലിന്റെ ചിന്താചക്രവാളം വികസിപ്പിച്ചതിലതിശയമില്ല.

അക്ഷരശ്ലോക മത്സരം ആ വീട്ടിൽ പിതാവും മക്കളുമെല്ലാം കൂടിയുള്ള സ്ഥിരം വിനോദപരിപാടികളിലൊന്നായിരുന്നു. പ്രാർത്ഥനാപുസ്തകങ്ങൾ അന്നു കുറവാണ്. വേദപുസ്തകം അപൂർവ്വം വീടുകളിലേ ഉണ്ടായിരുന്നുള്ളു. എങ്കിലും അവയെല്ലാം ആ ഭവനത്തിൽ ഉണ്ടായിരുന്നു. പഴയനിയമവും പുതിയനിയമവും സങ്കീർത്തനങ്ങളും

അദ്ദേഹത്തിന് കാണാപ്പാഠമായിരുന്നു.

ഹൈന്ദവസഹോദരങ്ങളായ സഹപ്രവർത്തകർ ചെറിയാൻ സാറിനെ കാണുന്നതിനും സംസാരിക്കുന്നതിനും വന്നിരുന്നു. അവരും മതപരവും സാമൂഹ്യവുമായ വിഷയങ്ങൾ ചർച്ച ചെയ്തിരുന്നു. വേദേതിഹാസങ്ങളും, ഭഗവത്ഗീതയും വായിക്കുന്നതിനും പഠിക്കുന്നതിനും അതുമൂലം വിശാലമനഃസ്ഥിതി വളർത്തിയെടുക്കുന്നതിനും പൈതൽ പ്രായത്തിലേ അദ്ദേഹത്തിന്റെ മകനായ വി. സി. ശാമുവേൽ അച്ചന് സാധ്യമായി. അദ്ദേഹത്തിന്റെ ആത്മകഥയിൽ പറയുന്നു. “ചെറുപ്പകാലം മുതലേ മതകാര്യങ്ങളിൽ ഞാൻ തല്പരനായിരുന്നു. എല്ലാ മതങ്ങളെയും ഇതര സഭകളെയും ഞാൻ ബഹുമാനത്തോടെ വീക്ഷിച്ചിരുന്നു.” വിവിധ ഭാഷകളിൽ സ്വാധീനം നേടി ലോകമതങ്ങളെയും സംസ്കാരങ്ങളെയും കുറിച്ച് അഗാധമായ അറിവ് സ്വായത്തമാക്കി ബ്രഹ്മജ്ഞാനിയാകുവാനും ലോകത്താകമാനം പണ്ഡിതന്മാരുടെ ഇടയിൽ അറിയപ്പെടുന്ന സഭൈക്യ പ്രവാചകനായും, മതസൗഹാർദ്ദ വക്താവായും ഹൈന്ദവസത്തയുടെ പൊരുൾ തേടിയ സുവിശേഷകനായും രൂപാന്തരപ്പെടുവാനും ഇടയാക്കിയത് ഈ പരിശീലനക്കളരിയുടെ സ്വാധീനത്താലാണ്.

അദ്ദേഹത്തിന്റെ സിദ്ധിവിശേഷം മനസ്സിലാക്കിയ പിതാവ് പത്തുവയസ്സിൽ താഴെ പ്രായമുള്ള ബാലനായ തന്നോടു പ്രവചനരൂപത്തിൽ പറഞ്ഞ വസ്തുത 42-ാമത്തെ വയസ്സിൽ ഓർത്ത് അമേരിക്കയിലുരുന്നുകൊണ്ട് അദ്ദേഹം പ്രസിദ്ധീകരിച്ച ആത്മകഥാംശം നിറഞ്ഞ “എന്റെ ചിന്താവികസനം” എന്ന ലേഖനപരമ്പരയിൽ ഇപ്രകാരം പറയുന്നു.

"പൂർവ്വകാല ജീവിതത്തിലേയ്ക്കു തിരിഞ്ഞുനോക്കുമ്പോൾ എന്റെ മനസ്സിൽനിന്നു മായാതെ നിൽക്കുന്ന ഒരു സംഭവമുണ്ട്. എനിക്കു എട്ടുപത്തുവസ്സുപ്രായമുള്ള കാലത്തൊരിക്കൽ എന്റെ പിതാവ് എന്നെ അരികെ വിളിച്ച് വേദപുസ്തകത്തിൽ നിന്നും ശമുവേൽ പ്രവാചകന്റെ ഒന്നാം പുസ്തകത്തിലെ ആദ്യത്തെ മൂന്നദ്ധ്യായങ്ങൾ വായിപ്പിച്ച ശേഷമേതാണ്ടിങ്ങനെ പ്രസ്താവിച്ചു. 'നിനക്ക് ശമുവേലെന്നു പേരിട്ടതിന് ഒരു പ്രത്യേക ഉദ്ദേശ്യമുണ്ട്. ആ പേരിന്റെ അർത്ഥം 'ദൈവം കേട്ടു' എന്നത്രേ. നീ ഒരു ധനാഢ്യനായിത്തീർന്നു വാർദ്ധക്യകാലത്തെന്നെ പരിചരിക്കണമെന്നല്ല നിന്നെക്കുറിച്ച് ഞാനാഗ്രഹിക്കുന്നത്. ശമുവേൽ പ്രവാചകനെപ്പോലെ ദൈവത്തിന്റെ ദാസനായിത്തീർന്ന് ആയുസ്സുപര്യന്തം ദൈവത്തെ സേവിക്കണമെന്നാണ് എനിക്കു നിന്നെക്കുറിച്ചുള്ള പ്രതീക്ഷ. ആ പ്രതീക്ഷ നിന്റെ ജീവിതത്തിൽ സഫലമാക്കുന്ന പക്ഷം ഞാനതിനായി സന്തോഷിക്കും.' ഈ പ്രസ്താവനയിലടങ്ങുന്ന ആശയം എനിക്കന്നു വ്യക്തമായിരുന്നില്ലായെന്നു പ്രത്യേകിച്ചു പറയേണ്ടയാവശ്യമില്ലല്ലോ. എങ്കിലും ക്രമേണ അതിന്റെ അർത്ഥം ഞാൻ മനസ്സിലാക്കിപോന്നു. പിന്നീടു പലപ്പോഴും അതിനെക്കുറിച്ചു ഞാൻ ചിന്തിച്ചിട്ടുണ്ട്. ചിന്തിക്കുമ്പോഴൊക്കെയും അതെന്റെമേൽ വളരെ പ്രേരണാശക്തി ചെലുത്തിക്കൊണ്ടിരുന്നു. എനിക്കുത്തമബോദ്ധ്യമുള്ള സംഗതികൾ ഒന്നിനെയും ഭയപ്പെടാതെ തുറന്നു പറയണമെന്നും, കഴിവതും അവയനുസരിച്ച് ജീവിക്കണമെന്നും ഞാൻ മനസ്സുകൊണ്ട് നിശ്ചയിച്ചു. ഈ സംഭവമാണ് എന്റെ ജീവിതത്തിന്റെ അടിസ്ഥാനമായി ഞാൻ കരുതാറുള്ളത്."

ചീക്കനാൽ ദേശത്തു സണ്ടേസ്കൂൾ തുടങ്ങിയതും അതിന്റെ ചുമതല വഹിച്ചു നടത്തിവന്നതും ചെറിയാൻ സാറും അദ്ദേഹത്തിന്റെ മക്കളും ആയിരുന്നു. ചീക്കനാൽ സ്കൂളിലായിരുന്നു സൺഡേസ്കൂൾ നടത്തിവന്നത്. നോമ്പു കാലത്ത് ഭവനങ്ങൾ തോറും ഓരോദിവസം സന്ധ്യാ പ്രാർത്ഥന നടത്തിയിരുന്നു. സണ്ടേസ്കൂൾ ക്ലാസ്സുകളിലും പള്ളി ആരാധനയിലും വീട്ടിലെ യാമപ്രാർത്ഥനകളിലും ചെറിയാൻ സാറും കുടുംബവും ഉത്സാഹത്തോടെ പങ്കെടുത്തിരുന്നു. അദ്ദേഹത്തിന്റെ മകനായ വി.സി. ശാമുവേൽ അച്ചൻ ബാല്യകാലത്തുതന്നെ കവിതാരചന, ലേഖനമെഴുത്ത്, അക്ഷരശ്ലോക മത്സരം, പ്രസംഗം, എന്നുവേണ്ട എല്ലാവിധത്തിലും തന്റെ മികവു തെളിയിച്ചു. 1932–ൽ പാത്രിയാർക്കീസ് ബാവാ മഞ്ഞനിക്കര കബറടങ്ങിയതിനെ തുടർന്ന് അവിടെ നടന്ന സംഭവങ്ങളെക്കുറിച്ചും അത്ഭുതങ്ങളെക്കുറിച്ചും ദീർഘമായ ലേഖനം സുറിയാനിസഭാ സന്ദേശത്തിലുമൊക്കെ വി. സി. ശാമുവേൽ അച്ചൻ എഴുതി പ്രസിദ്ധീകരിച്ചു. മഞ്ഞനിക്കരയുടെ പ്രശസ്തി കേരളത്തിലുടനീളം എത്തിക്കുവാൻ അത് വളരെയേറെ സഹായിച്ചു. ക്രമേണ അവിടം ഒരു തീർത്ഥാടനകേന്ദ്രമായിത്തീരുകയും ചെയ്തു.

### ☸ മഞ്ഞനിക്കര വിശുദ്ധ സ്തേഫാനോസ് പള്ളിയുമായിട്ടുള്ള ബന്ധം

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ സുറിയാനി സഭയിൽ ഉടലെടുത്ത കക്ഷി മത്സരം സഭയെ രണ്ടു ചേരികളാക്കിയിരുന്നു. ഓമല്ലൂർ ദേശത്ത് സെന്റ് തോമസ് വലിയ പള്ളിയിൽ ആറു പട്ടക്കാരുണ്ടായിരുന്നതിൽ നാലു പേർ മെത്രാൻകക്ഷിയിലും (കാതോലിക്കാ) രണ്ടുപേർ ബാവാക

ക്ഷിയിലും (പാത്രിയർക്കീസ്) നിലകൊണ്ടിരുന്നു. ചീക്കനാൽ ദേശത്തുള്ളവർ പാറയ്ക്കലച്ചനോടൊപ്പം പാത്രിയർക്കീസ് ഭാഗത്ത് നിലയുറപ്പിച്ചു. ഇതിനകംതന്നെ സമുദായക്കേസ് ഓമല്ലൂർ പള്ളിയെയും ബാധിച്ചുതുടങ്ങിയിരുന്നു. 1925-ൽ പാത്രിയർക്കീസ് ഭാഗക്കാർ ഏതാണ്ടു ഇരുപതോളം വീട്ടുകാരുടെ സഹകരണത്തിൽ ഇലവിനാമണ്ണിൽ സ്കറിയാ മൽപാനച്ചന്റെ കുടുംബവകയായി ഓമല്ലൂർ പള്ളിക്കു സമീപമുള്ള മഞ്ഞനിക്കര കുന്നിൽ ഒരു ചെറിയ പള്ളി സ്ഥാപിച്ചു. ചെറിയാൻ സാറും കുടുംബവും പാത്രിയർക്കീസ് അനുഭാവികളായി മഞ്ഞനിക്കര സ്തേപ്പാനോസ് പള്ളിയുമായി ബന്ധത്തിൽ കഴിഞ്ഞുവന്നുവെങ്കിലും മാതൃദേവാലയമായ ഓമല്ലൂർ പള്ളിയുമായും സഹവർത്തിത്വത്തിലും ബന്ധത്തിലും കഴിഞ്ഞുവന്നിരുന്നത് ഒരു പ്രത്യേകതയായിരുന്നു.

## ☸ പാത്രിയർക്കീസിന്റെ മലങ്കര സന്ദർശനവും മഞ്ഞനിക്കരയിൽ ദിവംഗതനായതും

ബ്രിട്ടീഷ് ഇൻഡ്യാ വൈസ്രോയി ആയിരുന്ന ഇർവ്വിൻ പ്രഭു സഭയിൽ സമാധാനം പുനസ്ഥാപിക്കുന്നതിനു താല്പര്യമെടുത്തതിനാൽ അന്ത്യോക്യൻ പാത്രിയർക്കീസിനെ ഇൻഡ്യ സന്ദർശിക്കുന്നതിനു ക്ഷണിക്കുകയുണ്ടായി. സുപ്രസിദ്ധ പണ്ഡിതന്മാരായിരുന്ന ബിഷപ് ഡോ. ചാൾസ് ഗോറിന്റെയും, ഡോ. ജോൺ ആർ. മോട്ടിന്റെയും സഹകരണത്തിൽ സന്ധി സംഭാഷണം നടത്തി മലങ്കരയിൽ സഭാസമാധാനം സ്ഥാപിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. അതനുസരിച്ച് മാർ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് 1931-ൽ കേരളം സന്ദർശിക്കുകയുണ്ടായി. അദ്ദേഹം കേരളത്തിലെത്തി വട്ടശ്ശേരിൽ തിരുമേനിയുടെ

മുടക്കു തീർത്തുവെങ്കിലും സമാധാനം പുനസ്ഥാപിക്കുവാനാകാതെ ഒരു വർഷത്തിലധികം ഇവിടെ തങ്ങുകയുണ്ടായി. അക്കാലത്ത് അദ്ദേഹത്തെ അനുകൂലിച്ചിരുന്ന പല പള്ളികളും സന്ദർശിച്ചുവന്നു.

ഈ സാഹചര്യത്തിൽ ചെറിയാൻസാറും ഇലവിനാമണ്ണിൽ അച്ചനും കൂടി പാത്രിയാർക്കീസിനെ മഞ്ഞനിക്കരപള്ളി സന്ദർശിക്കുന്നതിനുക്ഷണിക്കുകയുണ്ടായി. ബാവാ 1932 ഫെബ്രുവരി11 വ്യാഴാഴ്ച മഞ്ഞനിക്കര കുന്നിൻ മുകളിലെ കൊച്ചുപള്ളിയിലെത്തി. വാഹനസൗകര്യങ്ങൾ വേണ്ടത്രയില്ലാതിരുന്ന അക്കാലത്ത് ഒറ്റപ്പെട്ടു കിടന്ന മലയോരഗ്രാമമായ ഓമല്ലൂരിൽ കൈപ്പട്ടൂർ കടവുമുതൽ മഞ്ഞനിക്കര കുന്നുവരെ അദ്ദേഹത്തിനു രാജകീയമായ വരവേൽപ്പു നല്കുകയുണ്ടായി. പാത്രിയർക്കീസിന്റെയും പരിവാരത്തിന്റെയും താമസത്തിനുവേണ്ട താൽക്കാലിക സൗകര്യങ്ങളെല്ലാം മഞ്ഞനിക്കരയിൽ ഒരുക്കേണ്ടതുണ്ടായിരുന്നു. കോട്ടയത്തിനുതെക്ക് പാത്രിയാർക്കീസ് പക്ഷക്കാർ വളരെ കുറവാണ്. ഓമല്ലൂരിൽതന്നെ ചുരുക്കം. നാട്ടുകാരായ നാനാജാതിമതസ്ഥർ ചെറിയാൻ സാറിനോടൊപ്പം ഉത്സാഹപൂർവ്വം ഒത്തൊരുമിച്ചു പരിശ്രമിച്ചില്ലായിരുന്നെങ്കിൽ ഒരു വിദേശിയും, സഭാധ്യക്ഷനുമായ പാത്രിയർക്കീസിന് അതുപോലൊരു സ്വീകരണവും മറ്റുക്രമീകരണങ്ങളും അക്കാലത്തു ഓമല്ലൂരിൽ സംഘടിപ്പിക്കുക അസാധ്യമായിരുന്നു.

പാത്രിയർക്കീസ് മഞ്ഞനിക്കരയിൽ വന്നതിന്റെ രണ്ടാമത്തെ ദിവസം ഫെബ്രുവരി 13-നു ശനിയാഴ്ച മദ്ധ്യാഹ്നം കഴിഞ്ഞ ഉടനെ ഹൃദ്രോഗ ബാധയാൽ പെട്ടെന്നു കാലം ചെയ്തു. സ്വന്തം നാടും വീടും, സഭയെയും ജനങ്ങളെയും

വിട്ടകന്ന് 65-ാമത്തെ വയസ്സിൽ അപ്രതീക്ഷിതമായി വിദൂരത്തുവച്ചു നടന്ന ഈ ദുര്യോഗം ഏവരെയും ദുഃഖത്തിലാഴ്ത്തി. അന്ന് ഇന്നത്തെപോലെ യാത്രാസൗകര്യങ്ങളോ വാർത്താവിനിമയമാർഗ്ഗങ്ങളോ ഒന്നുമുണ്ടായിരുന്നില്ല. മഞ്ഞനിക്കര ഒറ്റപ്പെട്ട സ്ഥലവും. അദ്ദേഹത്തിന്റെ ഭൗതികശരീരം സ്വന്തനാട്ടിൽ സ്വന്തജനങ്ങളുടെ അടുക്കലേക്കു കൊണ്ടുപോകുന്നതിനോ ഒരു നോക്കു കാണിക്കുന്നതിനോ സാധിക്കുമായിരുന്നില്ല. അദ്ദേഹത്തോടൊപ്പം വന്നിരുന്ന പരിവാരങ്ങളും സ്വസഹോദരനും ചിന്താക്കുഴപ്പത്തിലും അതീവ ദുഖത്തിലുമായി. ബാവാ കാലം ചെയ്ത വാർത്ത കാട്ടുതീപോലെ തിരുവിതാംകൂറിലാകമാനം പടർന്നു. നാടിന്റെ നാനാഭാഗത്തുനിന്നും മഞ്ഞനിക്കരയിലേയ്ക്കു ജനപ്രവാഹം ഉണ്ടായി. ഈ സാഹചര്യത്തിൽ ബാവായുടെ മൃതശരീരം ചില നേതാക്കന്മാരുടെ സ്വാർത്ഥതാൽപര്യത്താൽ പലയിടങ്ങളിലേക്കും കൊണ്ടുപോയി സംസ്ക്കരിക്കുന്നതിനു ഓരോരുത്തരുടെ ഇഷ്ടത്തിനനുസരിച്ച് പദ്ധതികൾ ആസൂത്രണം ചെയ്തുകൊണ്ടിരുന്നു. ഇലവിനാമണ്ണിൽ അച്ചന്റെ വക പള്ളിയിൽ അടക്കുന്നതിനെ നാട്ടുകാരും എതിർത്തു. എന്നാൽ ചെറിയാൻസാറിന്റെ നേതൃത്വത്തിൽ നാട്ടുകാർ ഇലവിനാമണ്ണിൽ കുടുംബവക പള്ളിയിൽ അടക്കാതെ അതിനു സമീപത്തായി പ്രത്യേക സ്ഥലം എഴുതിവാങ്ങി കബറടക്കുകയാണുണ്ടായത്.

### ❁ പാത്രിയർക്കാ പ്രതിനിധി ഏലിയാസ് മാർ യൂലിയോസും ചെറിയാൻ സാറും

പാത്രിയർക്കീസിന്റെ പ്രതിനിധിയായി തുർക്കി രാജ്യത്തുനിന്നു വന്ന്, 1923 മുതൽ തിരുവിതാംകൂറിൽ പലയിടങ്ങളിലായി താമസിച്ചുവന്നിരുന്ന ഏലിയാസ് മാർ യൂലിയോസ്

മെത്രാപ്പോലീത്താ ഈ സംഭവത്തെതുടർന്ന് മഞ്ഞനിക്കര കുന്നിൽ സ്ഥിരതാമസം ആരംഭിച്ചു. പാത്രിയർക്കീസ് ബാവാ യുടെ കബറിങ്കൽനിന്നും ധനലാഭം പ്രതീക്ഷിച്ച പാത്രി യർക്കീസ് കക്ഷിയിൽപ്പെട്ടവരിൽ തന്നെ ഒരു വിഭാഗം അദ്ദേ ഹത്തിനെതിരെ പല എതിർപ്പുകളും ഗൂഢാലോചനകളും സൃഷ്ടിക്കുന്നതിനു മുതിർന്നു. മഞ്ഞനിക്കരയിൽ സ്വന്തം കക്ഷിക്കാരുടെ എതിർപ്പിന്റെ മദ്ധ്യത്തിൽ, അറബിയും സുറി യാനിയും മാത്രം അറിയാമായിരുന്ന മെത്രാപ്പോലിത്തായുടെ സഹായത്തിനു സുറിയാനി സ്വല്പം വശമാക്കിയിരുന്ന യുവാ വായ ശമുവേലിനെ സ്വപിതാവ് നിയോഗിക്കുകയുണ്ടായി.

## ☸ മതസൗഹാർദ്ദത്തിനൊരു ദൃഷ്ടാന്തം (കുരിശടി നിർമ്മാണം)

എല്ലാ മതവിഭാഗത്തിൽപ്പെട്ടവരും ചെറിയാൻസാറിനെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു. തനി ക്കുദൈവം നൽകിയ അനുഗ്രഹങ്ങൾക്ക് നന്ദിയായും തന്റെ മകനായ വി. സി. ശമുവേൽ പട്ടം ഏറ്റതിന്റെ നേർച്ചയായിട്ടും അദ്ദേഹം ഓമല്ലൂരിലെ ആദ്യത്തെ കുരിശടി പണിത് സ്ഥാപിച്ചു.

ഓമല്ലൂരിൽ നിന്നും മഞ്ഞനിക്കരയിലേക്ക് പോകുന്ന വഴിയിൽ ഇടത് വശത്ത് 2-3 സെന്റ് സ്ഥലം ഒരു പ്രമുഖ നായർ കുടുംബത്തിൽ നിന്ന് വിലയ്ക്ക് വാങ്ങി. ഈ കുരിശടി ഇന്ന് മഞ്ഞനിക്കരപ്പള്ളിയുടെ അധീനതയിലാണ്. സ്വന്തം സമു ദായാംഗങ്ങളുടേയും ഇതര മതസ്ഥരുടെയും ശക്തമായ എതിർപ്പിനെ നേരിട്ടാണ് ചെറിയാൻസാർ കുരിശിൻതൊട്ടി നിർമ്മാണം പൂർത്തീകരിച്ചത്. എങ്കിലും വലിയ ഒരു ജനവി ഭാഗം അദ്ദേഹത്തോടൊപ്പം നിലകൊണ്ടുപിന്തുണ നൽകിയി രുന്നു. ഏകദേശം ആറുമാസത്തോളം ചെറിയാൻ സാറിന്റെ

മക്കൾ കുരിശ്ശിൻ തൊട്ടിയുടെ നിർമ്മാണപൂർത്തീകരണത്തിനായി കാവൽ കിടന്നിരുന്നു. ഫാ. വി. സി. ശമുവേൽ, വി. സി. ദാനിയേൽ, വി.സി. ജോഷ്വ, വി.സി. വർഗ്ഗീസ്, വി. സി. തോമസ് എന്നിവരെ പ്രത്യേകം സ്മരിച്ചുകൊള്ളട്ടെ.

### ☸ വൈ. എം. സി. എ.

ഓമല്ലൂരിലെ വൈ.എം.സി.എ. പ്രസ്ഥാനത്തിന് തുടക്കം ഇടുകയും, പ്രാരംഭ നേതാക്കളിൽ ഒരാളുമായിരുന്നു ചെറിയാൻ സാർ.

### ☸ ഓമല്ലൂർ ഗ്രാമോദ്ധാരണ സഹകരണ സംഘം പ്രസിഡന്റ്

തിരുവിതാംകൂർ മഹാരാജാവിന്റെ പ്രജാസഭയിൽ ഓരോ കാലത്ത് എം. എൽ. സി. മാരായിരുന്ന കുരുക്കളഴികത്ത് ഗോവിന്ദപ്പിള്ള എന്ന മാന്യദേഹവും ഇടയിൽ ചെറിയാൻ സാറും പ്രസ്തുത സംഘത്തിന്റെ സ്ഥാപക നേതാക്കളായിരുന്നു. തിരുവിതാംകൂറിലെ ആദ്യകാല സംഘങ്ങളിൽ ഒന്നാണിത്. 1930-ൽ സ്ഥാപിച്ച 114-ാം നമ്പരായി രജിസ്റ്റർ ചെയ്ത സംഘത്തിന്റെ പ്രസിഡന്റായി ചെറിയാൻസാർ സ്തുത്യർഹമായ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഓമല്ലൂരിന്റെ സാമൂഹിക വികസനത്തിൽ ശ്രീ. ചെറിയാൻ വഹിച്ച പങ്ക് സുപ്രധാനവും നിർണ്ണായകവുമായിരുന്നു.

### ☸ ശ്രീമൂലം പ്രജാസഭയിൽ എം. എൽ. സി.

ഇന്ത്യയിൽ ആദ്യമായി 1888-ൽ തിരുവിതാംകൂർ രാജ്യത്ത് ലെജിസ്ലേറ്റീവ് കൗൺസിൽ രൂപം കൊണ്ടു. അന്ന് എട്ട് അംഗങ്ങൾ മാത്രമുള്ള കൗൺസിലിന്റെ അദ്ധ്യക്ഷൻ ദിവാൻ ആയിരുന്നു. 1904-ൽ ശ്രീമൂലം പ്രജാസഭ രൂപീകൃത

മായി. അതിൽ അംഗങ്ങളെ തിരഞ്ഞെടുക്കുവാൻ മഹാ രാജാവ് അനുമതി നല്കി. 1922-ൽ കൗൺസിലിന്റെ അംഗ സംഖ്യ അമ്പത് ആയി ഉയർത്തി. ഇതിൽ 35 അനൗദ്യോ ഗിക അംഗങ്ങൾ എന്ന് നിജപ്പെടുത്തി. അഞ്ചു രൂപാ കരം തീരുവയുള്ള നാട്ടു പ്രമാണിമാരെയാണ് എം. എൽ. സി. മാരായി തെരഞ്ഞെടുത്തിരുന്നത്.

മഹാരാജാവിനെ ആരുടെയും അനുമതികൂടാതെ നേരിട്ട് കാണുവാനും സംസാരിക്കുവാനും ചെറിയാൻ സാറിന് സാധി ക്കുമായിരുന്നു. ചെറിയാൻ സാറിന് മജിസ്ട്രേട്ടിന്റെ അധി കാരവും മഹാരാജാവ് കൊടുത്തിരുന്നു. രാജസദസ്സിലെ സ്ഥിരം അംഗമായിരുന്നു അദ്ദേഹം.

ആ കാലയളവിൽ പൊതുരംഗങ്ങളിൽ വളരെയധികം ശോഭിച്ചിരുന്ന അപൂർവ്വ വ്യക്തികളിൽ ഒരുവൻ ആയിരുന്നു ഇടയിൽ വാദ്ധ്യാർ എന്ന സുപ്രസിദ്ധനായിരുന്ന ഇ. ഐ. ചെറിയാൻ, അദ്ധ്യാപകൻ, മാനേജർ, ചിട്ടിത്തലയാൾ, സമു ദായ പ്രമുഖൻ എന്നീ നിലകളിൽ നാടെങ്ങും ഖ്യാതി നേടി യിരുന്നു. ഈ പശ്ചാത്തലത്തിലാണ് അന്നത്തെ ദിവാൻ പേഷ്കാരുടെ ശുപാർശയിൽ 1920-കളിൽ ശ്രീ. ചെറിയാൻ എം. എൽ. സി. ആയി തെരഞ്ഞെടുക്കപ്പെട്ടത്. ഓമല്ലൂർ പഞ്ചാ യത്ത് വികസനരേഖ 1996- പ്രസക്തഭാഗം:

"തിരുവിതാംകൂർ മഹാരാജാവിന്റെ ശ്രീമൂലം പ്രജാസ ഭയിൽ ഓമല്ലൂർ നിവാസികളായ വടക്കേടത്ത് ഗീവർഗീസ് കത്തനാർ, കുരുക്കളഴികത്ത് ഗോവിന്ദപ്പിള്ള, ഇടയിൽ ചെറി യാൻ എന്നിവർ നോമിനേറ്റഡ് അംഗങ്ങളായി സേവനമനു ഷ്ഠിച്ചിട്ടുണ്ട്."

ഇപ്പോഴത്തെ സെക്രട്ടറിയേറ്റിനു മുമ്പ് ലെജിസ്ലേറ്റിവ്

കൗൺസിൽ കൂടിയിരുന്നത് തിരുവനന്തപുരത്ത് വി. ജെ.ടി ഹാളിലായിരുന്നു. 500 പേർക്ക് ഇരിക്കാവുന്ന ഇന്നത്തെ അത്യാധുനിക കെട്ടിടമായിരുന്നു അത്. ഈ പ്രദേശങ്ങളുടെ സമഗ്രവികസനത്തിന് പ്രത്യേകിച്ച് വിവിധ സർക്കാർ ഓഫീസുകൾ, വിദ്യാലയങ്ങൾ, ആശുപത്രികൾ തുടങ്ങിയവയുടെ സ്ഥാപനത്തിന് ശ്രീ. ചെറിയാന്റെ സംഭാവനകൾ നിസ്തുലമാണ്. ശ്രീ. ചെറിയാന്റെ സാമൂഹ്യ സാംസ്ക്കാരിക മേഖലകളിലെ വിവിധ പ്രവർത്തനങ്ങൾസംബന്ധിച്ച് ഏതാനും കാര്യങ്ങൾ മാത്രമെ മുകളിൽ പ്രസ്താവിച്ചിട്ടുള്ളു. അതിനപ്പുറമായി ധാരാളം കാര്യങ്ങൾ ചേർക്കുവാനുണ്ട്. പിൽക്കാലങ്ങളിൽ അവയെല്ലാം ചേർത്ത് വിപുലമായ ഒരു ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതിന് ഇടയാകട്ടെ എന്ന് ആശിക്കുന്നു.

## ❁ ഉദാരമതിയായ പ്രകൃതിസ്നേഹിയും ആതുര ശുശ്രൂഷാതല്പരനും

മികച്ച ഗുരുവെന്നതുപോലെ തന്നെ പ്രകൃതി സ്നേഹിയായ ഒരു കൃഷീവലൻ കൂടിയായിരുന്നു ഇടയിൽ വാദ്ധ്യാർ. ഇടയിൽ തറവാടിനോടുചേർന്നുതന്നെ ഒരു വിശേഷപ്പെട്ട ഔഷധത്തോട്ടമുണ്ടായിരുന്നു. അശോകം, കൂവളം, വേപ്പ്, പാതിരി, ജാതി, കുമ്പിൾ, പയ്യാഴാന്ത തുടങ്ങിയ ഔഷധവൃക്ഷങ്ങളും കരിനൊച്ചി, കരിങ്കുറഞ്ഞി, ആടലോടകം, ചിറ്റമൃത്, മാതളനാരകം, കൊടുവേലി, ശതാവരി ആദിയായ ഔഷധസസ്യങ്ങളുംകൊണ്ട് ആ തോട്ടം നിറഞ്ഞിരുന്നു. വസൂരി കോളറ തുടങ്ങിയ പകർച്ചവ്യാധികളുടെയും മറ്റും ഉപദ്രവങ്ങളിൽപെടുന്ന ആളുകൾക്ക് ആശുപത്രിയില്ലാതിരുന്ന ആ കാലഘട്ടത്തിൽ ഇടയിൽ വാദ്ധ്യാരായിരുന്നു പലപ്പോഴും അഭയസ്ഥാനമായിരുന്നത്. വിദൂരസ്ഥലങ്ങളിൽ നിന്നുപോലും

വൈദ്യന്മാരെ വരുത്തി വിശിഷ്ടഗുണമുള്ള ആയുർവേദ ഔഷധങ്ങൾ ഉണ്ടാക്കി സൂക്ഷിക്കുകയും അത്യാവശ്യം വരുന്ന സാധുക്കൾക്ക് സൗജന്യമായി വിതരണം ചെയ്യുകയും പതിവായിരുന്നു. ഭക്ഷ്യവസ്തുക്കളും ഔഷധങ്ങളും ദാന മായി സ്വീകരിക്കാൻ എത്തുന്ന സാധുജനങ്ങളെ ഇടയിൽത്ത റവാട്ടിൽ കാണുക സാധാരണമായിരുന്നു.

### ❁ ബാങ്കിംഗ് മേഖല

അതീവ ബുദ്ധിമാനും കർമ്മോത്സുകനുമായിരുന്ന അദ്ദേഹം അക്കാലത്തെ പേരുകേട്ട ഒരു ബാങ്കറും ചിട്ടിത്തല യാളുമായിരുന്നു. 1920-1930 കളിലാണ് അദ്ദേഹം ഈ മേഖ ലയിലേക്ക് കടന്ന് വന്നത്. ചിട്ടി തലവരിയോല കൊല്ലം നഗ രത്തിലെ ഗോൾഡൻ പ്രസ്സിലാണ് അച്ചടിച്ചിരുന്നത്. വളരെ യേറെപ്പേർക്ക് അദ്ദേഹത്തിന്റെ പ്രസ്ഥാനത്തിൽ നിന്ന് പ്രയോ ജനം ലഭിച്ചിരുന്നു.

നാട്ടിൽ പലയിടങ്ങളിൽ വിദ്യാലയങ്ങൾക്ക് സ്ഥലം വാങ്ങുന്നതിനും കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും മറ്റുമായി ശ്രീ. ചെറിയാൻസാറിന് സാമ്പത്തിക ക്ലേശങ്ങൾ സഹിക്കേ ണ്ടതായി വന്നിട്ടുണ്ട്. നാട്ടിൽ ബാങ്കു പ്രവർത്തനങ്ങൾ ഇല്ലാ തിരുന്ന ആ കാലഘട്ടത്തിൽ നാടിന്റെ സാമ്പത്തികാവസ്ഥയെ പരിപോഷിപ്പിക്കത്തക്കവണ്ണം ചിട്ടികൾ രജിസ്റ്റർ ചെയ്ത് ചിട്ടി ത്തലയാളായി പ്രവർത്തിച്ചിരുന്നു. 1900 കാലയളവിൽ ചിട്ടി നടത്തിപ്പിന് ഇന്നത്തേതുപോലെയുള്ള നിയമപിൻബലമോ, നടപടികൾ നടത്തുവാനുള്ള വകുപ്പോ ഇല്ലായിരുന്നു. അതു മൂലം ചിട്ടി പിടിച്ചുകൊണ്ടുപോയിട്ടുള്ള പലരും യഥാസമയം പണം അടയ്ക്കാതെ വന്നിട്ടുള്ളത് പല ബുദ്ധിമുട്ടുകൾക്കും

കാരണമായിട്ടുണ്ട്. അക്കാലങ്ങളിൽ നിലനിന്നിരുന്ന ചിട്ടി സ്ഥാപനങ്ങളെ അപേക്ഷിച്ച് കാര്യക്ഷമമായും സത്യസന്ധ മായും ചിട്ടികൾ നടത്തിവന്നിരുന്നു എന്ന് അഭിമാനപുരസരം പ്രസ്താവിക്കുവാൻ കഴിയും.

### ☸ ഓമല്ലൂർ പോസ്റ്റോഫീസ് സ്ഥാപനം (അഞ്ചലാഫീസ്)

ഓമല്ലൂരിൽ ആദ്യമായി പോസ്റ്റോഫീസ് വന്നത് ചെറി യാൻ സാറിന്റെ ശ്രമഫലമായിട്ടാണ്. പോസ്റ്റൽ സൂപ്രണ്ടിനെ അദ്ദേഹം നേരിട്ടുകണ്ടു. ഒപ്പം വടക്കടത്തച്ചനും ഉണ്ടായിരു ന്നു. ചെറിയാൻ സാറിന് ഏറ്റവും പ്രീയപ്പെട്ട വോക്കിംഗ് സ്റ്റിക്ക് ഉപഹാരമായി സൂപ്രണ്ടിന് നൽകി. മൃഗകൊമ്പുകൾ കൊണ്ട് തീർത്ത മനോഹരമായ ഒരു ശിൽപ്പമായിരുന്നു അത്. അതിന്റെ പിടിയുടെ ഭാഗം തടിയിൽ നായുടെ തലയുടെ രൂപ ത്തിൽ കൊത്തിയിരുന്നു. വെള്ളിക്കെട്ടുകൾ ആ ശിൽപ്പത്തിൽ അലങ്കരിച്ചിരുന്നു. സന്തോഷം തോന്നിയ സൂപ്രണ്ട് പോസ്റ്റോ ഫീസ് ഉടനെ അനുവദിച്ചു. ചെറിയാൻ സാറിന്റെ മൂത്തമക നായ വി. സി. ഇട്ടിച്ചെറിയ അക്കാലത്ത് പോസ്റ്റൽ സർവ്വീസ് പരീക്ഷ എഴുതി പാസ്സായി നിൽക്കുന്ന അവസരമായിരുന്നു. ആദ്യത്തെ പോസ്റ്റ് മാസ്റ്ററായി (അഞ്ചൽമാസ്റ്റർ) ശ്രീ. ഇട്ടിച്ചെ റിയായെ നിയമിക്കുകയും ചെയ്തു.

### ☸ റോഡ് നിർമ്മാണം

വഴികളോ റോഡുകളോ ഇല്ലാത്ത ആ കാലത്ത് മനുഷ്യ രുടെ യാത്ര ക്ലേശകരമായിരുന്നു. ജനങ്ങളുടെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കിയ സാർ പല പ്രദേശങ്ങളിലും അവർക്ക് വേണ്ടി റോഡ് നിർമ്മിച്ചുകൊടുത്തു. അങ്ങനെ പറമ്പുകളും ഒറ്റയടി പാതകളും റോഡുകളായും വഴികളായും രൂപാന്തരപ്പെട്ടു.

## ☸ കുടുംബജീവിതവും പ്രാർത്ഥനാജീവിതവും

1874–ൽ ജനിച്ച ചെറിയാൻ പുത്തൻപീടിക കിഴക്കേതിൽ ജോസഫിന്റെ (മാമൻ) മകൾ അന്നമ്മയെ ഓമല്ലൂർ വലിയപ ള്ളിയിൽ വച്ച് 1897–ൽ വിവാഹം ചെയ്തു. അന്നമ്മയുടെ മാതാവ് തുമ്പമൺ പറമ്പിൽ കുടുംബത്തിൽ നിന്നും ആയി രുന്നു. ചെറിയാൻ അന്നമ്മ എന്നിവർ ദൈവഭക്തരും മതവി ശ്വാസത്തിൽ തീക്ഷ്ണതയുള്ളവരും നിർമ്മലജീവിതമാതൃക യുടെ പര്യായങ്ങളുമായിരുന്നു. ഈ മാതൃകാ ദമ്പതികൾക്ക് ഒമ്പതു സന്താനങ്ങളുണ്ടായി. ഏറ്റവും മൂത്തതായി ഒരു മകളും അതെതുടർന്ന് ആറ് ആൺമക്കളും അവർക്കുശേഷം രണ്ടുപെൺമക്കളും.

മക്കൾ (1) വി. സി. മറിയാമ്മ–
ഭർത്താവ് മെഴുവേലി തെക്കേമൂത്തേരിൽ
റവ. ഫാ. ചെറിയാൻ സ്കറിയ

(2) വി. സി. ഇട്ടിച്ചെറിയ (പോസ്റ്റ് മാസ്റ്റർ) –

(3) വി. സി. വർഗ്ഗീസ് –

(4) വി.സി. ജോഷ്വ (സ്കൂൾ മാനേജർ & ഹെഡ്മാസ്റ്റർ)

(5) ഫാ. വി. സി. ശാമുവേൽ –

(6) വി. സി. ദാനിയേൽ (സ്കൂൾ അദ്ധ്യാപകൻ) –

(7) വി.സി. തോമസ് (സ്കൂൾ അദ്ധ്യാപകൻ) –

(8) തങ്കമ്മ മാത്യു –
ഭർത്താവ് അറപ്പുരയിൽ തോണ്ടലിൽ റ്റി. മാത്യു
(എക്സൈസ് ഓഫീസർ)

(9) സാറാമ്മ വർഗ്ഗീസ് (ഹൈസ്ക്കൂൾ അദ്ധ്യാപിക) –
ഭർത്താവ് പ്രമാടം പാറയിൽ വർഗ്ഗീസ്
(ഹൈസ്ക്കൂൾ അദ്ധ്യാപകൻ)

ചെറിയാൻ സാറിന്റെ കുടുംബജീവിതം അനുകരണീയവും മാതൃകാപരവുമായിരുന്നു. അച്ചടക്കം, നിഷ്ഠ, ചിട്ട, അതിഥിസൽക്കാരം, പ്രാർത്ഥനാജീവിതം, അളവില്ലാത്ത ദാന ധർമ്മങ്ങൾ, ദൈവഭക്തി, എല്ലാ ആഴ്ചയിലും ദൈവാലയത്തിൽ പോകുക. പരസ്പര സഹകരണം, നാനാജാതി മതസ്ഥരോടും എല്ലാ വിഭാഗത്തിൽപ്പെട്ടവരോടും തികഞ്ഞ സൗഹാർദ്ദതയോടെ കഴിയുക, സ്നേഹം, വിശ്വസ്തത, സൗമ്യമായ പെരുമാറ്റം, എന്നീ അടിസ്ഥാന ശീലങ്ങളിൽ വാർത്തെടുത്തതായിരുന്നു അദ്ദേഹത്തിന്റെ കുടുംബം.

ശ്രീമതി അന്നമ്മ ചെറിയാൻ ഭർത്താവിന്റെ പുണ്യകർമ്മങ്ങളിലെ വെളിച്ചമായി പ്രശോഭിച്ചു. ദൈവഭക്തിയും വിനയവും നൈർമ്മല്യവും കാര്യക്ഷമതയും ധർമ്മിഷ്ഠതയും, സഹകരണവും സഹവർത്തിത്ത്വവും ആ മാതാവിൽ വിളങ്ങി നിന്നു.

ചെറിയാൻസാർ കാഴ്ചയിൽ ശാന്തഗംഭീരനും, സുമുഖനും, സൗമ്യനും, കുലീന രൂപിയും എന്നാൽ സദാ പുഞ്ചിരിനിറഞ്ഞ നല്ല തെളിച്ചമുള്ള മുഖഭാവമുള്ള ആളുമായിരുന്നു. ഉത്തമഗുണങ്ങളുടെ തിളക്കം ആ വദനത്തെ സദാ അലങ്കരിച്ചിരുന്നു. മിതഭാഷിയായിരുന്നു അദ്ദേഹം. തോളിൽ മടക്കിയിട്ടിരുന്ന കരയില്ലാത്ത കച്ചത്തോർത്ത്, വെള്ള മുണ്ട് ഇരക്കമുള്ള വെള്ള മുറികൈയ്യൻ ഷർട്ട്, വെളുത്ത നിറം വിരിഞ്ഞ നെറ്റിത്തടത്തിനുതാഴെയുള്ള വെള്ളിക്കണ്ണട, ചന്ദനനിറമുള്ള മെതിയടി, വലതുകയ്യിൽ പിടിച്ചിരുന്ന ചാതുര്യമുള്ള വോക്കിംഗ് സ്റ്റിക് 5 അടി 8–10 ഇഞ്ച് ഒത്ത ഉയരം, അതിനൊത്ത ശരീരം ദീർഘമുള്ള ഉയർന്ന നാസിക എന്നിവയാൽ അദ്ദേഹത്തെ അലങ്കരിക്കപ്പെട്ടിരുന്നു.

ചെറിയാൻ സാർ, സർവ്വാഭരണഭൂഷിതയായി ചട്ടയും മുണ്ടും വാളികമണിഞ്ഞ സുന്ദരിയായ പത്നീസമേതം വെള്ള ക്കുതിരകളെ കെട്ടിയ വില്ലുവണ്ടിയിൽ യാത്ര ചെയ്യുന്നത് ഓമല്ലൂർ ദേശനിവാസികൾക്ക് ഒരു ഉൽസവകാഴ്ചയായിരുന്നു. തികഞ്ഞ ദൈവഭക്തരായിരുന്നു അവരിരുവരും. എല്ലാ ആഴ്ചയിലും മുടങ്ങാതെ ശുഭ്രവസ്ത്രധാരികളായി ചെറിയാൻസാർ കുടുംബസമേതം ദേവാലയത്തിൽ പോകുമായിരുന്നു. ആ കാഴ്ച കാണുവാൻ വഴിയുടെ ഇരുവശത്തും ആളുകൾ നിന്നിരുന്നു.

തന്റെ മഹദ്വ്യക്തിത്വത്തിനനുസരണമായി ജീവിക്കുമ്പോഴും എളിമയും വിനയവും സൗമ്യതയും ഒരിക്കലും കൈവിട്ടിരുന്നില്ല. ക്രോധം, ദേഷ്യം, അഹംഭാവം എന്നിവ ആ പുണ്യ ജന്മത്തിന് അന്യമായിരുന്നു. ജാതിമത സാമ്പത്തിക വ്യത്യാസമില്ലാതെ എല്ലാവർക്കും അദ്ദേഹം സ്വീകാര്യനായിരുന്നു.

നിത്യപ്രാർത്ഥന നോമ്പ് നമസ്ക്കാരം എന്നിവ മുടങ്ങാതെ ആ കുടുംബത്തിൽ ഉണ്ടായിരുന്നു. ചെറിയാൻ സാർ ഏഴുയാമപ്രാർത്ഥനകളും മുടക്കം കൂടാതെ അനുഷ്ഠിച്ചിരുന്നു. വി. വേദപുസ്തകം പാമ്പാക്കുട നമസ്ക്കാരം എന്നിവ സദാ അദ്ദേഹത്തിന്റെ മേശപ്പുറത്തുണ്ടായിരുന്നു. രാത്രിയിൽ അണയാത്ത ഒരു മേശവിളക്ക് അദ്ദേഹത്തിന്റെ മുറിയെ അലങ്കരിച്ചിരുന്നു.

ഭരണകർത്താക്കൾ, സുറിയാനി സഭാ പിതാക്കന്മാർ വിശിഷ്ഠ വ്യക്തികൾ പുരോഹിതന്മാർ, വൈദീക വിദ്യാർത്ഥികൾ എന്നിവർ അദ്ദേഹത്തിന്റെ ഭവനം സന്ദർശിക്കുവാൻ എത്തുമായിരുന്നു. യാക്കോബായ സഭാതലവനായ ശ്രേഷ്ഠ കാതോലിക്കാ തോമസ് പ്രഥമൻ ബാവാ തിരുമേനി മഞ്ഞനി

ക്കരയിൽ വി. സി. ശാമുവേലച്ചന്റെ ശിഷ്യനായി പഠിക്കുന്ന കാലത്ത് പലപ്പോഴും ഇടയിൽ വാധ്യാരുടെ ഭവനത്തിൽ വന്നിട്ടുണ്ട്. പ.യാക്കൂബ് തൃതീയൻ പാത്രിയാക്കീസ് (അബ്ദുൽ ആഹാദ് റമ്പാൻ) മഞ്ഞനിക്കരയിൽ പഠിക്കുമ്പോൾ മിക്കപ്പോഴും ഇടയിൽ വാധ്യാരുടെ ഭവനത്തിൽ എത്തുമായിരുന്നു. ശ്രേഷ്ഠ ബസ്സേലിയോസ് പൗലോസ് കാതോലിക്കായും മറ്റ് മലങ്കര സഭയിലെ മെത്രാപ്പോലീത്താമാരും ഭവനത്തിൽ മിക്കപ്പോഴും സന്ദർശകരായിരുന്നിട്ടുണ്ട്. മലങ്കര കത്തോലിക്കാ സഭയുടെ സ്ഥാപകനും ആർച്ചുബിഷപ്പുമായിരുന്ന മാർ ഇവാനിയോസ് തിരുമേനി, ചെറിയാൻ സാറുമായി ഉറ്റസ്നേഹബന്ധം പുലർത്തിയിരുന്നു. കത്തോലിക്കാസഭയിൽ ചേർന്ന വിശ്വാസികൾക്ക് ആരാധന നടത്തുവാൻ ദേവാലയം ഇല്ലാതെവന്നപ്പോൾ പുത്തൻ പീടികയിലെ തന്റെ സ്കൂൾ ആരാധനയ്ക്കായി അദ്ദേഹം വിട്ടുകൊടുത്ത് മഹാമനസ്കത കാണിച്ചു.

ഇംഗ്ലീഷ്, മലയാളം സംസ്കൃതം തമിഴ് എന്നീ ഭാഷകളിലുള്ള പുസ്തകങ്ങളും ഗണിതശാസ്ത്രം ആയുർവേദം, ആദ്ധ്യാത്മിക രംഗത്തുള്ള പുസ്തകങ്ങൾ അടങ്ങിയ നല്ല ഒരു ഗ്രന്ഥശേഖരം അദ്ദേഹത്തിനുണ്ടായിരുന്നു. ആയുർവേദ ചികിത്സയ്ക്കുള്ള അപൂർവ്വം ഗ്രന്ഥങ്ങളും അക്കൂട്ടത്തിൽ പെടും തിരുപോരാട്ടം, പരദേശീമോക്ഷയാത്ര എന്നിവ വേറെ.

മലങ്കരയുടെ ആദ്യത്തെ വേദശാസ്ത്രപണ്ഢിതനായ വിശ്രുതനായ ഫാ. വി. സി. ശമുവേലിന്റെ ഊർജ്ജസ്രോതസ്സ് തന്റെ പിതാവിന്റെ പുണ്യഅനുഷ്ഠകർമ്മങ്ങളായിരുന്നു എന്നു പറയാതിരിക്കുവാൻ വയ്യ.

അവസാനമായി അദ്ദേഹത്തെപ്പറ്റി ഒരു വാക്ക്. വൈവിധ്യമാർന്ന വിശിഷ്ട പ്രതിഭകളുടെ ഒരു ഏകീകരണഭാവമാണ് ഇടയിൽ വാദ്ധ്യാരിൽ നമുക്ക് ദർശിക്കുവാൻ സാധിക്കുന്നത്. അങ്ങനെയുള്ളവരെ ശാസ്ത്രലോകം ജീനിയസുകൾ എന്ന് വിശേഷിപ്പിക്കുന്നു. പൊതുസമൂഹം അവരെ മഹാന്മാരെന്ന് വിളിക്കുന്നു. ദൈവശാസ്ത്രപരമായി, പുണ്യ കർമ്മങ്ങൾ ചെയ്യുവാൻ ദൈവം തിരഞ്ഞെടുത്ത ദൈവപുരുഷൻ എന്ന് വ്യാഖ്യാനിക്കാം. എങ്ങനെയായാലും ആ അസുലഭ ജീവിതത്തെ നമുക്ക് വണങ്ങാം, അനുകരിക്കാം.

ചെറിയാൻ സാർ നാടിന്റെ ദൈവമാണെന്ന് ധാരാളം പേർ വിശ്വസിച്ചു. അദ്ദേഹം വഴിയിൽ കൂടി സഞ്ചരിക്കുമ്പോൾ വലുപ്പച്ചെറുപ്പം കൂടാതെ ഒരു നിർബന്ധവുമില്ലാതെ എല്ലാവരും ബഹുമാനപൂർവ്വം എഴുന്നേറ്റു നിൽക്കുമായിരുന്നു.

# FEW WORDS FROM TRUTH TRIUMPHS

By Fr. Dr. V. C. Samauel

I should, however, make a personal confession at the very outset. Though I had the privilege of seeing Mar Dionysius while I was rather young, I had not known him personally. The reason for this inability on my part was the divison in the Church. Following the metropolitan's excommunication by patriarch Mar Abdullah in 1911 and the consequent split in the Church, it was with the patriarch's party that my family had its allegiance. However, early in my life I remember my father, a teacher by profession, saying that Vattaseril Thirumeny was a great man. Though these words made an impression on me at that time, later when a suggestion was made that I should receive from him ordination as a deacon, I turned it down. Instead, I was ordained in the partiarch's party. As a deacon I learned there the Syriac language in depth and read a number of books that were available to me in it, and as a priest I taught the language and other ecclesiastical subjects. My reading and experience however worked in me a change, and by early forties I became convinced that the Malankara Syrian Church should have its autonomy, and that the Catholicate at Kottayam was the God-given answer to the need of this Church. Naturally I was drawn to the Catholicate, to which I have continued to be loyal ever since.

# ജീവിതാന്ത്യം

77 വയസ്സുവരെ ജീവിതത്തിൽ ചെന്നെത്താൻ കഴിയുമായിരുന്ന എല്ലാ മേഖലകളിലും സജീവമായി പ്രവർത്തിച്ച് തന്റെ ജീവിതം ധന്യമാക്കി. ഒമ്പതു മക്കളെയും അക്കാലത്ത് പ്രാപ്യമായ വിദ്യാഭ്യാസം ചെയ്യിക്കുവാൻ സാധിച്ചിട്ടുണ്ട്. ലോകപ്രശസ്ത വേദശാസ്ത്രജ്ഞൻ റവ. ഡോ. വി.സി. സാമുവേൽ അഞ്ചാമത്തെ സന്താനമാണെന്ന് അഭിമാനപൂർവ്വം സ്മരിച്ചുകൊള്ളട്ടെ. ഒരു സാധാരണ കർഷക കുടുംബത്തിൽ ജനിച്ച ഈ സാധാരണക്കാരന്റെ അസാധാരണ വൈഭവം ദേശ കാലസീമകൾക്ക് അതീതമായി ദൈവം നല്കിയ വരദാനം തന്നെ. തന്റെ കഠിനാദ്ധ്വാനത്താലും അചഞ്ചലമായ ദൈവാശ്രയത്താലും ധാരാളം ഭൗതിക നേട്ടങ്ങളും കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. ഈ ശ്രേഷ്ഠപിതാവിന്റെ കാലടികൾ നമുക്ക് മാർഗ്ഗദർശകമാകട്ടെ. ഈ വന്ദ്യപിതാവിന് 77 വയസ്സായപ്പോൾ വാതം പ്രമേഹം തുടങ്ങിയ രോഗങ്ങളാൽ ആരോഗ്യം കുറഞ്ഞുതുടങ്ങി. ഇന്നത്തെപ്പോലെ ചികിത്സാസൗകര്യങ്ങൾ അക്കാലങ്ങളിൽ ഇല്ലായിരുന്നുവല്ലോ. അവസാനകാലങ്ങളിൽ വേണ്ട ചികിത്സകൾ ചെയ്തത് പത്തനംതിട്ട ചികിത്സ നടത്തിവന്നിരുന്ന കോട്ടയം സ്വദേശിയായ ഡോ. പി.വി. ജോർജ് ആയിരുന്നു. പുണ്യാത്മാവായ ശ്രീ. ഇ. ഐ. ചെറിയാൻ 14-01-1952 രാവിലെ ഏഴു മണിക്ക് 78-ാം വയസിൽ തന്റെ മൂത്തമകൻ വി. സി. ഇട്ടിച്ചെറിയ(കുഞ്ഞച്ചൻ) സമീപത്ത് ഇരുന്ന് വിശുദ്ധ വേദപുസ്തകം വായിച്ചുകൊണ്ടിരിക്കവെ ഇഹലോകവാസം വെടിഞ്ഞ് നിത്യതയിലേക്ക് പ്രവേശിച്ചു. മൃതദേഹത്തിൽ താൻ നേരത്തെ കരുതിവച്ചിരുന്ന വസ്ത്രങ്ങൾ ധരിപ്പിക്കുകയുണ്ടായി.

ശ്രീ. ചെറിയാൻ തന്റെ കൈയക്ഷരങ്ങളാൽ രേഖപ്പെടുത്തിയ അവസാന ആഗ്രഹം താഴെ കൊടുക്കുന്നു. "എന്റെ ശവമടക്കത്തിനുള്ള വസ്ത്രം ഇതാകുന്നു."

## കബറടക്കം

ഭൗതിക ശരീരവും വഹിച്ചുകൊണ്ടുള്ള വൻജനാവലിയുടെ വിലാപയാത്ര കുരിശ്, കൊടികൾ, കുടകൾ, ബാൻഡ് എന്നിവയുടെ അകമ്പടിയോടെ ഓമല്ലൂർ സെന്റ് തോമസ് ഓർത്തഡോക്സ് വിലയപള്ളിയിലേക്ക് നീങ്ങി. അക്കാലങ്ങളിലെ ഏറ്റവും വിപുലമായ വിലാപയാത്രയായിരുന്നു അത്. ദേവാലയത്തിൽ അന്നത്തെ തുമ്പമൺ ഭദ്രാസന മെത്രാപ്പോലീത്ത ഔഗേൻ മാർ തീമൊത്തിയോസ് തിരുമേനിയുടെ (പിന്നീട് കാതോലിക്കാ ബാവ) അർത്ഥഗംഭീരമായ ചരമപ്രസംഗത്തെ തുടർന്ന് വന്ദ്യ ദാനിയേൽ റമ്പാന്റെയും (പിന്നീട് ദാനിയേൽ മാർ പീലക്സിനോസ്) നിരവധി പട്ടക്കാരുടെയും സാന്നിദ്ധ്യത്തിൽ പള്ളിസെമിത്തേരിയിൽ കബറടക്കി. പരേതന്റെ 41–ാം അടിയന്തിരം അന്നത്തെ രീതിയിൽ യോഗ്യമായി നാട്ടുകാരും ബന്ധപ്പെട്ടവരും ഉൾപ്പെട്ട വലിയ ജനാവലി പങ്കെടുത്ത് നടത്തുകയുണ്ടായി.

14–01–2002–ൽ ശ്രീ. ഇ. ഐ. ചെറിയാന്റെ ചരമ വാർഷികത്തിന്റെ കനകജൂബിലി കൊണ്ടാടി. മഹാനായ മുൻ എം. എൽ. സി. ശ്രീ. ഇ. ഐ. ചെറിയാൻ അവർകളുടെ പാവന സ്മരണയ്ക്ക് മുമ്പിൽ പൊതുസമൂഹവും, മക്കളും, കൊച്ചുമക്കളും, വലിയകൊച്ചുമക്കളും, കുടുംബാംഗങ്ങളും, ബന്ധുമിത്രാദികളും ഏവരും സാഷ്ടാംഗപ്രണാമം ചെയ്തുകൊണ്ട് ആദരാഞ്ജലികൾ അർപ്പിച്ചു.

# ഉപസംഹാരം

ആയിരത്തി എണ്ണൂറ്റി എഴുപത്തിനാലു സെപ്റ്റംബർ ഇരുപത്തിയേഴിനു ജനിച്ച ഇ. ഐ. ചെറിയാൻ സാർ ആയിരത്തിത്തൊള്ളായിരത്തി അമ്പത്തിരണ്ട് ജനുവരി പതിനാലിനാണ് ദിവംഗതനായത്. ഇടയിൽ വാദ്ധ്യാരുടെ ധന്യജീവിതം ഈ ദേശചരിത്രത്തിന്റെ ഭാഗമാണ്. അനേകം പ്രസ്ഥാനങ്ങൾക്കും സ്ഥാപനങ്ങൾക്കും തുടക്കം കുറിക്കുകയും നേതൃത്വം നല്കുകയും ചെയ്ത ഇടയിൽ വാദ്ധ്യാർ വാഹന സൗകര്യങ്ങളില്ലാതിരുന്ന കാലത്ത് കാൽനടയായി സഞ്ചരിച്ച് ഇത്രയും കാര്യങ്ങൾ എങ്ങനെ നിർവ്വഹിച്ചുവെന്ന് നാം അത്ഭുതപ്പെട്ടുപോകും. വിജ്ഞാനവിഹീനരായ എത്രയോ ആയിരങ്ങൾക്കാണ് അദ്ദേഹം അറിവിന്റെ വെളിച്ചം പകർന്നുകൊടുത്തത്. പത്തനംതിട്ടയുടെ പരിസരപ്രദേശങ്ങളിൽ പതിനഞ്ചിൽപരം വിദ്യാലയങ്ങൾ സ്ഥാപിച്ച് സമൂഹത്തെ സാംസ്കാരികോന്നതിയിലേക്ക് നയിച്ച അദ്ദേഹത്തിന്റെ സ്മരണ പുത്തൻ തലമുറയ്ക്ക് അനുഗ്രഹപ്രദമാണ്. ഈ പ്രദേശത്തെ വൈജ്ഞാനികമണ്ഡലത്തിൽ ആദ്യമായി പ്രത്യക്ഷപ്പെട്ട രജതതാരം ഈ മഹാത്മാവിന്റെ അന്തഃചക്ഷുസ്സുകളിൽ വിടർന്ന ആശയത്തിന്റെ ഉദയമായിരുന്നുവെന്ന സത്യം മറക്കാവതല്ല.

# നന്ദിപൂർവ്വം

1) അഭിവന്ദ്യരായ തിരുവിതാംകൂർ മഹാരാജാക്കന്മാർ

2) ഓമല്ലൂർ കോയിക്കൽ രാജകുടുംബം

3) ചെറിയാൻ സാറുമായി നിർലോപം ആത്മാർത്ഥമായി സഹകരിച്ചുപ്രവർത്തിച്ച നാനാജാതി മതസ്ഥരായ നല്ലവരായ ഓമല്ലൂർ ദേശനിവാസികൾ

4) പരിശുദ്ധ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവ

5) അഭിവന്ദ്യ യൂലിയോസ് തിരുമേനി (അന്ത്യോഖ്യൻ പ്രതിനിധി)

6) പരിശുദ്ധ ഔഗേൻ കാതോലിക്കാബാവ

7) സരസകവി മൂലൂർ പത്മനാഭപണിക്കർ

8) അഡ്വക്കേറ്റ് ഓമല്ലൂർ ശങ്കരൻ (ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, പത്തനംതിട്ട)

# REFERENCE


1) മലങ്കര സഭാപിതാക്കന്മാർ Vol - I :

By - ഡോ. സാമുവേൽ ചന്ദനപ്പള്ളി.

2) വൈദികരുടെ വൈദികൻ

By- Dr. Fr. V.C.S Ecumenical Forum.

3) ചരമവാർഷിക കനകജൂബിലി സ്മരണിക -

ഇടയിൽ വാദ്ധ്യാർ

4) Truth Triumphs

By - Fr. V. C. Samuel.

5) ഓമല്ലൂർ ദേശം

By - പ്രൊഫ. തോമസ് വിളവിനാൽ.

6) ഓമല്ലൂർ പഞ്ചായത്ത് വികസന രേഖ 1996, പേജ് 63

7) തെക്കേമൂത്തേതിൽ സ്ക്കറിയ കത്തനാർ സ്മരണിക.

8) പത്തനംതിട്ട ഉപജില്ലാ സ്മരണിക.

9) തിരുവിതാംകൂറിന്റെ മഹോപാദ്ധ്യായൻ.

By - Peter C. Abraham (CSS Books TVLA)

10) മലങ്കര സഭാദീപം (Sept. 16- 2000)

# ഇ. ഐ. ചെറിയാൻ സപ്തതി സ്മാരക ക്ഷണകത്ത്

## ഗുരുചരണം നമഃ



## ഇ.ഐ. ചെറിയാൻ സാർ MLC
(ഇടയിൽ വാദ്ധ്യാർ)
1874 - 1952

അറിവിന്റെ നാരായമുനകൊണ്ട് ഗ്രാമാന്തരങ്ങളുടെ
എഴുത്തോലകങ്ങളിൽ അക്ഷര പ്രകാശം നിറച്ച
**'ഇടയിൽ വാദ്ധ്യാർ'** എന്ന മഹാഗുരുവിന്
70-ാം സ്മരണ വർഷത്തിൽ നാടിന്റെ പ്രണാമം.

**2022 ജനുവരി 15 ശനി**
**ഓമല്ലൂർ സെന്റ് തോമസ് ഓഡിറ്റോറിയം**

പ്രിയപ്പെട്ടവരെ,

ശ്രീമൂലം പ്രജാസഭയിൽ M.L.C യും നിരവധി വിദ്യാലയങ്ങളുടെ സ്ഥാപകനുമായ **'ഇടയിൽ വാദ്ധ്യാർ'** എന്നറിയപ്പെടുന്ന **ഇ.ഐ. ചെറിയാൻ M.L.C** യുടെ 70-ാം ചരമവാർഷികം 15.01.2022 ശനിയാഴ്ച നടത്തപ്പെടുകയാണ്. അന്നേദിവസം രാവിലെ 7 മണിക്ക് ഓമല്ലൂർ സെന്റ് തോമസ് ഓർത്തഡോക്സ് വലിയപള്ളിയിൽ വച്ച് കൊച്ചി ഭദ്രാസനാധിപൻ **അഭി. ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത**ായുടെ മുഖ്യ കാർമ്മികത്വത്തിൽ വിശുദ്ധ കുർബ്ബാന. തുടർന്ന് പൊതു സമ്മേളനം. പത്തനംതിട്ട ജില്ലാപഞ്ചായത്ത് പ്രസിഡന്റ് **അഡ്വ. ഓമല്ലൂർ ശങ്കരൻ** ഉദ്ഘാടനം ചെയ്യുന്നതും **മുൻ ഡി.ജി.പി. ഡോ. അലക്സാണ്ടർ ജേക്കബ് IPS** മുഖ്യപ്രഭാഷണം നടത്തുന്നതുമാണ്. **അഭി. യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്താ** ഇടയിൽ വാദ്ധ്യാർ ജീവചരിത്ര പുസ്തകം **'തിരുവിതാംകൂറിന്റെ മഹോപാദ്ധ്യായൻ'** പ്രകാശനം ചെയ്യും. ഈ ചടങ്ങിൽ സാമൂഹ്യ, സാമുദായിക, സാംസ്കാരിക, രാഷ്ട്രീയ രംഗത്തെ പ്രമുഖർ ആശംസകൾ അർപ്പിക്കുന്നതുമാണ്. രാവിലെ 7 മണിക്ക് നടത്തപ്പെടുന്ന വിശുദ്ധ കുർബാനയിലും തുടർന്ന് നടക്കുന്ന പൊതു സമ്മേളനത്തിലും ഏവരുടേയും മഹനീയ സാന്നിദ്ധ്യം സാദരം ക്ഷണിച്ചുകൊള്ളുന്നു.

എന്ന്,

ഇടയിൽ വാദ്ധ്യാർ സ്മാരക സമിതിക്കുവേണ്ടി,

കൺവീനർ

**ഡോ. സാഗർ ചെറിയാൻ**

**ഇടയിൽ**

# കാര്യപരിപാടി

| | | |
|---|---|---|
| 7 am | : | **വിശുദ്ധ കുർബാന**<br>(ഓമല്ലൂർ സെന്റ് തോമസ് ഓർത്തഡോക്സ് വലിയപള്ളി) |
| 9.30 am | : | **പൊതുസമ്മേളനം**<br>(ഓമല്ലൂർ സെന്റ് തോമസ് ഓഡിറ്റോറിയം, വലിയപള്ളി ഓമല്ലൂർ) |
| ഈശ്വരപ്രാർത്ഥന | : | |
| സ്വാഗതം | : | ശ്രീ. പ്രമോദ് മാത്യു ഇടയിൽ |
| ഇടയിൽ വാദ്ധ്യാർ ജീവചരിത്ര വിവരണം | : | ഡീക്കൻ ഡോ. പോൾ സാമുവേൽ MBBS, M.S. |
| അദ്ധ്യക്ഷൻ | : | അഭി. ഡോ. യാക്കോബ് മാർ ഐറേനിയോസ്<br>(കൊച്ചി ഭദ്രാസനാധിപൻ) |
| ഉദ്ഘാടനം | : | **അഡ്വ. ഓമല്ലൂർ ശങ്കരൻ**<br>(ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്) |
| മുഖ്യപ്രഭാഷണം | : | **ഡോ. അലക്സാണ്ടർ ജേക്കബ് IPS**<br>(മുൻ DGP) |
| പുസ്തകപ്രകാശനം | : | **അഭി. യൂഹാനോൻ മാർ ക്രിസോസ്റ്റം** (പത്തനംതിട്ട രൂപത)<br>പീറ്റർ സി. എബ്രഹാം രചിച്ച<br>'തിരുവിതാംകൂറിന്റെ മഹോപാദ്ധ്യായൻ' എന്ന ജീവചരിത്രം |
| സ്മാരക പ്രഭാഷണം | : | **ഡോ. സിറിയക് തോമസ്**<br>(മുൻ വൈസ് ചാൻസ്‌ലർ) |
| ആശംസകൾ | : | റവ. ഫാ. പി.ജെ. ജോസഫ്<br>(വികാരി, സെന്റ് തോമസ് ഓർത്തഡോക്സ് വലിയപള്ളി, ഓമല്ലൂർ) |
| | : | റവ. ഫാ. സാജൻ താഴേതിൽ<br>(യാക്കോബായ വൈദിക ഭദ്രാസനം സെക്രട്ടറി) |
| | : | അഡ്വ. ജോൺസൺ വിളവിനാൽ<br>(പ്രസിഡന്റ്, ഓമല്ലൂർ ഗ്രാമപഞ്ചായത്ത്) |
| | : | ശ്രീ. ജോർജ്ജ് തോമസ്<br>(പ്രസിഡന്റ് ചെന്നീർക്കര ഗ്രാമപഞ്ചായത്ത്) |
| | : | പ്രൊഫ. ഡി. പ്രസാദ്<br>(മുലൂർ സ്മാരക സമിതി സെക്രട്ടറി) |
| | : | ശ്രീ. രാജു സഖറിയ തെക്കേമൂത്തേരിൽ |
| | : | ശ്രീ. സജയൻ ഓമല്ലൂർ<br>(അദ്ധ്യാപകൻ, സാംസ്കാരിക പ്രവർത്തകൻ) |
| | : | ശ്രീ. രവീന്ദ്രവർമ്മ അംബാനിലയം (ജന്മഭൂമി) |
| | : | പ്രൊഫ. ജോർജ്ജ് തോമസ് ഇടയിൽ |
| | : | ശ്രീ. സുബിൻ തോമസ് കിഴക്കേതിൽ |
| കൃതജ്ഞത | : | വെരി റവ ഡോ. മദർ ഹൃദ്യ<br>(ബഥനി മഠം സുപ്പീരിയർ, പത്തനംതിട്ട) |

**ലഘുചരിത്രം:** 1874 സെപ്റ്റംബർ മാസം 27-ാം തീയതി ഓമല്ലൂർ ഇടയിൽ വീട്ടിൽ ഇട്ടിച്ചെറിയായുടേയും പത്തനംതിട്ട നന്നുവക്കാട് ചക്കാലയിൽ മറിയാമ്മയുടേയും മക്കളിൽ ഏഴാമനായി ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം പോലും നേടാൻ സാഹചര്യമില്ലാതിരുന്ന ആ കാലഘട്ടത്തിൽ കിലോമീറ്ററുകളോളം സഞ്ചരിച്ച് കുഴിക്കാലയിൽ ആംഗ്ലിക്കൻ മിഷനറിമാർ സ്ഥാപിച്ച സ്കൂളിൽ വിദ്യാഭ്യാസം നേടി. തുടർന്ന് മലയാളം, ഇംഗ്ലീഷ്, തമിഴ്, സംസ്കൃതം, സുറിയാനി ഭാഷകളിൽ പാണ്ഡിത്യം നേടുകയും സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ സജീവമാകുകയും ചെയ്തു. ആ കാലത്ത് സ്വന്തം അനുഭവത്തിൽക്കൂടി വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെ മനസ്സിലാക്കി പത്തനംതിട്ടയുടെ വിവിധ പ്രദേശങ്ങളിൽ (ചീക്കനാൽ, പുത്തൻപീടിക, പന്ന്യാലി, വാഴമുട്ടം, മൈലപ്ര, വൈക്കം, നന്നുവക്കാട്, മണ്ണാറക്കുളഞ്ഞി തുടങ്ങി) പതിനഞ്ച് വിദ്യാലയങ്ങൾ സ്ഥാപിച്ചു. സരസകവി മൂലൂർ എസ്. പത്മനാഭപണിക്കർ ഭരമേൽപ്പിച്ച മറ്റ് 9 സ്കൂളുകളും ഏറ്റെടുത്തു നടത്തുകയുണ്ടായി. സാമൂഹിക മേഖലയിൽ സുരക്ഷിതത്വം ഉറപ്പാക്കിക്കൊണ്ട് ബാങ്കിംഗ് മേഖലയ്ക്കും ഗ്രാമോദ്ധാരണ സംഘത്തിന്റേയും പ്രവർത്തനങ്ങൾക്കും ചുക്കാൻ പിടിച്ചു. ഓമല്ലൂരിൽ YMCA യുടെ പ്രവർത്തനം തുടങ്ങുകയും യുവജനങ്ങളുടെ ക്ഷേമത്തിനുവേണ്ടി പ്രത്യേകം സമിതിയും വയോജനങ്ങൾക്കുവേണ്ടി പ്രത്യേക സംഘവും രൂപീകരിച്ചു. മഞ്ഞിനിക്കരയിൽ സുറിയാനി പഠനകേന്ദ്രം ആരംഭിക്കുന്നതിനും ഒരു മഹാ തീർത്ഥാടനകേന്ദ്രമാക്കി മാറ്റുന്നതിനും നേതൃത്വം നൽകി മുൻനിരയിൽത്തന്നെ ഉണ്ടായിരുന്നു. സാമൂഹിക, സാംസ്കാരിക, സാമുദായിക രംഗത്തെ പ്രാഗത്ഭ്യങ്ങളെ മുൻനിർത്തി ശ്രീമൂലം പ്രജാ അസംബ്ലിയിൽ M.L.C. ആയി മഹാരാജാവ് നേരിട്ട് നിയമിച്ചത് അദ്ദേഹത്തിന്റെ ആ കാലയളവിലെ പ്രവർത്തനങ്ങളുടെ അംഗീകാരമാണ്. അദ്ദേഹത്തിന്റെ സഹധർമ്മിണി ഓമല്ലൂർ, പുത്തൻപീടിക, കിഴക്കേതിൽ ജോസഫിന്റേയും ഏലിയാമ്മയുടേയും മകളായ അന്നമ്മയാണ്. **ഇടയിൽ വാദ്ധ്യാർ** എന്ന **ഇ.ഐ. ചെറിയാൻ** M.L.C. 1952 ജനുവരി മാസം 14-ാം തീയതി ഈ ലോകത്തോട് വിടപറഞ്ഞു.

ഇന്നലെകളിലെ ഇരുളാർന്ന അവികസിത കുഗ്രാമ വീഥികളിലൂടെ ദേശോദ്ഗ്രഥനത്തിന്റെ വഴിവിളക്കായി തലമുറകൾക്ക് വെട്ടം പകർന്ന് നാട്ടുണർവിന്റെ തുയിലുണർത്തായി ശോഭിച്ച ഇടയിൽ വാദ്ധ്യാർ എന്ന ഇ.ഐ. ചെറിയാൻ സാറിന് ജന്മനാടായ ഓമല്ലൂർ ദേശം 70-ാം ചരമവാർഷികവേളയിൽ ശ്രദ്ധാഞ്ജലി അർപ്പിക്കുന്നു.